# "ഗുരുനാഥൻ" അനുബന്ധം



സി. വി. ചന്ദ്രശേഖരൻ എം. ഏ. (ആക്സൺ)

തിരുവിതാംകൂറിലെ ആക്റ്റിംഗ് വിദ്യാഭ്യാസ

മേലദ്ധ്യക്ഷൻ.

UNIVERSITY LIBRA
26 OCT. 1935
MADRAS

UNIVERSITY LIBRARY 28 OCT 1935 MADRAS

# ഗുരുനാഥൻ

| പുസ്തകം 14 | 1110 കർക്കടകം | ലക്കം 12 |
|---|---|---|

## സോവിയററ് റഷ്യ

(ഒരു ക്ഷണികവീക്ഷണം)

യുദ്ധത്തിനുമുമ്പു റഷ്യ സന്ദർശിച്ചിട്ടുള്ള ഒരാൾക്കു് അവിടെ ഇന്നു കാണുന്ന കാഴ്ച വളരെ അത്ഭുതാവഹമായിരിക്കും. പണ്ടത്തെ സെൻറ് പീറേറഴ്സ്ബർഗ്ഗും ഇന്നത്തെ ലെനിൻഗ്രാഡും തമ്മിൽ അജഗജാന്തരം ഉണ്ടു്. എന്നാൽ സ്റ്റാക്ക്ഹാം, കോപ്പൻഹേഗൻ ഈ നഗരങ്ങളിലെ സ്ഥിതി അന്നും ഇന്നും ഒരുപോലെതന്നെയാണു്. യുദ്ധത്തിനുമുമ്പു ലെനിൻഗ്രാഡിൽ രണ്ടുതരം ജനങ്ങൾ ഉണ്ടായിരുന്നു. കൊട്ടാരങ്ങളിലും സൗധങ്ങളിലും വസിക്കുന്ന ലക്ഷപ്രഭുക്കളും ചെററപ്പുരകളിൽ പാക്കുന്ന നിർധനന്മാരും ആയിരുന്നു അവർ. അന്നത്തെ കൂലിവേലക്കാർ അർദ്ധനഗ്നന്മാരും അർദ്ധാശനന്മാരും ആയിരുന്നു. അവരെക്കണ്ടാൽ കേവലം അടിമകളാണോ എന്നു തോന്നിപ്പോകും. അവരുടെ സ്ഥിതി വാസ്തവത്തിൽ അടിമകളുടേതായിരുന്നു. തെരുവീഥികൾ യാചകന്മാരെക്കൊണ്ടു നിബിഡങ്ങളായിരുന്നു. ഇന്നാകട്ടെ ഒരൊററ പിച്ചക്കാരൻ പോലും അവിടെയില്ല.

ഇന്നത്തെ സന്ദർശകൻ റഷ്യയിൽ കാണുന്നതു തെരുവീഥികളുടെ അനന്യസാധാരണമായ ശുചിത്വമാണു്. റഷ്യയിലെ ജനസാമാന്യത്തിനു് ആഴ്ചയിലെ എല്ലാ ആറാമത്തെ ദിവസവും പൊതുവായ ഒരു വിശ്രമദിനമാണു്. എന്നാൽ ലണ്ടനെപ്പോലെയുള്ള ഒരു നഗരത്തിൽ ഇപ്രകാരമുള്ള ഒരു ഒഴിവുദിവസം കാണുന്ന കാഴ്ചയും ഇവിടെ കാണുന്ന കാഴ്ചയും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. അവിടെയുള്ള ജനങ്ങൾ ഉദ്യാനങ്ങളിലും വിനോദസ്ഥലങ്ങളിലും അന്നേദിവസം കൂട്ടംകൂട്ടുന്നു. ആ ദിവസം വൈകുന്നേരവും പിറേറ ദിവസം രാവിലേയും അവിടെ കാണുന്ന കാഴ്ച അക്ഷിശൂലമാണു്. കടലാസുകഷണം, പഴത്തൊലി, ചുരുട്ടുകുററി,

തകരക്കഷണം, കല്പിച്ചില്ല മുതലായ ചപ്പും ചവറുംകൊണ്ട് അവിടം നിറഞ്ഞിരിക്കും. റഷ്യയിലെ തെരുവീഥികളിൽക്കൂടി സഞ്ചരിക്കുന്നതായാൽ തെരുവുകളിൽ അടുത്തടുത്തു ചവറുപെട്ടികൾ വച്ചിരിക്കുന്നതായി കാണാം. അവിടെ സകലവിധമായ അവശിഷ്ടങ്ങളും ഈ പെട്ടിക്കകത്താണ് എല്ലാവരും നിക്ഷേപിക്കുന്നതു്. ഇതിനു വിപരീതമായി പ്രവൎത്തിക്കുന്നവർ ഒരു റൂബിൾവീതം പിഴ കൊടുക്കേണ്ടിവരും. എന്നാൽ ഓരോരുത്തൎക്കും അവരവരുടെ കൃത്യബോധം ഉള്ളതുകൊണ്ട് അധികാരികളുടെ ആജ്ഞയെ ലംഘിക്കുന്നതായി ഒരുത്തനേയും കാണുകയില്ല. തന്നിമിത്തം തെരുവുകൾ വളരെ ശുചിയായിരിക്കുന്നു. മററു നഗരങ്ങളിലേയും സ്ഥിതി ഇതായിരുന്നുവെങ്കിൽ ആണ്ടുതോറും നഗരശുചീകരണത്തിനു ചെലവാക്കുന്ന വൻതുകകൾ ലാഭമാക്കാമായിരുന്നു.

ലെനിൻഗ്രാഡിലും പരിസരങ്ങളിലും പല പഴയ രാജധാനികളും ഉണ്ട്. ഇവിടെ ഒരു കൊട്ടാരത്തിലാണു സാർ നിക്കളാസ് വസിച്ചിരുന്നതു്. അന്ന് അവിടെ ആൎക്കും പ്രവേശനമുണ്ടായിരുന്നില്ല. അതു് ഇന്നും അന്നത്തെ സ്ഥിതിയിൽതന്നെ സംരക്ഷിക്കപ്പെട്ടുപോരുന്നു. ചക്രവൎത്തിയുടെ മുറികളും അദ്ദേഹത്തിൻെറ സ്വന്തം സാമാനങ്ങളും അദ്ദേഹത്തെ ബന്ധിച്ചുകൊണ്ടു പോയപ്പോൾ ഇരുന്ന സ്ഥിതിയിൽതന്നെ ഇന്നും ഇരിക്കുന്നു. ആവശ്യമില്ലാതിരുന്ന പല സാമാനങ്ങളും ഇവിടെനിന്നും മാററി അന്യസ്ഥലങ്ങളിൽ കൊണ്ടുപോയി വിൽക്കപ്പെട്ടുവരുന്നു. ഈ രാജകീയസാമാനങ്ങളെല്ലാം കലാകുതുകികൾക്കു ലഭ്യമാകത്തക്ക വിധത്തിൽ വളരെ നിസ്സാരവിലയ്ക്കാണു വിൽക്കപ്പെടുന്നതു്.

ലെനിൻഗ്രാഡിലുള്ള വിൻറർപാലസ്സിലും ഹെർമിറേറജിലും (ആശ്രമത്തിലും) ലോകത്തിലുള്ളവയിൽവച്ച് ഏററവും നല്ലതായ ചിത്രങ്ങളുടെ ഒരു സഞ്ചയമുണ്ട്. റൂബെൻസ്, റെംബ്രാൻസ്, ടിഷ്യൻ, വാൻഡൈക്കു മുതലായ സുപ്രസിദ്ധചിത്രകാരന്മാരുടെ ആലേഖ്യങ്ങളും ആ കൂട്ടത്തിലുണ്ട്. ഈ ചിത്രശാലകളിലെല്ലാം പൊതുജനങ്ങൾക്കു പ്രവേശനമുണ്ട്. സാധാരണയായി ഇവിടെയെല്ലാം ജനങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിച്ചു അനതിശയനീയങ്ങളായ കലാസൃഷ്ടികളെ കണ്ട് ആനന്ദിച്ചുവരുന്നു. ലെനിൻഗ്രാഡിൽനിന്നും അല്പം ദൂരത്തായി പീററർഹോഫ് എന്ന സ്ഥലത്തു് ചക്രവൎത്തിമാരുടെ വേനൽക്കാലവസതിയായ കൊട്ടാരം സ്ഥിതിചെയ്യുന്നു. അതു് ഇന്നും യുദ്ധത്തിനു മുമ്പുണ്ടായിരുന്ന സ്ഥിതിയിൽ തന്നെയാണു കാണപ്പെടുന്നതു്. അതിൻെറ ചുററുമുണ്ടായിരുന്ന അതിവിശേഷമായ കൃത്രിമപ്രസ്രവണങ്ങളും അന്നത്തെ സ്ഥിതിയിൽ തന്നെ ഇന്നും സ്ഥിതിചെയ്യുന്നു. അവയെല്ലാം വളരെ ശുചിയായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു ശകലം

പൊടിപോലും അവിടെ കാണുകയില്ല. ഇവിടത്തെ ഖജനാവിൽ വിശേഷപ്പെട്ട അനേകം സ്വർണ്ണാഭരണങ്ങളും രത്നാഭരണങ്ങളും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ പലതും മഹാനായ പീററർ ചക്രവത്തിയുടെ കാലത്തും അതിനുമുമ്പും ഉള്ളവയാണ്.

യുദ്ധത്തിനുമുമ്പു സെൻറ് ഐസേക്ക്പള്ളി വളരെ ഭംഗിയും പ്രാഭവവും ഉള്ളതായിരുന്നു. അവിടത്തെ അലങ്കാരങ്ങളും, ചിത്രങ്ങളും രത്നഖചിതങ്ങളായ പ്രതിമകളും നിസ്തുല്യങ്ങളായിരുന്നു. ഇന്ന് ഈ പള്ളി ആരാധനസ്ഥലമായി ഉപയോഗപ്പെട്ടുത്തിവരുന്നില്ല. അതിലുണ്ടായിരുന്ന പ്രതിമകളെല്ലാം വില്പനയ്ക്കായി കൊണ്ടുപോയിരിക്കുന്നു. ഇന്ന് ആ കെട്ടിടം ഒരു കാഴ്ചബംഗ്ലാവായി ഉപയോഗപ്പെട്ടുത്തിവരുന്നു. പഴയ അലങ്കാരങ്ങളും ചിത്രങ്ങളും കാഴ്ചയ്ക്കായി ഇന്നും അവിടെ വച്ചിട്ടുണ്ട്. എന്നാൽ നിരീശ്വരത്വം പ്രചരിപ്പിക്കുന്ന പരസ്യങ്ങളുടെ മാതൃകകൾ ഇന്നും അവിടെ സൂക്ഷിച്ചിട്ടുണ്ട്. മററെങ്ങും കാണ്മാനില്ലാത്തതുകൊണ്ട് ഇവയെ ഇവിടെ സൂക്ഷിച്ചിരിക്കുന്നതു് പക്ഷേ ചരിത്രസ്മരണകളായതുകൊണ്ടായിരിക്കാം. എന്നാൽ ഇപ്പോഴും ക്രൈസ്തവർക്ക് ആരാധനയ്ക്കു സൌകര്യങ്ങൾ ഉള്ള പള്ളികൾ റഷ്യയിൽ ഉണ്ട്. ഇതിനും പുറമെ ജൂതപ്പള്ളികളും, മഹമ്മദീയപ്പള്ളികളും, ബൗദ്ധവിഹാരങ്ങളും അവിടെ കാണാം.

എല്ലാ ഒഴിഞ്ഞ സ്ഥലങ്ങളും ജനങ്ങൾക്ക് ഉപയോഗിക്കത്തക്കവിധത്തിൽ ഉദ്യാനങ്ങളായിട്ടൊ വിശ്രമസ്ഥലങ്ങളായിട്ടൊ മാററിയിരിക്കുന്നു. വേലക്കാർക്കു മാടങ്ങളും കുടികളും ഉണ്ടാക്കുന്ന ജോലി നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. കുടിലുകളിൽ പലതിലും ആധുനികങ്ങളായ സകല സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. അവയെല്ലാം ഉറപ്പായും ഭംഗിയായും പണിതിട്ടുള്ളവയാണ്. കുട്ടികൾക്കായി കളിസ്ഥലങ്ങളും തോട്ടങ്ങളും ഇവയ്ക്കെല്ലാത്തിനുമുണ്ട്. ശിശുസംരക്ഷണം പ്രത്യേകം ഗൗനിക്കത്തക്കതാണ്. എല്ലാവരും സ്ത്രീപുരുഷഭേദമെന്യെ ജോലിക്കു പോകുന്നു. വേലയ്ക്കു പോകുമ്പോൾ മാതാക്കൾ കുഞ്ഞുങ്ങളെ ശിശുസംരക്ഷണശാലകളിൽ ഏല്പിച്ചുംവച്ചാണ് പോകുന്നതു്. അവിടെ അവക്കു വേണ്ട കളിസ്സാമാനങ്ങളും, കളിസ്ഥലങ്ങളും, കിടക്കകളും ശുശ്രൂഷിക്കുന്നതിനായി ഏതുസമയവും ഡാക്ടർമാരും നഴ്സുകളും തയ്യാറുണ്ട്. കുട്ടികൾക്ക്, ഇവിടെ ശരിയായ ഭക്ഷണവും പരിചരണവും ലഭിക്കുന്നു. അമ്മമാർ വേലകഴിഞ്ഞു തിരികെ വരുന്ന സമയം അവിടെ കയറി കുട്ടികളേയും വാങ്ങി വീട്ടിലേക്കു പോകുന്നു. റയിൽവേസ്റ്റേഷനിലും ഇപ്രകാരമുള്ള ശിശുരക്ഷണശാലകൾ ഉണ്ട്. വണ്ടി വരുവാൻ കാത്തിരിക്കുമ്പോൾ ക്ഷീണിച്ച മാതാക്കൾക്കു തങ്ങളുടെ ശിശു

ക്കളെ ഇവിടെ ഏല്പിക്കാവുന്നതാണ്. ഈ ശിശുരക്ഷണശാലകളിൽ കുട്ടികളെ സ്വീകരിക്കുന്നതിനു മുമ്പായി ഓരോ കുട്ടിയേയും വൈദ്യന്മാർ പരിശോധിക്കുന്നു. കുട്ടികൾക്കുള്ള എന്തെങ്കിലും സുഖക്കേടു് അന്യശിശുക്കൾക്കു പകരാതിരിക്കുവാൻ വേണ്ടിയാണ് ഈ ഏർപ്പാട്.

പ്രഭുക്കന്മാരുടെ വെണ്മേടകളിൽ അധികവും ജോലിക്കാൎക്കു വിശ്രമസ്ഥലങ്ങളായി മാററപ്പെട്ടിരിക്കുന്നു. അവിടെയുണ്ടായിരുന്ന മേക്കട്ടികളും പ്രതിമകളും മാർബിൾക്കല്ലുകൊണ്ടു പടുത്ത കോവണിപ്പടികളും എല്ലാം പഴയ നിലയിൽതന്നെ ഇന്നും നിൽക്കുന്നു. ജോലിസ്ഥലങ്ങളിൽനിന്ന് അവധിയെടുത്തുപോകുന്ന കൂലിക്കാർ പതിവായി ഇവിടെ താമസിച്ചുവരുന്നു.

റഷ്യയിൽ കൂലിനിരക്കു പലവിധത്തിലാണ്. ചിലർ പ്രതിമാസം 200-ം മററുചിലർ പ്രതിമാസം 3000-വും റൂബിൾ ശമ്പളം വാങ്ങിച്ചു എന്നു വരാം. വീട്ടുകൾക്കും മററുമുള്ള വാടക വീടിന്റെ സ്ഥിതി അനുസരിച്ചല്ല, അതിൽ താമസിക്കുന്ന ആൾ വാങ്ങുന്ന വേതനത്തെ അനുസരിച്ചാണു നിശ്ചയിക്കപ്പെടുന്നതു്. അതുകൊണ്ടു് അടുത്തടുത്തുതന്നെ ഒരുപോലെ സൗകൎയ്യമുള്ള രണ്ടു വീടുകളിൽ താമസിക്കുന്നവരിൽ ഒരുത്തൻ തന്റെ വാടകയായി 30-ം മറേറയാൾ 300-ം റൂബിൾ കൊടുത്തു എന്നു വരാം.

റഷ്യയിൽ ജനങ്ങൾക്കു വസ്തു ഉടമസ്ഥതയില്ലെങ്കിലും അവരുടെ സാമാനങ്ങൾക്കു പൂൎണ്ണാവകാശമുണ്ടു്. അവിടെ അനേകം കലാകേന്ദ്രങ്ങളും അവയോടനുബന്ധിച്ചു അനേകം ഗ്രന്ഥശാലകളും കാണാം. ആളുകൾ ധാരാളമായി ഇവയെല്ലാം ഉപയോഗിക്കുന്നുമുണ്ടു്.

ആപന്നസത്വകളായ മാതാക്കൾക്കു സകലവിധ ശുശ്രൂഷകളും വൈദ്യോപദേശങ്ങളും സൗജന്യമായി ലഭിക്കുന്നു. അവൎക്കു പ്രസവത്തിനു് ഒരുമാസത്തിനുമുമ്പു സൂതികാലയത്തിൽ പ്രവേശിക്കാവുന്നതും പ്രസവം കഴിഞ്ഞു് ഒരുമാസംവരെ അവിടെ താമസിക്കാവുന്നതുമാണ്. ഇപ്രകാരം ചെയ്വാൻ അവരെ ഉദ്ബോധിപ്പിക്കമാത്രം ചെയ്യുന്നതല്ലാതെ ആരേയും അപ്രകാരം ചെയ്വാൻ നിർബന്ധിക്കുന്നില്ല. ജോലിചെയ്യുന്ന എല്ലാ മാതാക്കൾക്കും പ്രസവത്തിനു മുമ്പും പിമ്പുമുള്ള ഓരോ മാസത്തേയ്ക്കു മുഴുവൻ ശമ്പളവും ലഭിക്കുന്നുണ്ടു്. അവരുടെ ദേഹസ്ഥിതി തൃപ്തികരമല്ലെന്നു കണ്ടാൽ കൂടുതൽകാലവും ഈ വേതനം ലഭിക്കുന്നതാണ്. വൈദ്യസഹായം എല്ലായ്പോഴും സൗജന്യമാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ.

യുദ്ധത്തിനുമുമ്പുള്ള സ്ഥിതിയല്ല ഇപ്പോൾ ജനങ്ങൾക്കുള്ളതു്. അവൎക്കു് നിശ്ചയമായിട്ടും വസ്ത്രഭക്ഷണാദികൾ ഇന്നു സുഭിക്ഷമാണ്. റഷ്യാ

ക്കാർ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന പരീക്ഷണം വളരെ വിഷമമേറിയതാണെങ്കിലും തങ്ങളുടെ ആദർശപ്രാപ്തിയോടു് അവർ അടുത്തടുത്തു് വരുന്നതായി കാണുന്നു. റഷ്യയിൽ സമഷ്ടിവാദികൾ താരതമ്യേന ചുരുക്കമാണെങ്കിലും അവിടത്തെ ഗവൎമ്മേണ്ടു സമഷ്ടിവാദപരമായിട്ടുള്ളതാണു്. ജനസംഖ്യയിൽ മൂന്നുശതമാനം മാത്രമേ സമഷ്ടിവാദികൾ ഉള്ളു. അവിടത്തെ തൊഴിലാളിസംഘങ്ങളിലെ അംഗങ്ങളിൽ അധികവും സമഷ്ടിവാദികളല്ലാത്തവരാണു്.

റഷ്യയിലെ ഈ പ്രസ്ഥാനം വിജയകരമായിത്തീരുന്ന പക്ഷം അതിനു സർവ്വലോകവ്യാപകമായ ഒരു ശക്തിയുണ്ടാകുന്നതാണു്. റഷ്യയിൽ ആധുനികങ്ങളായ യന്ത്രോപകരണങ്ങളോടുകൂടിയ അസംഖ്യം വ്യവസായശാലകളുണ്ടു്. അവിടെ ഉണ്ടാക്കപ്പെടുന്ന ഒട്ടധികം സാമാനങ്ങൾ വിദേശങ്ങളിലേക്കു കയററുമതിചെയ്യപ്പെടുന്നുമുണ്ടു്.

ഇതു റഷ്യയെക്കുറിച്ചു് ഏററവും സംക്ഷിപ്തമായ ഒരു വിവരണം മാത്രമാണു്. വിസ്തരിച്ചുപറകയാണെങ്കിൽ ഇനിയും ഒട്ടുവളരെയുണ്ടു്. റഷ്യയെ സംബന്ധിക്കുന്ന അനേകം രസാവഹമായ പ്രശ്നങ്ങളും അവയെ അവർ ഏതുവിധം അഭിമുഖീകരിക്കുന്നു എന്നുള്ളതും ഇനിയും ശ്രദ്ധിച്ചു പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

## സുവിശേഷം

(തുടൎച്ച)

ജി. രാമൻമേനോൻ, എം. എ., ബി. എൽ.

4-ാം അദ്ധ്യായം.

യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം ഏൽക്കയും സ്വൎഗ്ഗസ്ഥപിതാവിനാൽ അനുഗ്രഹിക്കപ്പെടുകയും ചെയ്തശേഷം, ഈശ്വരവിരോധിയായ ചെയ്ത്താന്റെ പ്രലോഭനങ്ങളോടു് എതിരിടാനായി ആത്മപ്രേരണനിമിത്തം യേശു വിജനപ്രദേശത്തുചെന്നു. അവിടെ നാല്പതു പകലും രാത്രിയും അദ്ദേഹം ഉപവാസമനുഷ്ഠിച്ചു. അപ്പോൾ അദ്ദേഹത്തിനു വിശപ്പു

ണ്ടായി. ചെയ്ത്താൻ അപ്പോൾ അവിടെ ചെന്നു യേശുവിനോട് ഇങ്ങനെ പറഞ്ഞു:—"അങ്ങ് ഈശ്വരപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാക്കപ്പെടുന്നതിനു കല്പിച്ചാലും." മനുഷ്യൻ ഉപജീവിക്കുന്നതു് അപ്പംകൊണ്ടുമാത്രമല്ല, ഈശ്വരമുഖത്തുനിന്നുള്ള വാക്കുകൊണ്ടാണെന്നു പറഞ്ഞു്, യേശു പ്രലോഭനത്തെ നിരസിച്ചു. പിന്നെ ചെയ്ത്താൻ യേശുവിനെ, യറുശലേംദേവാലയത്തിൻെറ ഒരു സ്തൂപികയുടെ മുകളിൽ കൊണ്ടിരുത്തിക്കൊണ്ടു് "അങ്ങ് ദൈവപുത്രനാണെങ്കിൽ ഇവിടെനിന്നു താഴത്തേക്കു ചാടുക." എന്നു പറഞ്ഞു. പ്രഭുവായ ഈശ്വരനെ പരീക്ഷിക്കരുതെന്നുള്ള വേദവചനപ്രകാരം ഇപ്രകാരം ചെയ്യാൻ പാടില്ലെന്നു പറഞ്ഞു് യേശു, ഇതിനേയും നിരസിച്ചു. പിന്നെ ചെയ്ത്താൻ യേശുവിനെ ഉന്നതമായ ഒരു പർവ്വതത്തിൻെറ മുകളിൽ കൊണ്ടുപോയി, ഭൂലോകത്തിലെ എല്ലാ രാജ്യങ്ങളും അവയിലെ സമ്പത്തുകളും കാണിക്കയും തന്നെ ആരാധിച്ചാൽ, അതൊക്കെ യേശുവിനു കൊടുക്കാമെന്നു പറകയും ചെയ്തു. വേദവചനത്തെ ഉദ്ധരിച്ചു യേശു ഇതിനേയും തിരസ്കരിച്ചു. ചെയ്ത്താൻ പരാജിതനായി മറഞ്ഞു. അപ്പോൾ ദൈവദൂതന്മാർ പ്രത്യക്ഷപ്പെട്ടു് യേശുവിനു വേണ്ട പരിചരണങ്ങൾ നടത്തി. പിന്നീടു യേശു നസ്രേത്തിൽ സ്വഭവനത്തിൽ ചെന്നു താമസിച്ചു. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം, സ്നാപകനായ യോഹന്നാനെ രാജാവു് തടവിലാക്കിയെന്നു യേശു കേട്ടു. അപ്പോൾ യേശു നസറേത്തുവിട്ടു കടൽക്കരയുള്ള കാപ്പർനം എന്ന സ്ഥലത്തുചെന്നു താമസിച്ചു. അവിടേയും, അടുത്ത പ്രദേശങ്ങളിലും അദ്ധ്യാത്മജ്ഞാനം ലഭിച്ചിട്ടില്ലാത്ത ജനങ്ങളാണ് വസിച്ചിരുന്നതു്. ഇവക്കു യേശുവിൽനിന്നു ജ്ഞാനപ്രകാശം ലഭിച്ചു. അന്നുമുതൽ യേശു അദ്ധ്യാത്മപ്രസംഗങ്ങൾ നടത്തിത്തുടങ്ങി. ചെയ്തുപോയ പാപങ്ങളെപ്പററി പശ്ചാത്തപിച്ചു മേലാൽ പാപങ്ങളെ വജ്ജിച്ചു് ഈശ്വരകല്പനപ്രകാരമുള്ള ധർമ്മജീവിതം നയിക്കാനാണ് അദ്ദേഹം ജനങ്ങളോടുപദേശിച്ചതു്. പിന്നെ യേശുനാഥൻ തൻെറ ഉപദേശങ്ങളെ പ്രചരിപ്പിക്കാനായി ശിഷ്യരെ സ്വീകരിക്കയും, ഗാലീലിയാ ദേശംമുഴുവനും സഞ്ചരിച്ചു് ഈശ്വരാരാധനാലയങ്ങളിലും മററും ചെന്നു ജനങ്ങൾക്കു് അദ്ധ്യാത്മോപദേശം നൾകയും ചെയ്തു. മനുഷ്യരുടെ രോഗങ്ങളേയും ബാധോപദ്രവങ്ങളേയും അദ്ദേഹം ദിവ്യശക്തിയാൽ നിശ്ശേഷം ഭേദമാക്കിവന്നു. ഇതുകൊണ്ടൊക്കെ അദ്ദേഹത്തിൻെറ കീർത്തി സിരിയാ മുഴുവൻ വ്യാപിക്കയും, വലിയ ജനക്കൂട്ടം യെറുശലേം, ജൂഡിയാ മുതലായവയുൾപ്പെട്ട പ്രദേശങ്ങളിൽനിന്ന് അദ്ദേഹത്തെ കണ്ടു സമാശ്വാസം ലഭിക്കുന്നതിനായി വന്നുകൊണ്ടിരിക്കയും ചെയ്തു.

## മററു് അദ്ധ്യായങ്ങൾ.

അഞ്ചും ആറും ഏഴും അദ്ധ്യായങ്ങളിൽ ക്രിസ്തുഭഗവാൻെറ ലോകപ്രസിദ്ധവും മഹനീയവും അദ്ധ്യാത്മജ്ഞാനപരമപദത്തിൽനിന്നുൽഗമിച്ചതുമായ പർവ്വതപ്രസംഗം അടങ്ങിയിരിക്കുന്നു. "ആത്മാവിൽ വിനയമുള്ളവർ അനുഗ്രഹീതരാണു്; സ്വർഗ്ഗരാജ്യം അവരുടെ വകയത്രേ," എന്നിങ്ങനെ ഈ പ്രസംഗം തുടങ്ങുന്നു. പാഠപുസ്തകത്തിൽ, ഈ ഭാഗത്തിൻെറ ഭാഷാന്തരം ശരിയായിട്ടില്ലെന്നു തോന്നുന്നു. അതിങ്ങനെയാണു്:—

"ആത്മീയനിർദ്ധനന്മാരെത്രയും ഭാഗ്യവാന്മാർ,
സാമ്രാജ്യം ദിവ്യമവർക്കുള്ളൊരു സ്വത്താണല്ലൊ."

ആത്മീയനിർദ്ധനന്മാർ എന്നതിനു വിനയവാന്മാർ എന്നുള്ള അർത്ഥമല്ല സാധാരണയായിട്ടുള്ളതു്. മൂലത്തിൻെറ അർത്ഥം, ആത്മാവിൽ വിനയം അല്ലെങ്കിൽ താഴ്മ ഉള്ളവർ എന്നാണു്. ക്രിസ്തുവിൽ വിശ്വാസമുള്ളവർ അനുസരിക്കേണ്ട നിയമങ്ങളെക്കുറിച്ചു പർവ്വതപ്രസംഗത്തിൽ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. വിനയവും സദാചാരത്തിൽ തല്പരതയും, എല്ലാവരോടും ദയയും ദുഷ്ടന്മാരുടെ പരിഹാസവും ദ്രോഹവും സഹിക്കേണ്ടിവന്നാലും സദാചാരത്തിൽ നിഷ്ഠയും ഉള്ളവർക്കാണു് ഈശ്വരാനുഗ്രഹവും ദിവ്യജീവിതവും ലഭിക്കുന്നതു്. യഹൂദന്മാരുടെയിടയിൽ അന്നു നടപ്പുണ്ടായിരുന്ന പ്രധാന നിയമങ്ങളേയും (പത്തു് ഈശ്വരകല്പനകൾ) പ്രവാചകോപദേശങ്ങളേയും, ക്രിസ്തു വ്യാഖ്യാനിച്ചു പരിപൂർണ്ണമാക്കുന്നു. കല്പനകളിൽ ഏററവും സാരം കുറഞ്ഞതിനേപ്പോലും ലംഘിച്ചുകൂടെന്നാണു് അദ്ദേഹത്തിൻെറ ശാസനം. സദാചാരനിഷ്ഠ മററുള്ളവരുടെ ബഹുമാനവും വിശ്വാസവും തന്നിമിത്തമുള്ള ലാഭങ്ങളും സമ്പാദിക്കുന്നതിനുമാത്രമുള്ളതായിരുന്നാൽ പോരാ. നന്മയിലും സമസ്തസൃഷ്ടികളിലും യഥാർത്ഥസ്നേഹമുണ്ടായിരിക്കണം. സമസ്തസൃഷ്ടികളോടു ദ്വേഷമുള്ളവർക്കു് ഈശ്വരാനുഗ്രഹവും യഥാർത്ഥഭക്തിയും ലഭിക്കയില്ല. നിങ്ങളോടു ദ്രോഹം ചെയ്യുന്നവരോടു പ്രതികാരം ചെയ്യരുതു്. അവരോടു ദ്വേഷംപോലുമുണ്ടാകരുതു്. അവർക്കുപോലും നന്മ വരാനായി പ്രാർത്ഥിക്കുക. ധനം സമ്പാദിക്കുന്നതിലോ, സുഖത്തിലോ ഭക്ഷണാദികളിലോ അതിതാല്പര്യമുണ്ടായിരിക്കരുതു്. എല്ലാം ഈശ്വരങ്കൽ സമർപ്പിച്ചു സമാധാനമായും സദാചാരനിഷ്ഠരായും ഇരിക്കുക. മററുള്ളവരെപ്പററി കുററം പറയാതെ, സഹിഷ്ണുതയോടുകൂടിയിരിക്കുക. ഓരോ സന്ദർഭത്തിൽ മററുമനുഷ്യർ നിങ്ങളോടു് എങ്ങനെ വർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അതാതു സന്ദർഭങ്ങളിൽ നിങ്ങൾ മററുള്ളവരോടു വർത്തിക്കണം. ഇതാണു ഈശ്വരകല്പനകളുടേയും പ്രാവചകന്മാരുടെ ഉപദേശങ്ങളുടേയും സംഗ്രഹം. ഭാ

വത്തിലും വാക്കിലും ഈശ്വരഭക്തി പ്രദർശിപ്പിച്ചാൽ പോരാ. സൽപ്രവൃത്തികളാണു യഥാർത്ഥമായ ഈശ്വരഭക്തിയുടേയും നന്മയുടേയും അടയാളം. അവയില്ലാത്തവരുടെ ഉപദേശങ്ങളെ വിശ്വസിക്കരുതു്.

പർവ്വതപ്രസംഗം കഴിഞ്ഞതിൽ പിന്നേയും, ക്രിസ്തുഭഗവാൻ കുഷ്ഠരോഗിയെ സ്പർശംകൊണ്ടുമാത്രം സുഖശരീരിയാക്കുക മുതലായ പല അത്ഭുത പ്രവൃത്തികളും നടത്തുകയും ദുഃഖിതരും പാപികളുമായിരുന്ന പലരേയും സമാശ്വസിപ്പിച്ചു ശുദ്ധരാക്കുകയും ചെയ്തു. ഇങ്ങനെ സിരിയായിൽ പല പ്രദേശങ്ങളിൽ സഞ്ചരിച്ചു. തന്റെ മതത്തെ പ്രചരിപ്പിക്കുന്നതിനായി മുമ്പുപറയപ്പെട്ടവരുൾപ്പെടെ 12-ശിഷ്യന്മാരേയും ശേഖരിച്ചു. പാഠപുസ്തകത്തിൽ 14 അദ്ധ്യായങ്ങളുടെ തർജ്ജിമ മാത്രമാണുള്ളതു്. 8-മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ യേശുക്രിസ്തുവിന്റെ പല അത്ഭുതപ്രവൃത്തികളും സാരോപദേശങ്ങളും വിവരിച്ചിരിക്കുന്നു. ക്രിസ്തു തന്റെ സ്വന്തദേശത്തിൽ ചെന്നു സാരോപദേശങ്ങൾ ചെയ്തപ്പോൾ അതിനെ അവിടെയുള്ളവർ ബഹുമാനിച്ചനുസരിച്ചില്ല. ജ്ഞാനസ്നാനകാരകനായ യോഹന്നാനെ ഹെറോഡ്‌രാജാവു് വധിപ്പിച്ചു എന്നു കേട്ടപ്പോൾ ക്രിസ്തു ആ പ്രദേശംവിട്ടു് ഒരു മരുഭൂമിയിലേക്കുപോയി. ഒരു വലിയ ജനക്കൂട്ടവും അദ്ദേഹത്തിന്റെ കൂടെ അവിടെ എത്തി. അവരിൽ ദയതോന്നി ക്രിസ്തു അവരുടെയിടയിലുണ്ടായിരുന്ന രോഗികൾക്കു രോഗശാന്തിയുണ്ടാക്കി. അഞ്ചു സാധാരണഅപ്പവും രണ്ടു മത്സ്യവും കൊണ്ടു്, ക്രിസ്തു ഏകദേശം അയ്യായിരം ജനങ്ങൾക്കു തൃപ്തിയായി ഭക്ഷണംനൽകിയതു് ഈ മരുഭൂമിയിൽ വച്ചാണു്.

15-മുതൽ 25-വരെ അദ്ധ്യായങ്ങളിൽ യേശുക്രിസ്തു ജൂഡിയാരാജ്യത്തിൽ മടങ്ങിയെത്തി, പലേടത്തും സഞ്ചരിച്ചതിനേയും ഒടുവിൽ യെറുസലേമിൽ എത്തിയതിനേയും, അദ്ദേഹത്തിന്റെ പല സാരോപദേശങ്ങളേയും, അദ്ദേഹം പരീശ്യന്മാരുടേയും, സദൂക്യന്മാരുടേയും കാപട്യങ്ങളെ വെളിപ്പെടുത്തുകയും, അവരുടെ മിഥ്യാവാദങ്ങളെ ഖണ്ഡിക്കയും ചെയ്യുന്നതിനേയും വിവരിച്ചിരിക്കുന്നു. യെറുസലേമിലെ പ്രമാണികളായ വൈദികന്മാരും മററും യേശുവിന്റെ ഉപദേശങ്ങൾ തങ്ങളുടെ ലാഭങ്ങൾക്കും പ്രാമാണ്യത്തിനും ഹാനികരമാണെന്നുകണ്ടു്, അദ്ദേഹത്തെ സൂത്രത്തിൽ പിടിപ്പിച്ചു വധിപ്പിക്കുവാൻ ഗൂഢാലോചനകൾ നടത്തുകയും, ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്ന ജൂഡാസ് ഇസ്കാറിയേട്ടിനു കൈക്കൂലികൊടുത്തു് അയാളെ സ്വാധീനപ്പെടുത്തുകയും ചെയ്തു. അതുപ്രകാരം ജനക്കൂട്ടം ഇല്ലാത്തപ്പോൾ ഒരു രാത്രിയിൽ, ക്രിസ്തുവിനെ ജൂഡാസിന്റെ സഹായത്തോടുകൂടി വൈദികന്മാരുടെ അനുചരന്മാർ ബന്ധനസ്ഥനാക്കി. അദ്ദേഹത്തെ അവർ റോമൻ ഗവർണരുടെ അടുക്കൽ ഹാജരാക്കി കള്ളത്തെളിവുപ്രകാരം കുററപ്പെ

ട്ടത്തുകയും കുരിശിൽതറച്ചു വധിപ്പിക്കുകയും ചെയ്തു. യേശുക്രിസ്തുവിൻെറ ദേഹം അദ്ദേഹത്തിൻെറ ഭക്തന്മാരിൽ ഒരാൾ ഏറ്റുവാങ്ങി മുറക്ക് ഒരു കല്ലറയിൽ സംസ്കരിച്ചു 3-ദിവസം കഴിഞ്ഞു ക്രിസ്തു പുനർജീവിച്ചു സ്വശിഷ്യന്മാരുൾപ്പടെ പലക്കും പ്രത്യക്ഷനാകയും അവരെ സമാശ്വസിപ്പിക്കയും, ഉപദേശിക്കയുംചെയ്തു. കല്ലറ പരിശോധിച്ചതിൽ അദ്ദേഹത്തിൻെറ ദേഹം അവിടെ കാണപ്പെട്ടില്ല. കല്ലറയടച്ചിരുന്ന കല്ലിനെ ഒരു ദൈവദൂതൻ ഉരുട്ടിമാററുന്നതും ദൈവദൂതൻ ആ കല്ലിൻെറ പുറത്ത് ഇരിക്കുന്നതും രണ്ടു സ്ത്രീകളും, ജൂതവൈദികന്മാർ നിയമിച്ചിരുന്ന കല്ലറകാവൽക്കാരുംകണ്ടു. മനുഷ്യരുടെ പാപപരിഹാരത്തിനായി ക്രിസ്തു കുരിശുവധത്തെ സ്വയം വരിക്കയും മൂന്നുദിവസം കഴിഞ്ഞു് ഉയത്തെഴുന്നേററു സ്വർഗ്ഗം പ്രാപിക്കയും ചെയ്തു എന്നാണ് ക്രിസ്തുമതവിശ്വാസം.

# വിരഹഭീതി.

## മണികാഞ്ചി.

(നാലാങ്കൽ കൃഷ്ണപിള്ള ബി. എ. (Hons.) എൽ. റ്റി.)

"അനഘതരസൗന്ദൎയ്യവല്ലിയിൽ പൂത്തൊരാ-
ക്കനകസുമമെന്നെ മറക്കുമോ, തോഴരെ!

അലസതയിൽമുങ്ങിഞാനക്കലാശാലയിൽ
പലവിധവിചാരങ്ങളാൻെചന്നീടവേ,
ഒരുചെറിയതുമിന്നൽ മുന്നിലായ്ക്കാൺകയാൽ
തരളിതമനസ്കനായ് വല്ലാതുഴന്നുപോയ്;
മമമൃദുലചിത്തമസ്സൗന്ദൎയ്യതേജസ്സി-
ലുരുകിയനുരാഗമാം പൂഞ്ചോലയായ് മാറി;
അരുണിമകലൎന്നൊരത്തളിരിൻ പൊങ്കവിൾ
പ്പുതുമലരുടൻ നുകൎന്നെൻനേത്രവണ്ടുകൾ;
ചുരുളളകനിരകളലതല്ലുമ, സ്സിന്ദൂര
തിലകമിയലുന്നൊരപ്ഫാലകവീഥിയിൽ
ചിലനിമിഷമെൻലോചനങ്ങളോടിക്കളി-
ച്ചിളകിമറിയുന്നതാം സന്തോഷവായ്പൊടും;

അന്നദിനവൃമോമലാളേകുമാറണ്ടെനി-
യ്ക്കമിതരുചിയാളുന്ന പൂഞ്ചിരിപ്പൂക്കളേ
അവകളൊരുമിച്ചു ഞാൻ കോത്തൊരു മാല്യമാ
യണിവതിനനുജ്ഞയും നൽകിനാൾ സാമ്പ്രതം.
അതിവിമലരാഗം വഴിഞ്ഞുവീഴന്നൊര-
ക്കടമിഴികളോമലാളെന്നിലയക്കവേ,
പുളകമിളകിക്കാറ്റ്യകല്ലോലമാലകൾ
കളലളിതനത്തനംചെയ്യുമെൻ മാനസേ;
അവളിവനൊടാമിഴിക്കോണിനാലല്ലാതെ
മധുമധുരഭാഷണം ചെയ്യുമാറില്ലപോൽ.

അനഘതരസൗന്ദര്യവല്ലിയിൽ പൂത്തൊരാ-
ക്കനകസുമമെന്നിൽക്കനിയുമോ തോഴരേ!

ഒരുമധുരരാഗാർദ്രമാനസമാണെനി
ക്കതുലതരസൗന്ദര്യസമ്പത്തിലും പ്രിയം;
അവളിലതുകാൺകയാലാനന്ദമഗ്നനാ-
യതിസുകൃതവാരാശിയായ് ച്ചമഞ്ഞേനഹം;
പ്രണയമിവനേകിയില്ലെന്നുവന്നാലുമീ
പ്രണിതഹൃദയത്തെ മറക്കില്ല നിർണ്ണയം;
അതിലമിതസന്തോഷമാന്നുഞാൻ നിത്യവും
പുതുമകൾകലന്നിടും രാഗങ്ങൾ പാടിടാം;

കദനമിവനേകുമാവേർപാടിനുള്ളൊരു
ക്കഠിനദിനമയ്യോ! പറന്നുവന്നെത്തുന്നു;
മരണദിനയവനികയിൽ ഞാൻ മറഞ്ഞീടിലും
മനമുരുകിയദ്ദിനം തന്നെസ്സ്മരിച്ചിടും

*　　*　　*

*　　*　　*

അനഘതരസൗന്ദര്യവല്ലിയിൽ പൂത്തൊര
ക്കനകസുമമെന്നെ വരിക്കുമോ തോഴരേ!

# നമ്മുടെ മാതൃഭാഷ

(ഡി. ഗോവിന്ദൻ കൎത്താവ്)

"ദൈവം സൃഷ്ടിച്ചു നമ്മെ. നമുക്കു കഴികയില്ല കാണാൻ ദൈവത്തിനെ" എന്നിത്യാദിയായിത്തീൎന്നക്കാം മലയാളഭാഷയെന്നു് ഒരു സരസൻ പറഞ്ഞിട്ടുണ്ടു്. അതു പരമാൎത്ഥമാണെന്നു വരത്തക്ക നിലയിൽ നമ്മുടെ ഭാഷ എത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ മാതൃഭാഷയെപ്പററി ചിലതു ചിന്തിക്കേണ്ടതു ഭാഷാഭിമാനികളുടെ ചുമതലയാണല്ലോ.

മലയാളഭാഷയുടെ ഉത്ഭവത്തെപ്പററി പണ്ഡിതാഭിപ്രായം വിഭിന്നമത്രെ. 'സംസ്കൃതഹിമഗിരിഗളിത'യായി ദ്രാവിഡവാണിയായ കാളിന്ദിയുമായി മേളിച്ചുപോഷിച്ചതാണു് കേരളഭാഷയെന്നു കേരളകൗമുദീകൎത്താവു പറഞ്ഞിരിക്കുന്നതിനെ ഇന്നു സമ്മതിക്കുന്നവരില്ല. തമിഴിൽനിന്നാണു മലയാളഭാഷയുണ്ടായതെന്ന അഭിപ്രായവും സ്വീകൃതമായിതീൎന്നിട്ടില്ല. ദ്രാവിഡഭാഷകളുടെ എല്ലാം മൂലഭാഷയായ ഒന്നിൽനിന്നുത്ഭവിച്ചതാണെന്നും തമിഴിന് ജ്യേഷ്ഠസഹോദരീസ്ഥാനമാണുള്ളതെന്നും, സംസ്കൃതം ഭൎത്തൃസ്ഥാനത്തുവേണ്ട സംരക്ഷണം ചെയ്തുപോന്നുവെന്നുമാണു് കേരളഭാഷയെപ്പററി സ്വീകൃതമായ അഭിപ്രായം. അതിനെ അടിസ്ഥാനമാക്കി ഭാഷയുടെ വളൎച്ചയെ ചിന്തിക്കാം.

ഭാഷയുണ്ടായി വളരെക്കാലം കഴിഞ്ഞാണു് അതു എഴുതിത്തുടങ്ങാറുള്ളതു്. നമ്മുടെ മാതൃഭാഷയുടെ പ്രാചീനലിപി വട്ടെഴുത്തുസമ്പ്രദായമായിരുന്നു. വട്ടെഴുത്തു തമിഴിൽനിന്നു സ്വീകരിച്ചതുമാണു്. ഈ ലിപിസമ്പ്രദായം ക്രിസ്ത്വാബ്ദം എട്ടാംശതകത്തിലെ ശിലാലേഖനങ്ങളിൽ കാണുന്നുണ്ടു്. 'തോൽകാപ്പിയം' എന്ന തമിഴ് വ്യാകരണത്തിന്റെ കൎത്താവായ 'തോൽകാപ്പിയർ' ബി. സി. നാലാംശതകത്തിൽ തക്ഷശിലയ്ക്കടുത്തു സിലാതുരിയിൽ ജീവിച്ചിരുന്ന പാണിനിയുടേയും പൂൎവ്വകാലീനനാണെന്നു ആ ഗ്രന്ഥം തെളിയിക്കുന്നു. തന്മൂലം വട്ടെഴുത്തുസമ്പ്രദായം ക്രിസ്ത്വാബ്ദത്തിനു വളരെ മുമ്പുതന്നെ തമിഴിൽ നടപ്പായിരുന്നുഎന്നൂഹിക്കാം. എന്നാൽ മലയാളഭാഷയിൽ അക്കാലത്തു വട്ടെഴുത്തുലേഖനം നടപ്പായിരുന്നു എന്നു് നിശ്ചയിക്കാനുള്ള രേഖകൾ കിട്ടിയിട്ടില്ല. എങ്കിലും ക്രിസ്ത്വാബ്ദം എട്ടാം നൂററാണ്ടിലെ ശിലാലേഖനങ്ങളിൽ വട്ടെഴുത്തുലിപി കാണുന്നതുകൊണ്ടു ഇതരതെളിവു കിട്ടുന്നവരെ അക്കാലംമുതൽ നമ്മുടെ മാതൃഭാഷയിൽ ലേഖനസമ്പ്രദായം ഉണ്ടായി എന്നു ഇപ്പോൾ തീരുമാനിക്കാം.

പ്രാചീനമലയാളമാതൃകയായ രാമചരിതം കൊല്ലവഷം 371-ാമാണ്ടിനടുത്തു രചിതമാണെന്നു പ്രസിദ്ധപണ്ഡിതനും മഹാകവിയുമായ ഉള്ളൂർ അഭിപ്രായപ്പെട്ടിരിക്കുന്നു. അക്കാലത്തെ ഭാഷയുടെ മാതൃക മിക്കവാറും തമിഴുതന്നെ എന്നതിന് ആ ഗ്രന്ഥം സാക്ഷ്യം വഹിക്കുന്നു. തമിഴിൻെറ പിടിയിൽനിന്ന് അകന്ന് സംസ്കൃതത്തിൻെറ സംരക്ഷണത്തിൽ പൂണ്ണമായി എത്തിച്ചേന്നതു കൊല്ലവഷം അറുനൂറാമാണ്ടോടുകൂടിയാണ്. കൃഷ്ണഗാഥാകത്താവിൻെറ കൃതിയിൽ അതിഖരഘോഷങ്ങളായ അക്ഷരങ്ങൾ കാണുന്നില്ല. ആധുനികമലയാളികളുടെ ആദിഗുരുവായ തുഞ്ചത്തു ഗുരുക്കളുടെ കിളിപ്പാട്ടുകളിൽ സംസ്കൃതപദങ്ങളും, സംസ്കൃതവിഭക്ത്യന്തപദങ്ങളും ധാരാളം പ്രയോഗിച്ചിട്ടുണ്ട്. സംപൂജ്യനായ ആ യോഗിവര്യൻ കൊല്ലവഷം അറുനൂറിനും എഴുനൂറിനും ഇടക്കു ജീവിച്ചിരുന്നതായി സമ്മതിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്കു് ആധുനികന്മാക്കു് ആദരണീയമായ മലയാളഭാഷയുടെ ആവിർഭാവം കൊല്ലം ഏഴാംശതകത്തിലാണെന്ന് അനുമാനിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല.

ഇത്രയും പറഞ്ഞതു പദ്യകൃതികളെ അടിസ്ഥാനമാക്കിയാണല്ലൊ. മലയാളഗദ്യരീതിയുടെ ഏപ്പാട് എന്തായിരിക്കുമെന്നു ചിന്തിക്കുന്നപക്ഷം, ലിപിവിദ്യ ഏപ്പെട്ട നാൾമുതൽ ഗദ്യവും എഴുതിത്തുടങ്ങിയെന്നു വിചാരിക്കാം. ലിപിയില്ലാതിരിക്കുമ്പോഴും പദ്യങ്ങൾ ഏതു ഭാഷയിലും ഉണ്ടാവുക സ്വാഭാവികമാണ്. ഉത്സാഹപ്രകൃതിയുടെയും വിനോദസ്വഭാവത്തിൻെറയും ബഹിസ്ഫുരണമാണ് പദ്യം. ലേഖനസമ്പ്രദായം ഇല്ലാതിരുന്ന കാലത്ത് ഓമ്മിക്കാനുള്ള സൌകൎയ്യത്തിനുവേണ്ടി നിമ്മിക്കപ്പെട്ട സ്തുതിപരമായ ഗാനങ്ങളായിരിക്കണം അവ. അപ്രകാരമുള്ള പ്രാചീനഗാനങ്ങൾ നമ്മുടെ മാതൃഭാഷയിലും ഉണ്ടായവ പലതും ഇന്നു വിസ്മൃതപ്രായങ്ങളായി തീന്നിരിക്കുന്നു. അതുകൊണ്ട് എഴുതിത്തുടങ്ങിയ കാലത്തിനു മുൻപുള്ള ഗദ്യപദ്യങ്ങളുടെ മാതൃക കാണിക്കുക മിക്കവാറും സാദ്ധ്യമല്ല. നമ്മുടെ ഭാഷയിലെ പ്രാചീനകൃതികളിലും ഗ്രന്ഥവരികളിലും മററും കാണുന്ന ഗദ്യലേഖനങ്ങളിൽ അധികവും ദ്രാവിഡപദങ്ങളായിരുന്നു ഉപയോഗിച്ചിരുന്നതു്. ഭാഷ ഒരു പ്രത്യേകസരണിയെ അവലംബിച്ചുമിരുന്നു. തമിഴിൽ നല്ല വ്യുല്പത്തിയില്ലാത്തവക്കു് അവ ഗ്രാഹ്യവുമല്ല. അപ്പൻതമ്പുരാൻ തിരുമനസ്സിലെ ചരിത്രോപന്യാസങ്ങളിൽ ഉദ്ധരിച്ചിട്ടുള്ള താമ്രശാസനങ്ങളിലേയും ഗ്രന്ഥവരികളിലേയും ഭാഷ, ഇപ്പോൾ പ്രചാരലുപ്തങ്ങളായിത്തീന്നിട്ടുള്ള നിരവധി ദ്രാവിഡപദങ്ങളും, സ്വകീയരീതിവിശേഷവുംകൊണ്ട് അലംകൃതമായിരിക്കുന്നു.

എഴുത്തച്ഛൻെറ പ്രയത്നമാണ് മലയാളത്തെ സംസ്കൃതത്തോടു ഇണക്കിയതെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ചമ്പൂകത്താക്കളും, ആട്ട

ക്കഥാകാരന്മാരും സംസ്കൃതപക്ഷപാതികൾതന്നെ ആയിരുന്നു. എന്നാൽ തുഞ്ചത്തു കവിവര്യന്റെ കിളിപ്പാട്ടുകൾക്കോളം അത്ര പ്രചാരം മററുള്ളവയ്ക്കു സാമാന്യജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടില്ല.

“കിമപിനഹിഭയമുദധിസപദിതരിതും നിങ്ങൾ കീശപ്രവരരെ ഖേദിയാഴ്കേതുമേ.” എന്നിത്യാദി ഗീർവ്വാണപ്രയോഗരീതി ഇന്നും അനാദരണീയമായിട്ടില്ല. പദ്യസാഹിത്യത്തിലെ ഗീർവ്വാണപ്രയോഗങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനു സംസ്കൃതഭാഷാവ്യുല്പത്തി സാമാന്യം വേണ്ടിവരുന്നതുകൊണ്ടു് അതിൽ അഭിജ്ഞത സമ്പാദിക്കുവാൻ മലയാളികൾ ഉൽസുകരായിത്തീൎന്നു. തന്മൂലം സംസ്കൃതഭാഷാഭിജ്ഞനെല്ലാത്ത മലയാളിയെ അപണ്ഡിതനെന്നു് അക്കാലത്തെ ലോകം ഗണിച്ചുമിരിക്കാം.

ആധുനിക ഗദ്യത്തിന്റെ പിതൃസ്ഥാനാവകാശി കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണല്ലൊ. തിരുമേനിയാൽ രചിതമായ അക്ബർ എന്ന ചരിത്രാഖ്യായിക തുടങ്ങുന്നതു് “അസ്തപൎവ്വതനിതംബത്തെ അഭിമുഖീകരിച്ചു ലംബമാനമായ അംബുജബന്ധുബിംബത്തിൽനിന്നു വിസൃമരങ്ങളായി ബന്ധുകബന്ധുരങ്ങളായ കിരണകന്ദളങ്ങൾ ബദരീനാഥക്ഷേത്രത്തിന്റെയും ഹിമാലയമഹാഗിരിയുടെ തുംഗകളായ ശൃംഗപരമ്പരകളുടേയും അദഭ്രശുഭ്രകളായ ഹിമസാഹിതികളിൽ പ്രതിബിംബിച്ചു പ്രകാശിച്ചു.” എന്നിങ്ങനെയാണു്. ഈ ശബ്ദഡംബരത്തിൽ ശ്രദ്ധിക്കാൻ ഗൈൎവ്വാണിസഹചരനല്ലാത്ത മലയാളിക്കു് അസാദ്ധ്യമാണല്ലൊ. ഇങ്ങനെ, നമ്മുടെ മാതൃഭാഷയുടെ ശൈശവം തമിഴിന്റെ പിടിയിൽ അമൎന്നും, യൌവനം ഗൈൎവ്വാണീദാസ്യത്തിൽ ലയിച്ചും കഴിഞ്ഞുകൂടിയെങ്കിലും അതുകൊണ്ടു ഹാനി സംഭവിച്ചില്ല; സ്വാതന്ത്ര്യത്തിനു് അല്പം ഭംഗം നേരിട്ടു എന്നേയുള്ളു. എന്നാൽ ഇന്നത്തെ ചായ്വ് വേറൊരു പുതുമോടിയിലേക്കാണു്.

നാട്ടൊട്ടുക്കു് ഇംഗ്ലീഷ് ഭാഷാഭ്യാസം പ്രചരിച്ചുവരുകയും വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യം ധനസമ്പാദനവും, അതിനുള്ള മാൎഗ്ഗം സൎക്കാരുദ്യോഗവുമാണെന്നു പൊതുജനങ്ങൾ വിശ്വസിക്കുകയും ചെയ്തപ്പോൾ ആംഗലഭാഷാഭിജ്ഞന്മാൎക്കേ പ്രാമാണ്യമുള്ളു എന്നു വന്നുകൂടി. മുൻപു സംസ്കൃതം പഠിക്കാത്തവനെ അസംസ്കൃതചിത്തനായി ഗണിച്ചിരുന്നപോലെ ഇന്നു ഇംഗ്ലീഷ് പഠിക്കാത്തവൻ ഒരുതരം അപൂൎണ്ണനായി ഗണിക്കപ്പെടുന്നു. ലോകത്തിലെ മുഖ്യ ജീവൽഭാഷയാണു് ഇംഗ്ലീഷ്. അതു നാനാവിധ വിജ്ഞാനങ്ങളുടെ ഭണ്ഡാഗാരവുമത്രെ. അതിനാൽ ഇന്നത്തെ ലോകഗതി മനസ്സിലാക്കുന്നതിനും വിജ്ഞാനലബ്ധിക്കും ഇംഗ്ലീഷ്ഭാഷാപരിചയം അവശ്യംതന്നെ. എന്നാൽ ആ ഗുണം സിദ്ധിക്കുന്നുമില്ല; മറി

ച്ചു മാതൃഭാഷയോടുള്ള അവഹേളനം വർദ്ധിച്ചും വരുന്ന എന്നുള്ള ദയനീയസ്ഥിതി സഹിക്കത്തക്കതല്ലല്ലൊ.

അല്പം ഇംഗ്ലീഷ് വശമായാൽപിന്നെ മാതൃഭാഷയിൽ സംഭാഷണം ചെയ്യുകതന്നെ നമ്മുടെ ആളുകൾക്ക് അത്ര രസമല്ല. "മദറിനു സുഖമില്ലെ"ന്നും, "ബേബിയെ കുളിപ്പിച്ചില്ലെ"ന്നും "ഈയിടെ ബീച്ചിൽ പോകാറില്ലെ"ന്നും മററും തട്ടിവിടുക ഇംഗ്ലീഷ്പഠിച്ച മലയാളിക്ക് പതിവായിട്ടുണ്ട്. ഈ സമ്പ്രദായം ഭാഷയുടെ ആരോഗ്യത്തെ ഹനിക്കുകയല്ലെ ചെയ്യുന്നതു്. എല്ലാ ഭാഷകൾക്കും പ്രത്യേകമായ ചില രീതിവിശേഷങ്ങൾ ഉണ്ടല്ലൊ. അവയെ അതാതു ഭാഷകളുടെ പ്രത്യേക മൂലസ്വത്തായും ഗണിച്ചുവരുന്നു. മൂലധനം മുടക്കി കൈകാര്യം ചെയ്യുന്ന വ്യാപാരി കടംവാങ്ങി ദുർവ്യയം ചെയ്തു നോട്ടക്കുറവുകൊണ്ടു പാപ്പരാകുന്നതുപോലെ ഇംഗ്ലീഷ് ഭാഷാപദങ്ങളേയും ശൈലികളേയും കിട്ടുന്നിടത്തോളം വാങ്ങി പെരുമാറുന്നതുകൊണ്ടു മാതൃഭാഷയും പാപ്പരായി വരുന്നു. "ജന്മികുടിയാൻ റഗുലേഷൻ"എന്ന സമസ്തപദം നോക്കുക. സംസ്കൃതമായ ജന്മിയുടേയും ഇംഗ്ലീഷ് ആയ റഗുലേഷൻേറയും മദ്ധ്യേ മലയാളമായ കുടിയാൻ എത്ര അസ്വാതന്ത്ര്യത്തോടെ സ്ഥിതിചെയ്യുന്നു. കഴിവുള്ളത്ര സ്വാതന്ത്ര്യത്തോടും ആരോഗ്യത്തോടും മാതൃഭാഷയെ പോഷിപ്പിക്കേണ്ടതു ഭാഷാഭിമാനികളുടെ കർത്തവ്യമാകുന്നു. ഇതിലേക്കു നേരിടുന്ന തടസ്സങ്ങളുടെ നിവാരണമാർഗ്ഗങ്ങളെ ഇതിനുപരി പ്രതിപാദിക്കാം.

(തുടരും)

# തൊഴിലില്ലായ്മപ്രശ്നം

(ശാന്താദേവി)

(തുടർച്ച)

ഈ ഉപായം പ്രയോഗിച്ച ശേഷം പോസ്റ്റുമാൻെറ വരവ് അതിയായ ഉൽക്കണ്ഠയോടെ അയാൾ പ്രതീക്ഷിച്ചുകൊണ്ടിരിപ്പായി. ഒരു പ്രയോജനവുമില്ലാതെ ഒരു മുഴുവൻരൂപാ ചെലവാക്കുവാൻ ശിബുവിനു യാതൊരു നിവൃത്തിയുമില്ലായിരുന്നു. മൂന്നോ നാലോ ദിവസങ്ങൾക്കു ശേഷം ഒ

രു പെൺകുട്ടിയുടെ ഫോട്ടൊ കൂടി വച്ചിരുന്ന ഒരെഴുത്തു കിട്ടി. ശിബുവിൻെറ ആശ കുറെ ഫലിച്ചു. അയാളുടെ മുഖം മന്ദഹാസംകൊണ്ടു ചുളിഞ്ഞു. കാര്യമെല്ലാം അവതാളത്തിൽ കലാശിച്ചെങ്കിലോ എന്ന ഭയന്ന് ആദ്യഘട്ടത്തിൽ അയാളുടെ അമ്മയിൽ നിന്നും നിരുവിൽ നിന്നും ഈ കാര്യം രഹസ്യമായി സൂക്ഷിക്കേണ്ടിയിരുന്നു. അതുകൊണ്ടു, അയാൾ തൻെറ സ്നേഹിതന്മാരേയോ അമ്മയേയോ കാണുമ്പോൾ മന്ദഹാസമടക്കിക്കൊണ്ട് ഒരു ചിന്താക്ലിഷ്ടമായ മുഖഭാവം കൈക്കൊണ്ടു.

എങ്കിലും അയാൾക്കു എഴുതി അയപ്പാനെങ്കിലും മര്യാദ കാണിച്ചതുകൊണ്ട് അവരെ ഒന്നു സന്ദർശിക്കേണ്ടതായ കടമ അയാൾക്കുമുണ്ട്. രജകൻെറകൈയ്യിൽ നിന്നും തൻെറ വസ്ത്രങ്ങളെല്ലാം അയാൾ വേഗത്തിൽ അലക്കിച്ചു വരുത്തി.

ആ വീടു ഭവാനിപുരത്തിൽ ഒരു ഇടുക്കു വഴിയിലാണു സ്ഥിതിചെയ്തിരുന്നതു്. ആ വഴിയിലേക്കു പ്രത്യേകിച്ചു പടിയൊന്നുമുണ്ടായിരുന്നില്ല. ചുവരിന്മേൽ ഒരു ബോർഡു തൂങ്ങുന്നുണ്ടായിരുന്നു. ശിബു വഴി കടന്ന് ഒരു ഇരുപതു വാരയോളം നടന്നു. രണ്ടു വശത്തുമുണ്ടായിരുന്ന ചുവരല്ലാതെ ആ വഴിയിൽ ആരേയും അയാൾ കണ്ടില്ല. ഒടുവിൽ അയാൾ ഒരു തുറന്ന മുററത്തു ചെന്നുചേർന്നു. അവിടെ നഗ്നനായ ഒരു ബാലൻ ഒരു പാത്രത്തിൽ നിന്നും വെള്ളം കോരി തന്നത്താനെ കുളിക്കുന്നുണ്ടായിരുന്നു.

"മദൻബാബുവിൻെറ വീടേതാണ്" എന്നയാൾ ആ കുട്ടിയോടു ചോദിച്ചു.

ആ കുട്ടി അയാളെ സ്വല്പനേരം ഒന്നു തുറിച്ചു നോക്കി, ഒടുവിൽ "നേരെ പൊയ്ക്കോളു" എന്നു മറുപടി പറഞ്ഞു.

ശിബു നേരെ നടന്നു കുട്ടി കുളിച്ചുകൊണ്ടിരുന്ന തരത്തിലുള്ള രണ്ടുമൂന്നു പാത്രങ്ങൾ കടന്നു. ഒടുവിൽ ചുവരിൽ ഒരു പ്ലേററിലേക്കുചൂണ്ടിക്കാണിക്കുന്ന ഒരു വിരൽ വരച്ചിരിക്കുന്നതു് അയാൾ കണ്ടു. "മിസ്സസ്സ് രാധാബിനോദിനിഗുഹാ, ലൈസൻസ്ഡ് മിഡ്‌വൈഫ്" എന്ന് ആ പ്ലേററിൽഎഴുതിയിരുന്നു. അടുത്തുണ്ടായിരുന്ന ഒരു വാതിൽ കടന്നപ്പോൾ വീതി കുറഞ്ഞു് തൂക്കായ ഒരു കോവണിപ്പടി ദൃശ്യമായി. വേറെ വഴിയൊന്നും കാണാഞ്ഞതിനാൽ അയാൾ ആ കോവണി കയറി ആദ്യത്തെ നിലയിൽ ചെന്നുചേർന്നു. വലത്തുവശത്തായി വിചിത്രപുഷ്പങ്ങളും ലതകളും വെള്ളച്ചായംകൊണ്ടു വരയ്ക്കപ്പെട്ട ഒരു ചുമന്ന വെളിയട അയാൾ കണ്ടു. ഇതു സ്ത്രീജനങ്ങൾ പെരുമാറുന്ന സ്ഥലമാണെന്നു തോന്നിയതുകൊണ്ടു അയാൾ

ഇടത്തുവശത്തേക്കു തിരിച്ചു. ഇവിടെ ഒരു ചെറിയ മുറിയിൽ പൊടി കൊണ്ടു മൂടപ്പെട്ട രണ്ടു ബെഞ്ചും ചൂരൽ കൊണ്ടുള്ള രണ്ടു കസേരയും കിടക്കുന്നതായി കാണപ്പെട്ടു. ശിബു വാതുക്കൽ ഉച്ചത്തിൽ മുട്ടി. അനന്തരം ഒരു ബെഞ്ചിൽ ചെന്നിരുപ്പായി.

രണ്ടുമൂന്നു മിനിട്ടുകൾക്കു ശേഷം ഒരു മാന്യൻ ആ മുറിയിൽ പ്രവേശിച്ചു ശിബറാമിനെ അഭിവാദനം ചെയ്തു. ആഗതൻ ഒരു മെലിഞ്ഞ ആളായിരുന്നു. അയാൾ ഒരു ധോത്തിയും കറുത്ത കോട്ടും ധരിച്ചിരുന്നു. അദ്ദേഹത്തോട് എന്താണു പറയേണ്ടതു് എന്നു് അയാൾക്കു തോന്നിയില്ല. അദ്ദേഹം ശിബറാമന്റെ വിഷമാവസ്ഥ കണ്ടപ്പോൾ "പ്രസവത്തിനു ആളെ വിളിക്കാൻ വന്നിരിക്കയാണൊ" എന്നു ചോദിച്ചു.

ഈ ചോദ്യം കേട്ടപ്പോൾ ശിബറാം ആശ്ചര്യം കൊണ്ടു സ്തംഭിച്ചുപോയി. അയാൾ ഒന്നും സംസാരിച്ചില്ല. "എന്താ, മിഡ്‌വൈഫിനെ ആവശ്യപ്പെട്ടാണൊ?" എന്നു ശിബറാമിന്റെ സന്ദേഹനിവൃത്തിക്കു് ആ മാന്യൻ ഒന്നുകൂടി ചോദിച്ചു.

ശിബറാമിന്നു് ഇപ്പോൾ പുറത്തു കണ്ട ബോർഡിന്റെ കാര്യം ഓർമ്മ വന്നു. അയാളുടെ മുഖം സംഭ്രമംകൊണ്ടു ചുവന്നു. "അല്ല ഞാൻ മദൻബാബുവിനെ കാണാനാണു വന്നിരിക്കുന്നതു്. എന്റെ ഒരു പരസ്യത്തിന്നു് അദ്ദേഹം മറുപടി അയച്ചു് എന്നെ കാണണമെന്നു ആവശ്യപ്പെട്ടിരുന്നു." എന്നു് അയാൾ മറുപടി പറഞ്ഞു.

പെട്ടെന്നുണ്ടായ ഒരു സന്തോഷഭാവത്തോടെ മദൻബാബു പറഞ്ഞു "അങ്ങനേയോ? ഞാനാണു് മദൻബാബു. ഞാൻ നിങ്ങളെ അറിയാതിരുന്നതിനു ക്ഷമിക്കണം. (ശിബുവിനെ അയാൾ മുമ്പു് കണ്ടിട്ടില്ലാതിരുന്നതിനാൽ തിരിച്ചറിയാൻ യാതൊരു വഴിയുമുണ്ടായിരുന്നില്ല.) അവിടെ ഇരിക്കണം. വരനും നിങ്ങളുമായുള്ള ബന്ധമെന്താണെന്നു ചോദിക്കുന്നതു ക്ഷമിക്കുമെല്ലൊ. നാം ഇനിയും അപരിചിതരായിട്ടാണെല്ലൊ ഇരിപ്പു്."

ശിബു ആകപ്പാടെ ഒരു ദുർഘടസന്ധിയിലായി. സ്വല്പം കഴിഞ്ഞപ്പോൾ അയാൾ ഇങ്ങനെ വിക്കിവിക്കി പറഞ്ഞു. "ഞാൻതന്നെയാണു വരൻ. എനിക്കു് അച്ഛനില്ലാത്തതുകൊണ്ടു ഞാൻ തന്നെയാണു വന്നിരിക്കുന്നതു്. തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു."

"ഒരിക്കലുമില്ല. ഒരിക്കലുമില്ല." എന്നു അയാൾ സ്നേഹസമന്വിതമായ മന്ദഹാസത്തോടു പറഞ്ഞു. "ഒരു യുവാവു തന്നത്താനെ ആലോചന നടത്തുന്നതു നന്നായിരിക്കും. നിങ്ങളിൽ നിന്നു വേണ്ട വിവരങ്ങളെല്ലാം ലഭിക്കുമെന്നു വിശ്വസിക്കുന്നു."

ശിബു:— "തീർച്ചയായിട്ടും. പക്ഷേ എന്നെപ്പററി എന്തെങ്കിലും പ്രയോജനമുള്ള ഒരു വിവരം ഞാൻ എം. എ. പരീക്ഷ പാസ്സായിട്ടു രണ്ടുകൊല്ലമായി എന്നുള്ളതാണ്. അതു് ആ പരസ്യത്തിൽ പറഞ്ഞിട്ടുമുണ്ടായിരുന്നു."

മദൻബാബു അയാളുടെ അച്ഛൻേറയും മുത്തച്ഛൻേറയും ഗ്രാമത്തിൻേറ പേരും കുലവും ജാതിയും അയാൾക്കു സ്വന്തമായി ഒരു വീടുണ്ടോ എന്നും എന്തുസമ്പാദ്യമുണ്ടെന്നും മററും ചോദിച്ചു മനസ്സിലാക്കി. മദൻബാബുവിൻെറ ചോദ്യമെല്ലാം തീന്നപ്പോൾ ശിബറാമിൻെറ മുറയായി. അയാൾ ഈ വിദ്യയിൽ കേവലം അനഭ്യസ്തനായിരുന്നു. എങ്കിലും ആവുന്നതും ശ്രമിച്ചുനോക്കി. ശിബു:— "ധനവാന്മാരായ മാതാപിതാക്കന്മാരുടെ പുത്രിയാണ് എനിക്കു വേണ്ടതു്. ഞാൻ അതു പരസ്യത്തിൽ എഴുതിയിട്ടുമുണ്ടായിരുന്നു. അതു ഞാൻ വീണ്ടും ഓമ്മിപ്പിക്കണമെന്നില്ലല്ലൊ. എങ്കിലും ഞാൻ ഒന്നു ചോദിക്കട്ടേ. അങ്ങയ്ക്കു് എത്ര കുട്ടികളുണ്ടു്?"

മദൻബാബു അയാളുടെ മേൽമീശ പിരിച്ചുകൊണ്ടു പറഞ്ഞു- "വാസ്തവം പറകയാണെങ്കിൽ എനിക്കു് ഒരു മകൾ മാത്രമേയുള്ളൂ."

ശിബു:— "കഴിച്ചിലിനുള്ളതെല്ലാം ഉണ്ടല്ലൊ. അങ്ങയുടെ തൊഴിലെന്താണെന്നു അറിഞ്ഞാൽ കൊള്ളാമായിരുന്നു."

മദൻബാബു ചിരിച്ചുകൊണ്ടു പറഞ്ഞു. "സാമാന്യം സുഖമായ ഒരു ജീവിതം നയിക്കുന്നതുകൊണ്ടു് അങ്ങനെ പറയാം. എങ്കിലും എൻെറ തൊഴിലെന്താണെന്നു പറയാൻ കുറെ വിഷമമാണ്. എൻെറ ഭാൎയ്യ ഒരു ലേഡിഡാക്കുരാണ്. അവളുടെ പക്കൽനിന്നും കുറെ പണം ഞാൻ കടം വാങ്ങിയിട്ടുണ്ടു്. അതുകൊണ്ടു് ഒരു ഉണ്ടിയൽ കട തുടങ്ങിയിരിക്കുകയാണ്. അതിൽനിന്നു സാമാന്യം ഭേദപ്പെട്ട സമ്പാദ്യവും ലഭിക്കുന്നുണ്ടു്."

ഈ സന്ദൎഭത്തിൽ നല്ല കറുത്തുതടിച്ച ഒരു സ്ത്രീ കോവണിപ്പടി കയറി വരുന്നതായി കാണപ്പെട്ടു. "ജൂഗിപരൻെറ അടുക്കൽനിന്നും പലിശ വാങ്ങേണ്ട ദിവസം ഇന്നല്ലേ? മറന്നുപോയോ?" എന്നവൾ പറയുകയായിരുന്നു.

അവൾ ശിബറാമിനെക്കണ്ടകാരണം ഭൎത്താവിൽനിന്നും ഒരുത്തരവും പ്രതീക്ഷിക്കാതെ ആ ചുവന്ന വെളിയടയ്ക്കുള്ളിൽ മറഞ്ഞു.

ശിബറാം അവളെ ഒരു നല്ല നോക്കു കണ്ടു. അടിമുതൽ മുടിവരെ അവൾ സുവൎണ്ണാഭരണങ്ങൾ ധരിച്ചിരുന്നു. "അവൾക്കു് ധാരാളം പണമുണ്ടെന്നുള്ളതു തീർച്ചയാണ്" എന്നയാൾ നിശ്ചയിച്ചു. "നിങ്ങളുടെ സ്വന്തമായി കെട്ടിടങ്ങളുണ്ടോ?" എന്നു അയാൾ മദൻബാബുവിനോടായിട്ടു ചോദിച്ചു.

മദൻബാബു:— "ആ വഴിയിൽ കണ്ട നാല്ല വീടുകളും എൻെറ ഭാൎയ്യയുടെ വകയാണു്. ഞങ്ങറം അതിൽ മൂന്നും വാടകയ്ക്കു കൊടുത്തിരിക്കുകയാണു്. നാലാമത്തേതിലാണു ഞങ്ങറം താമസിക്കുന്നതു്."

ശിബറാം:— "ഇതു് ഒരു ഒതുങ്ങിയ സ്ഥലമായിപ്പോയി. ഒരു ലേഡിഡാക്ടൎക്കു പ്രാക്ടീസുചെയ്യാൻ പററുമൊ ഈ സ്ഥലം?"

മദൻബാബു:— "ഒന്നുമില്ല. റോഡിൽ ഒരു ചൂണ്ടുപലക ഞങ്ങറം വച്ചിട്ടുണ്ടു്. അതു കണ്ടില്ലേ? ഇവിടെ കുറവൊന്നുമില്ല. ഞങ്ങളുടെ സ്ഥലത്തു താമസിക്കുന്നവരെല്ലാം ഇങ്ങോട്ടു വരുന്ന രോഗികറംക്കു വഴികാട്ടിക്കൊടുക്കാറുണ്ടു്. ആ രണ്ടു വീടുകറംക്കും താരതമ്യേന കൂടുതൽ വാടക കിട്ടുന്നുണ്ടു്. ഈ മൂന്നു കെട്ടിടങ്ങളിൽ നിന്നും 150 രൂപയോളം വാടക കിട്ടും."

അവസാനമായി ശിബറാം കാൎയ്യം നിശ്ചയിച്ചുറച്ചു. വിരൂപയായാലും ഈ കുട്ടിയെ അയാറം കല്യാണം കഴിക്കും. മാസന്തോറും 150 രൂപാ കിട്ടുകയെന്നു വച്ചാൽ അതു ഒരു നേരംപോക്കോ! ഇതിനുംപുറമേ രൊക്കമിരുപ്പുള്ള പണം, ആഭരണം മുതലായ മററു സാധനങ്ങളും!

മദൻബാബു വളരെ മൎയ്യാദയായിട്ടാണു പെരുമാറിയതു്. അദ്ദേഹം കൈ കൂപ്പിക്കൊണ്ടു പറഞ്ഞു. "കാപ്പിയൊ പലഹാരമോ വല്ലതും കഴിക്കണം"

"അങ്ങനെ ലോകിയവും മററും വേണമെന്നില്ല. നിങ്ങളുടെ മകളെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു" എന്നു ശിബു ഒരുവിധം വിക്കിവിക്കി പറഞ്ഞു.

മദൻബാബു:— "കൊള്ളാം. അങ്ങനെ ആവാമല്ലോ. ആദ്യം ഞാൻ അകത്തുചെന്നു് അവരോടു വിവരം പറയട്ടെ"

അയാറം അകത്തേക്കു പോയപ്പോറം ശിബറാമിനുണ്ടായ ഉൽകണ്ഠ ഇത്രയെന്നു പറവാൻ വിഷമം. മദൻബാബുവിൻെറ മകറം ഏതു തരത്തിലുള്ള കുട്ടിയായിരിക്കുമെന്നു് അയാറം ആശ്ചൎയ്യപ്പെട്ടു. അവറം സുന്ദരിയായിരുന്നുവെങ്കിൽ കാൎയ്യമെല്ലാം നന്നായിരുന്നു. വലിയ സുന്ദരിയായിരുന്നില്ലെങ്കിലും അയാളുടെ അമ്മ മുമ്പു് ഒരു വധുവിനെ വിവരിച്ചതുപോലെ നല്ല മുഖവും താഴത്തെ ചുണ്ടിനെ ആക്രമിക്കുന്ന പല്ലുമുള്ളവളായിരുന്നാലും മതിയായിരുന്നു. മുഖം സ്വല്പം കറുത്തിരുന്നാലും വിശാലമായ കണ്ണുകളും ഭംഗിയേറിയ പുരികങ്ങളും ഉണ്ടായിരുന്നാലും ധാരാളം മതി. മൂക്കു് ഓടക്കുഴൽപോലെ നേരെ നീണ്ടു് ഇരുന്നാലും തരക്കേടില്ലായിരുന്നു.

വേലക്കാരിയുടെ ശബ്ദംകേട്ടു. "ഞാൻ ഒരു നിമിഷത്തിനുള്ളിൽ തിരിച്ചുവന്നേക്കാം" എന്നവൾ ഉറക്കെ പറഞ്ഞു് അരയിൽ കുറെ നാണയങ്ങൾ തിരുകിക്കൊണ്ടു കോവണിപ്പടി വേഗത്തിൽ ഇറങ്ങി.

ശിബ്രാമിൻെറ ഹൃദയം അസ്വസ്ഥമായി തുടിക്കാൻ തുടങ്ങി. അതാ പെൺകുട്ടി വരുകയാണു്! ആതു് ഒരു ഭയങ്കരസ്വരൂപിയായിരുന്നുവെങ്കിൽ അയാൾ എന്തുചെയ്യും? ഈ സന്ദർഭത്തിൽ അവിടെനിന്നും തിരിച്ചുപോകുവാൻ അയാൾ ധൈര്യപ്പെട്ടുമില്ല. കൽക്കട്ടാനഗരത്തിൽ നാലു കെട്ടിടങ്ങളും പ്രവർത്തനത്തിനു് ഒരു ഉണ്ടിയൽകടയും കൊടുക്കാനാരുണ്ടു്? ഈ വിചാരധാര അയാളെ പ്രതിനിവർത്തിപ്പിച്ചു വീണ്ടും ചിന്തിക്കുവാൻ പ്രേരിപ്പിച്ചു.

വധുവിൻെറ ആഗമനത്തെ സൂചിപ്പിക്കുന്ന ശബ്ദങ്ങൾ കേട്ടു. പട്ടുസാരിയുടെ മർമ്മരവും, സുവർണ്ണഭൂഷണങ്ങളുടെ ശിഞ്ജിതവും, സംഭാഷണത്തിൻെറ മന്ദസ്വരവും അയാൾ ശ്രവിച്ചു. ശിബ്രാം വീണ്ടും ധൈര്യം അവലംബിച്ചു് അവിടെത്തന്നെയിരുന്നു.

വാലിയക്കാരി ഒരു തട്ടംനിറയെ മധുരപലഹാരങ്ങളുമായി മുറിയിൽ പ്രവേശിച്ചു. അവളോടുകൂടി ഒരു ചെറിയ മൊന്തയുമായി വധുവുമുണ്ടായിരുന്നു. മദൻബാബു പുത്രിയെ അനുഗമിച്ചു. ശിബ്രാമിനു തല ഉയർത്തി നോക്കുവാൻ സാധ്യമായില്ല. അയാൾ സുവർണ്ണഖചിതമായ ഒരുജോടി ചെരിപ്പുകളും ഒരു ചുവന്ന ബനാറീസ്സാരിയും മാത്രമെ കണ്ടുള്ളു.

മദൻബാബു:— "ഇതാണു് എൻെറ മകൾ തരംഗിണി. നിങ്ങളുമായി പരിചയപ്പെടുത്തുവാൻ കൊണ്ടുവന്നിരിക്കുകയാണു്".

ശിബ്രാം ഇപ്പോൾ തല ഉയർത്തി അവളെ ഉപചരിക്കാൻ നിർബന്ധിതനായി. അവൾ കുബ്ജയോ കോങ്കണ്ണിയൊ അല്ലെന്നു കണ്ടപ്പോൾ അയാൾക്കു വളരെ ആശ്വാസം തോന്നി. എന്നാൽ പവിഴംപോലുള്ള വലിയ ദന്തങ്ങൾക്കു ശിബുവിനുള്ള പ്രത്യേകവാത്സല്യം ദൈവം അറിഞ്ഞിട്ടുള്ളതുപോലെയാണു കണ്ടതു്. ഈ സൗന്ദര്യധാമത്തിൻെറ മുകൾവരിയിലെ സാമാന്യം വലിയ ദന്തനിരകളാൽ താഴത്തെ ചുണ്ടു മുഴുവനും ആക്രമിക്കപ്പെട്ടിരുന്നു. മുകളിലെ ചുണ്ടിൻെറ സഹായംകൊണ്ടു് ആ ദന്തനിരകളെ മറയ്ക്കുന്നതിനായി ആ സാധ്വി അതിയായ ശ്രമം വൃഥാ ചെയ്തു. സ്വല്പം ഇരുണ്ടിരുന്നെങ്കിലും അവളുടെ മുഖം തീരെ കറുപ്പല്ലായിരുന്നു. ശിബു കാച്ചുമമ്പു കണ്ട തടിച്ച സ്ത്രീയുമായി ഈ മെലിഞ്ഞപെൺകുട്ടിക്കു യതൊരു സാമ്യവുമുണ്ടായിരുന്നില്ല.

മദൻബാബു:— "അവളോടു വല്ലതും ചോദിക്കണം."

ശിബറാം ലജ്ജാസമന്വിതം ഒന്നു മന്ദഹസിച്ചുകൊണ്ടു് "എവിടെയാണു് പഠിക്കുന്നതു്?" എന്നു ചോദിച്ചു.

"ഞാൻ ബെൽത്താലായിൽ മദ്ധ്യക്ലാസ്സിലാണു്" എന്നവൾ ദന്തനിരകളെ മുഴുവൻ വെളിക്കു കാണിച്ചുകൊണ്ടു ഉത്തരം പറഞ്ഞു.

സംഭാഷണം ഇതിൽ കൂടുതൽ പുരോഗമിച്ചില്ല. ശിബു കുറെ ഫലഹാരവും ചായയും കഴിച്ചു വീട്ടിലേക്കു പോകാനായി എഴുന്നേററു. വധു അതിനു മുമ്പേതന്നെ പോയിക്കഴിഞ്ഞിരുന്നു.

മദൻബാബു:— "നിങ്ങൾക്കു സമ്മതമാണോ അല്ലയോ എന്നറിയണം."

ശിബു:— "എനിക്കു തൃപ്തിയായി. കല്യാണത്തിനു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്യാം."

മദൻ ബാബു സന്തോഷം കൊണ്ടു കൈതിരുമ്മി.

മദൻബാബു:— "എങ്കിലും ആദ്യമായി ചില അടിയന്തിരചടങ്ങുകൾ എല്ലാം നടത്തേണ്ടതായിട്ടുണ്ടു്. ഇതിനായി നിങ്ങളുടെ മാതാവിനെ ഞാനൊന്നുപോയി കാണട്ടേ?"

ശിബറാം ഉദ്വേഗത്തോടെ തടുത്തു. "ദയവുചെയ്തു ഒന്നും വേണ്ട. എൻെറ അമ്മ വളരെ പഴയ മട്ടുകാരിയാണു്. അവൾക്കു സ്ത്രീകളുടെ സ്വാതന്ത്ര്യവും മററും രസമില്ല. ഒരു മിഡ്‌വൈഫിൻെറ മകളെ എൻെറ മകനു ഭാര്യയായി വേണ്ടെന്നു പറയാനും മതി"

അയാൾക്കു സംസാരിക്കുന്നതിനു ഒട്ടും സമ്മതമുണ്ടായിരുന്നില്ലെങ്കിലും അമ്മ ഇടപെട്ടേക്കുമോ എന്നുള്ള ഭയം കൊണ്ടാണു് ഇത്രയും പറഞ്ഞതു്. എങ്കിലും മദൻബാബു ഒട്ടും തന്നെ പരിഭവപ്പെട്ടതായി കണ്ടില്ല.

ദൻബാബു:— "ശരിയാണു്. മാമൂൽപ്രിയരായ ഹിന്ദുവിധവകൾ മിക്കവാറും അങ്ങനെയാണല്ലോ."

അതുകൊണ്ടു വിവാഹം രഹസ്യമായിത്തന്നെ യഥാവിധി നിർവ്വഹിക്കപ്പെട്ടു. ശിബു അയാളുടെ അമ്മയോടു് ഇതിനെപ്പററി യാതൊന്നും പറഞ്ഞതുമില്ല. ഒരു വജ്രമോതിരം, ഒരു സ്വർണ്ണറിസ്ററുവാച്ചു്, ബനാറീസു പട്ടുകൊട്ടുള്ള വസ്ത്രങ്ങൾ, വെള്ളിപ്പാത്രങ്ങൾ മുതലായി ഒരു വരനു് ആവശ്യമുള്ള സകലതും വധുവിൻെറ പിതാവു ശിബുവിനു സമ്മാനിച്ചു. തരംഗിണിയും സുവർണ്ണാഭരണങ്ങൾ അടിമുതൽ മുടിവരെ അണിഞ്ഞിട്ടുണ്ടായി

രുന്നു. സ്വർണ്ണത്തിന്റെ വില വർദ്ധിച്ചാൽ ഇതിനെല്ലാംകൂടി 2000 രൂപാ വിലവരുമെന്നു ശിബു മനസ്സുകൊണ്ടു നിശ്ചയിച്ചു. ഇതിനുംപുറമേ ചില വീട്ടുസാമാനങ്ങളുമുണ്ടായിരുന്നു. എല്ലാത്തിനുംകൂടി ശിബു 3000 രൂപയോളം വിലമതിച്ചു. മദൻബാബുവിന്റെ ബുദ്ധിമോശത്തെപ്പററി അയാൾക്ക് അതിയായി ആശ്ചര്യം തോന്നി. ഈ അനാവശ്യസാമാനങ്ങൾക്ക് ഇത്രത്തോളം പണം മുടക്കി ഇടാതെ ആ തുക ഉണ്ടിയൽകടയിൽ മുടക്കിയിരുന്നുവെങ്കിൽ അതിന് ആണ്ടോന്നുക്കു മൂന്നൂറുരൂപായോളം പലിശ കിട്ടും. എങ്കിലും പുതിയതായി കല്യാണംകഴിച്ച ഒരു വരനെന്നുള്ള നിലയിൽ ഇതിനെപ്പററി അയാൾക്കൊന്നും പറയാൻ പാടില്ലായിരുന്നു.

ഈയാളുകൾ വലിയ മാമൂൽപ്രിയരല്ലായിരുന്നു. അതുകൊണ്ടു വിവാഹദിവസം രാത്രിയിൽതന്നെ തന്റെ നവോഢയുമായി സംസാരിക്കുന്നതിനുള്ള അവസരം ശിബുവിനു ലഭിച്ചു.

മുറിയിൽ ആരുമുണ്ടായിരുന്നില്ല. വധു അവളുടെ ക്ഷീണിച്ച ശിരസ്സു രണ്ടുകൈകൊണ്ടും താങ്ങിക്കൊണ്ടിരിക്കയായിരുന്നു. ശിബറാം തന്റെ ശബ്ദത്തെ കഴിയുന്നതും മന്ദവും സ്നേഹപുരസ്സരവുമാക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു. "തരംഗിണി, അമ്മയുടെ അടുക്കൽനിന്നു പെട്ടെന്നുള്ള ഈ വേർപാടുകൊണ്ടു വല്ല വല്ലായ്മയും തോന്നുന്നുണ്ടോ? ഇപ്പോൾതന്നെ നിന്നെ കൊണ്ടുപോകണമെന്നു ഞാൻ വിചാരിക്കുന്നില്ല."

തരംഗിണി തലയുയർത്തി പറഞ്ഞു:— "പിരിഞ്ഞുപോകുന്നതിൽ ഞാൻ സങ്കടപ്പെടുന്നതിന് എന്റെ അമ്മ എവിടെ?"

ശിബറാം കൺമിഴിച്ചു. അയാൾ ചോദിച്ചു:— "നീ മദൻബാബുവിന്റെ മകളല്ലേ? അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി രാധാബിനോദിനിഗൃഹ നിന്റെ അമ്മയുമല്ലേ?"

"ഞാൻ മദൻബാബുവിന്റെ മകളാണെന്നുള്ളതു വാസ്തവമാണ്. പക്ഷേ രാധാവിനോദിനി എന്റെ കൊച്ചമ്മയാണ്" എന്നു് അയാളുടെ നവോഢ മറുപടിപറഞ്ഞു.

ശിബുവിനു ശബ്ദിക്കാൻ ഒച്ച പൊങ്ങിയില്ല. അയാൾ നിരാശയോടെ ചോദിച്ചു:— "നിന്റെ കൊച്ചമ്മ നിന്നെ സ്നേഹിക്കുന്നില്ലേ? അവർക്കു വേറെ കുട്ടികളില്ലെന്നാണല്ലോ ഞാൻ കേട്ടതു്."

തരംഗിണി:— "അവർക്ക് ഈ വിവാഹത്തിൽ കുട്ടികളില്ല. അച്ഛനു ഞാൻ ഒരു കുട്ടിമാത്രമേയുള്ളു. കൊച്ചമ്മയ്ക്കു് ആദ്യത്തെ ഭർത്താവിൽ രണ്ടു കുട്ടികളുണ്ട്. വാസ്തവസംഗതികളെല്ലാം അങ്ങയിൽനിന്നും മറച്ചുവ

ച്ചകാരണം അവരുടെ അമ്മയോടും കൊച്ചച്ഛനോടും പിണങ്ങിയതുകൊണ്ടാണ് അവർ കല്യാണത്തിനു വരാതിരുന്നതു്.

ശിബറാം രണ്ടുകൈകൊണ്ടും മുഖം മറച്ചു നിശ്ശബ്ദമായിരുന്നു. കാര്യങ്ങളെല്ലാം വിശദപ്പെടുത്തേണ്ട അവശ്യമുണ്ടെന്നു തരംഗിണിക്കു ബോദ്ധ്യപ്പെട്ടു. അവൾ പറഞ്ഞു. "ഞാൻ അച്ഛനോട് ഇങ്ങനെ ചെയ്യരുതെന്നപേക്ഷിച്ചു. എങ്കിലും അങ്ങയോടു കളവൊന്നും പറയുകയില്ലെന്നും ധാരാളം നല്ല സമ്മാനം കൊടുക്കാമെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ "പൂജാ" സമ്മാനമായി അനവധി സമാനങ്ങൾ അങ്ങയെ തൃപ്തിപ്പെടുത്തത്തക്കവിധത്തിൽ കൊടുത്തുകൊള്ളാമെന്നും അദ്ദേഹം ഏററു."

ആ പെൺകുട്ടി പരമാർത്ഥമാണു പറയുന്നതു് എന്നു വിശ്വസിക്കാതിരിക്കാൻ ശിബുവിനു നിവൃത്തിയില്ലായിരുന്നു. മദൻബാബു അയാളോടു കളവൊന്നും പറഞ്ഞിരുന്നില്ല. കാര്യങ്ങളെല്ലാം ഇത്തരത്തിൽ പരിണമിച്ചതു് അയാളുടെ കഷ്ടകാലം ഒന്നുകൊണ്ടുമാത്രമാണ്. എങ്കിലും ഉണ്ടിയൽകടയുണ്ടല്ലൊ. അവിടെ ഒരു ജോലി കിട്ടിയേക്കാം.

## ഇൻഡ്യയിൽ സാക്ഷരത്വം എങ്ങനെ എത്ര കാലംകൊണ്ടു സാർവ്വത്രികമാക്കാം. *

മനുഷ്യവർഗ്ഗത്തിൽ പകുതിഭാഗവും അക്ഷരജ്ഞാനമില്ലാത്തവരാണ്. ഇതു് എത്ര ഭയങ്കരം! ലോകത്തിലെ അക്ഷരജ്ഞാനമില്ലാത്തവരിൽ മൂന്നിൽ ഒരു ഭാഗം ഇൻഡ്യയിലാണത്രെ! ഇതു് എത്രമേൽ ഭയങ്കരം! ഇൻഡ്യയിലെ 35 കോടി ജനങ്ങളിൽ രണ്ടരക്കോടി ജനങ്ങൾക്കു മാത്രമെ എഴുത്തും വായനയും വശമുള്ളു—പതിനാലുപേരിൽ ഒരുത്തനുമാത്രം. സ്ത്രീകളിൽ അൻപതുപേരിൽ ഒരാൾക്കുമാത്രമെ എഴുതാനും വായിക്കാനും അറിയാവു. ഇപ്പോഴത്തെ ക്രമംതന്നെ തുടൎന്നുപോവുകയാണെങ്കിൽ ജപ്പാനെപ്പോലെ ഇൻഡ്യയ്ക്കു സാക്ഷരത്വം പ്രാപിക്കണമെങ്കിൽ 920 സംവത്സരം വേണ്ടിവരും. എന്തുകൊണ്ടെന്നാൽ ഇൻഡ്യയിലെ 92 ശതമാനം ജനങ്ങളും അക്ഷരജ്ഞാനശൂന്യരാണ്. പത്തുകൊല്ലത്തിനിടയ്ക്ക് ഇവിടെ വൎദ്ധിച്ചിട്ടുള്ള സാക്ഷരത്വം നൂററിന് ഒന്നുമാത്രമാണ്.

* ഡാക്ടർ ഫ്രാക്സിലബാക്ക് നാഷണൽ ക്രിസ്ത്യൻകൗൺസിൽ റവ്യൂവിൽ എഴുതിയിട്ടുള്ള ലേഖനത്തിൻെറ ചുരുക്കം.

നിരക്ഷരത്വപ്രശ്നം ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും അപ്രമേയമത്രെ.

ഈ നിരക്ഷരകുക്ഷികൾ പുരോഗമനത്തിനു പ്രതിബന്ധമാണെന്നു തെളിയിക്കേണ്ട വല്ല ആവശ്യവുമുണ്ടോ? റഷ്യയിലെ സമഷ്ടിവാദികളിൽനിന്നും അനേകം കാൎയ്യങ്ങൾ നമുക്കു ഗ്രഹിക്കാനുണ്ട്. അവയിൽ ഒട്ടും അപ്രധാനമല്ലാത്തതായ ഒരു കാൎയ്യം നിരക്ഷരത്വത്തെക്കുറിച്ച് അവർ എന്തു വിചാരിച്ചിരുന്നു എന്നും തൽപരിഹാരാൎത്ഥം അവർ എന്തു ചെയ്തു എന്നും അറിയുന്നതാണ്. അവർ ഭരണം കൈയേററപ്പോൾ ജനങ്ങളിൽ 66 ശതമാനവും എഴുതാനോ വായിക്കാനൊ അറിയാൻ പാടില്ലാത്തവരായിരുന്നു. ഇതു് ഒരശ്ശുഭാവസ്ഥയാണെന്നായിരുന്നു അവർ പറഞ്ഞതു്. എന്തുകൊണ്ടെന്നാൽ 66 ശതമാനം ജനങ്ങളെ സമഷ്ടിവാദസിദ്ധാന്തം ശീലിപ്പിക്കുന്നതിന് അനേകം ശതാബ്ദങ്ങൾ വേണ്ടിവരും. അതുകൊണ്ടു സാക്ഷരത്വവും തങ്ങളുടെ പഞ്ചവത്സരപദ്ധതിയിൽ അവർ ഉൾപ്പെടുത്തി. ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തൊന്നോടുകൂടി റഷ്യയിലെ സാക്ഷരത്വം 90 ശതമാനമായി വൎദ്ധിച്ചു. പത്തുകൊല്ലംകൊണ്ടു 57 ശതമാനം! ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തെട്ടോടുകൂടി നിരക്ഷരത്വത്തെ നിശ്ശേഷം ഉന്മാൎജ്ജനം ചെയ്യാമെന്ന് അവർ പ്രതീക്ഷിക്കുന്നു. അവരുടെ ഈ അഭിപ്രായം ശരിയായിരുന്നു. ഏതുതരം പ്രചരണവേലയ്ക്കും ഈ നിരക്ഷരകുക്ഷികളായ സാമാന്യജനങ്ങളെ സ്പൎശിക്കുന്നതിനു സാധിക്കുകയില്ല. അവരെ സംബന്ധിച്ചിടത്തോളം സകല മാററങ്ങളും അശ്ശുഭോദൎക്കവും അനാദികാലം മുതൽക്കുള്ള ആചാരങ്ങൾ മാത്രം സ്വീകാൎയ്യവുമാണ്.

സാക്ഷരത്വപ്രചരണശ്രമം ഫിലിപ്പൈൻദ്വീപുകളിൽ പൂൎണ്ണവിജയത്തിൽ കലാശിച്ചു. ആദ്യം ഈ പ്രസ്ഥാനം ലാനയോ സംസ്ഥാനത്തിലെ മഹമ്മദീയരായ മോറോ വൎഗ്ഗക്കാരുടെ ഇടയിലാണു സമാരംഭിക്കപ്പെട്ടിട്ടുള്ളതു്. ഈ വൎഗ്ഗക്കാർ ഇൻഡ്യയിലെ മഹമ്മദീയരെപ്പോലെതന്നെ വിദ്യാഭ്യാസവിഷയത്തിൽ ഉൽകൃഷ്ടന്മാരായിരുന്നുവെങ്കിലും അവരിൽനിന്നും വളരെ പിന്നണിയിലായിരുന്നു. അക്ഷരജ്ഞാനമില്ലാത്തവരെ പഠിപ്പിക്കുന്നതിനു വേണ്ടിവരുന്ന സമയത്തെ കഴിയുന്നതും കുറയ്ക്കുന്നതിനു മാൎഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനാണു ഞങ്ങൾ ആദ്യം ശ്രമിച്ചതു്. ഒടുവിൽ അനായാസേന ഞങ്ങൾ അല്പകാലംകൊണ്ടു കാൎയ്യം സാധിച്ചു. പലപ്പോഴും ഞങ്ങൾ വിദ്യാൎത്ഥികളെ ഒരു മണിക്കൂറിനുള്ളിൽ മൂന്നു ചെറിയ പാഠങ്ങൾ മുഴുവൻ പഠിപ്പിക്കുകയും ലഘുവായ വാചകങ്ങൾ വായിക്കാൻ പ്രാപ്തരാക്കുകയും ചെയ്തുവന്നു. ഒരു വിദ്യാൎത്ഥിക്ക് അക്ഷരമാല മുഴുവൻ വശമാക്കുന്നതിന് ഒരു ദിവസത്തിൽ അധികം വേണ്ടിവരുന്നതു വളരെ അപൂൎവ്വമാണ്.

ഞങ്ങൾ ഇതിനായി 20 അദ്ധ്യാപകന്മാരെ നിയമിച്ചു. നാട്ടിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും ഉത്സാഹജനകമായ വിവരണങ്ങൾ ഞങ്ങൾക്കു കിട്ടിക്കൊണ്ടിരുന്നു. ഈ അവസരത്തിലാണു സാമ്പത്തികാധഃപതനം നേരിട്ടതു്. ഈ ദുരന്തം ഒരു ദൈവാനുഗ്രഹമായിത്തന്നെ പരിണമിച്ചു. എന്തുകൊണ്ടെന്നാൽ അതു് ഞങ്ങളെ അടുത്ത പതനത്തിലേക്കു പ്രവേശിക്കാൻ പ്രേരിപ്പിക്കയാണുണ്ടായതു്. ലാനായോവിലെ പ്രധാനികളെ വിളിച്ചുവരുത്തി അദ്ധ്യാപകന്മാരിൽ രണ്ടുപേരെ ഒഴിച്ചു മറെറല്ലാവരേയും പിരിച്ചയക്കേണ്ടതായിരിക്കുന്നുവെന്നു ഞങ്ങൾ അവരോടു തുറന്നുപറഞ്ഞു. സാക്ഷരതാപ്രചരണശ്രമം ഒന്നുകിൽ നിറുത്തണം, അല്ലെങ്കിൽ ജനങ്ങൾ തന്നെ സൗജന്യമായിഅതു നടത്തിക്കൊണ്ടുപോകണം എന്നും ഞങ്ങൾ അവരെ അറിയിച്ചു. ഇതിനു് അവർ മറുപടിപറഞ്ഞതു് അതിൻെറ മാഹാത്മ്യം ഓത്താൽ അതു് നിറുത്തത്തക്കതല്ലെന്നും തുടന്നുകൊണ്ടുപോകുന്നതിനു ശ്രമിക്കാമെന്നും ആയിരുന്നു. എല്ലാ അദ്ധ്യേതാക്കളും അവരുടെ കുടുംബത്തിലേയും അയൽവീടുകളിലേയും അദ്ധ്യാപകരാവാൻ എന്തുകൊണ്ടുപാടില്ല? ഈ പുതിയ പ്രസ്ഥാനത്തിൽ സ്വല്പം ചില ആശങ്കകളോടുകൂടി ഞങ്ങൾ പ്രവേശിച്ചു. എന്തുകൊണ്ടെന്നാൽ ഇൻഡ്യയിൽ കാണുന്നപോലെയുള്ള ശ്ലാഘ്യമായ പരസ്പരസൗഹാർദ്ദവും സഹായശീലവും മോറോവർഗ്ഗക്കാക്കില്ല. ഫലം ഇത്രത്തോളം നന്നായിരിക്കുമെന്നു സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നതുമില്ല.

പൂർവ്വപരിശീലനമൊന്നുമില്ലാത്തവക്കുംകൂടി ഗ്രഹിക്കത്തക്കവിധത്തിൽ ഞങ്ങൾക്കു ഞങ്ങളുടെ ചാർട്ടുകൾ ആവത്തിച്ചെഴുതേണ്ട ആവശ്യം നേരിട്ടു. വളരെ തുഛമായ വിലയ്ക്കോ സൗജന്യമായോ കൊടുക്കത്തക്കവിധത്തിൽ അവയെ ചെറിയതോതിൽ അച്ചടിപ്പിക്കേണ്ടതായിവന്നു. വാദ്ധ്യാന്മാരെ അയയ്ക്കുന്നതിനുപകരം ഞങ്ങൾതന്നെ ഗ്രാമങ്ങളിൽപോയി പ്രസ്ഥാനത്തെ നടപ്പിൽ വരുത്തേണ്ടിയിരുന്നു. ഈ മിഥ്യാവിപത്തിൽനിന്നും ഇൻഡ്യയുടെ അപാരമായ ആവശ്യത്തിനു വളരെ യോജിച്ച ഒരു മാർഗ്ഗം ഉത്ഭവിച്ചു. അഞ്ചുവഷത്തിനിടയ്ക്കു ലാനായോവിലെ സാക്ഷരതാം 50 ശതമാനത്തിലധികം വദ്ധിച്ചതായി ഞങ്ങൾകണ്ടു. എൻെറ അനുഭവംകൊണ്ടു് എനിക്കു തോന്നുന്നതു് ഈ മാതിരിയുള്ള വിദ്യാഭ്യാസക്രമം മോറോവർഗ്ഗക്കാരുടേതിനേക്കാൾ ഭാരതീയരുടെ സ്വഭാവത്തിനു് അനുയോജ്യമാണെന്നാണു്. ഇൻഡ്യയിലെ ഗ്രാമങ്ങൾ ഈ മാതിരി പരീക്ഷണത്തിനു പററിയവയുമത്രേ. ചുരുക്കത്തിൽ ഇതാണു് അവിടത്തെ പ്രവത്തനരീതി.

1. ഒന്നാംപാഠപുസ്തകങ്ങൾ ആയിരക്കണക്കിനു തയ്യാറാക്കുന്നു. ലാനായോവിൽ ഞങ്ങൾ ഇതു് സൗജന്യമായി വിതരണംചെയ്യും. ഉടമാ

തിരിപ്പുസ്തകങ്ങൾ ഒരു സെൻറ് (നാണയം) ചിലവാക്കിയാൽ പത്തെണ്ണം തീരുന്നതാണ്. ഇൻഡ്യയിൽ ആവശ്യമുള്ള ഇത്തരം പാഠപുസ്തകങ്ങൾക്ക് ഒരെണ്ണത്തിന് ഒരു പൈവീതം ചെലവാക്കിയാൽമതി. ഇതും ഒരു പെൻസിലും മാത്രമേ നമുക്കാവശ്യമുള്ളു.

2. ഈ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിനു യാതൊരു മുൻപരിചയവും ആവശ്യമില്ലാത്തവിധം അവ അത്രയ്ക്കു ലഘുവാണ്.

3. ഒരേസമയത്ത് ഒരു വിദ്യാർത്ഥിമാത്രം പാഠം വായിക്കുന്നു. ശേഷമുള്ളവർ ശ്രദ്ധിച്ചു മിണ്ടാതെ നോക്കിക്കൊണ്ടിരിക്കുകമാത്രം ചെയ്യും.

4. ആ ഒററ വിദ്യാർത്ഥിമാത്രം പതിനഞ്ചുമിനിട്ടു നേരത്തേക്കു ഒരു ചെറിയ പാഠം പഠിക്കുന്നു. അതുകഴിഞ്ഞു അയാൾ മറെറാരു അക്ഷരജ്ഞാനമില്ലാത്തവനെ ആ പാഠംതന്നെ പഠിപ്പിക്കും. ഈ സമയമെല്ലാം അദ്ധ്യാപകൻ പഠിപ്പിക്കുന്നതു നോക്കിക്കൊണ്ടിരിക്കുക മാത്രമേ ചെയ്യുന്നുള്ളു. ആ വിദ്യാർത്ഥിയെ ഒരദ്ധ്യാപകനാക്കാമെന്ന് ആരംഭത്തിൽതന്നെ അയാളോടു പറയുന്നു.

5. ഒന്നോ രണ്ടോ പേരെ അദ്ധ്യാപകൻെറ മേൽനോട്ടത്തിൽതന്നെ അയാൾ പഠിപ്പിക്കണം. അതിനുശേഷം അവരോടു വെളിയിൽപോയി അന്നു എത്രപേരെ പഠിപ്പിക്കാമോ അത്രയുംപേരെ പഠിപ്പിച്ചു അവരുടെ പേരുകൾ കുറിച്ചു പിറേറദിവസം കാലത്ത് കൊണ്ടുവരുവാൻ ആജ്ഞാപിക്കുന്നു. പഠിപ്പിക്കുമ്പോഴാണു നാം നല്ലപോലെ പഠിക്കുന്നത്.

6. വായനയോടുകൂടി എഴുത്തും പഠിപ്പിക്കുന്നു.

7. അന്നു കഴിവുള്ളിടത്തോളം നിരക്ഷരന്മാരെ ആദ്യപാഠം പഠിപ്പിക്കുന്നതിനു പ്രാപ്തന്മാരാക്കുന്നു. അതിനുശേഷം അവർക്ക് ഓരോരുത്തർക്കും ഓരോ ഒന്നാംപാഠംവീതം കൊടുത്തു തങ്ങൾ പഠിപ്പിക്കുന്ന ആളുകളെതന്നെ കഴിവുള്ളിടത്തോളം അദ്ധ്യാപകന്മാരാക്കാൻ ആജ്ഞാപിക്കും. ഒരേസമയത്തുതന്നെ നൂറോളം ആളുകൾ ഒരു പള്ളിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതായി ഞാൻ കാണുകയുണ്ടായി. അവർക്കതിൽ ബഹുതാല്പര്യ്യമാണ്. ഗ്രാമീണർ ജാലവിദ്യകൊണ്ടെന്നപോലെ വായിക്കാൻ പഠിക്കുന്നു. എന്തുകൊണ്ടെന്നാൽ പാഠങ്ങൾ ഗുണിതക്രമം അനുസരിച്ചാണു പരക്കുന്നത്. പുരോഗമനത്തിൻെറ ഗതിയെ നിർണ്ണയിക്കാൻ പ്രയാസമാണ്.

8. പിറേറദിവസം ആദ്യപാഠം പഠിച്ചവരെതന്നെ രണ്ടാമത്തെ പാഠവും പഠിപ്പിക്കുന്നു. ഒന്നാമത്തെ പാഠം കഴിവുള്ളിടത്തോളം ആളുകൾ പഠിക്കുന്നതുവരെ ക്ഷമിക്കാൻ പക്ഷേ നിങ്ങൾ ആഗ്രഹിച്ചേക്കാം.

9. വായിക്കാൻ അറിയുക എന്നുള്ളതു് യോഗ്യതാചിഹ്നമായി ഗണിക്കപ്പെട്ടിരിക്കുന്ന ഗ്രാമത്തിൽ ഒരൊററ ആളുപോലും ഏതെങ്കിലും പ്രതിബന്ധമുണ്ടെങ്കിലല്ലാതെ—അക്ഷരജ്ഞാനം ഇല്ലാത്തവനായിരിക്കാൻ അനുവദിച്ചുകൂടാ.

10. ജനങ്ങൾ സംസാരിക്കുന്നഭാഷയിൽതന്നെ ഒരു ചെറിയ ലഘുവായ മാസികനടത്തി എല്ലാഗൃഹത്തിലും അതു വാങ്ങിപ്പിക്കുന്നതിനു ശ്രമംചെയ്തുവരുന്നു.

11. വേദകഥകൾ ചെറിയ സുഗ്രാഹ്യമായ വാചകങ്ങളിൽ രചിക്കപ്പെടുന്നു. ഇതിനും പുറമേ ആരോഗ്യം, സന്മാർഗ്ഗം, ശുചീകരണം, ഭൂവിവരണം മുതലായി മനസ്സിനെ വികസിപ്പിക്കുന്നതും ഉന്മേഷം നൽകുന്നതുമായ വിഷയങ്ങളടങ്ങിയ ലഘുലേഖകളും പ്രചരിപ്പിക്കുന്നു.

12. മാസികകളും ലഘുലേഖകളും പുസ്തകങ്ങളും വില്ക്കുന്ന വകുപ്പിന്റെ നേതാവായിട്ടു കിട്ടാവുന്നതിൽ ഏററവും യോഗ്യനായ ആൾതന്നെ വേണം.

13. അദ്ധ്യാപകനു അദ്ധ്യേതാവു എത്രതന്നെ ബുദ്ധിശൂന്യനായിരുന്നാലും ഒരിക്കലും കുറയാത്ത വാത്സല്യമുണ്ടായിരിക്കണം.

നാം അജ്ഞാനത്തിൽനിന്നും ഒരുത്തനെ മോചിപ്പിച്ചു നമ്മുടെ ഹൃദയം സ്നേഹംകൊണ്ടു് എങ്ങിനെ കവിഞ്ഞൊഴുകുന്നുവെന്നു അയാളെ മനസ്സിലാക്കുകയും അയാളുടെ അരികിൽ ഇരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഇരുപേരുടേയും ഹൃദയങ്ങൾ ദൃഢമായ സ്നേഹംകൊണ്ടു ബന്ധിക്കപ്പെടുന്നു. ഇതിനുമുമ്പു ആരുംതന്നെ അയാൾക്കു് ഇത്രത്തോളം സ്നേഹപരിചരണം നൽകിയിട്ടില്ല.

ഞങ്ങളുടെ ആന്തരമായ ഉദ്ദേശ്യം വിദ്യാർത്ഥികളിൽ സ്നേഹം ജനിപ്പിക്കണമെന്നുള്ളതാകകൊണ്ടു് അവരെ മുഷിപ്പിക്കാതിരിക്കാൻ ഞങ്ങൾ കഴിയുന്നതും ശ്രമിക്കുന്നു. ഉത്തരംപറയാൻ അവർക്കു സാധിക്കാത്ത യാതൊരു ചോദ്യവും അവരോടു ചോദിക്കയില്ല. ഞങ്ങൾ ഒരിക്കൽ പരികംപുളുക്കയോ, ധൃതഗതിയിൽ കാര്യം പ്രവർത്തിക്കയോ ഒരിക്കലും "അല്ല" എന്നോ "ഇല്ല" എന്നോ പറകയോ ചെയ്കയില്ല. ഒരു തെററുപറയുമ്പോൾ ഞങ്ങൾ അവരെ തിരുത്തുകയാണെന്നു് അവരെ അറിയിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അക്ഷരജ്ഞാനമില്ലാത്ത അവർക്കു തങ്ങൾ മൂഢന്മാരാണെന്നു സാധാരണയായി ഒരു ബോധമുണ്ടു്. പഠിക്കാൻ തനിക്കു പ്രാപ്തിയില്ലെന്നാണു് അയാളുടെ ബോധം. അതുകൊണ്ടു് അയാൾക്കു പഠിക്കാൻ ശേഷിയുണ്ടെന്നു ബോദ്ധ്യപ്പെടുത്തണം. അയാൾക്കു വേണ്ട സാവ

കാശം നൽകണം. അതിനിടക്ക സന്തോഷാശ്ചര്യഭാവങ്ങൾ നടിക്കുക. "ആ അതു നന്നായി" എന്നുപറഞ്ഞു ഒരു പുഞ്ചിരി തൂകണം. അയാൾ ഒരു ഉരച്ചുമിനുക്കാത്ത രത്നമാണെന്നും ഇപ്പോൾ ആദ്യമായിട്ട അതിൻെറ പ്രകാശം പ്രത്യക്ഷമാകുമെന്നും അയാളെ ധരിപ്പിക്കുക.

അവനുണ്ടാകാൻ പോകുന്ന സന്തോഷം ചില്ലറയൊന്നുമല്ല. അതു മുൻപേ കുട്ടി അനുഭവിക്കുന്നതിനു അവനെ ഉത്സാഹിപ്പിക്കുക. ഇങ്ങനെയായാൽ അവൻ കാണുന്നവരോടെല്ലാം "അതു് സാരമില്ല. വെറും കളിമാത്രം; പരീക്ഷിച്ചുനോക്കു" എന്നുപറയും.

*　　*　　*　　*　　*

വിദ്യാൎത്ഥിക്കു് അയാൾ അറിഞ്ഞിട്ടുള്ളതിനെപ്പററി ഒന്നും പറഞ്ഞുകൊടുക്കരുതു്. അതിനെപ്പററി ചോദിക്കണം. കഴിവുള്ളടത്തോളം ചുരുക്കമായേ സംസാരിക്കാവൂ. വിദ്യാൎത്ഥിതന്നെ അയാൾക്കു് ഇഷ്ടമുള്ളതെല്ലാം പറയട്ടേ. ഒരിക്കലും ഉച്ചത്തിൽ സംസാരിക്കരുതു്. എപ്പോഴും പതുക്കേയും മധുരമായും സംസാരിക്കണം. ഉച്ചത്തിൽ പറയുന്നതിനേക്കാൾ പതുക്കെ പറയുന്നതാണു് കുറച്ചുകൂടി ഓൎമ്മിക്കാനെളുപ്പമുള്ളതു്. വിദ്യാൎത്ഥി എത്രയുംവേഗത്തിൽ പഠിക്കുമോ അത്രയും വേഗത്തിൽ പഠിക്കട്ടെ. ഒരിക്കലും തടസ്സപ്പെടുത്തരുതു്. എന്നാൽ ബദ്ധപ്പെടുത്തുകയും അരുതു്. പഠിക്കുക എന്നുള്ളതു് ഒരു രസാവഹമായ കാൎയ്യമാക്കണം.

ഇതെല്ലാം ഇന്നത്തെ വിദ്യാഭ്യാസഗതി മനസ്സിലാക്കിയിട്ടുള്ളവൎക്കു പക്ഷേ സാധാരണയാണെന്നു തോന്നിയേക്കാം. ഈ പദ്ധതിയിൽ വാസ്തവം പറകയാണെങ്കിൽ പുത്തനായി ഒന്നുമില്ല. പക്ഷേ സുപരിചിതങ്ങളായ തത്വങ്ങളുടെ പുതിയ ഒരു സംഘടനയാണെന്നേയുള്ളു.

*　　*　　*　　*　　*

ഈ രീതി അനുസരിക്കുന്നതായാൽ ഇൻഡ്യയിലും നിരക്ഷരത്വം അനായാസേന ഉന്മൂലനം ചെയ്യാൻ സാധിക്കുമെന്നുള്ളതു തീൎച്ചയാണു്. വിദ്യാഭ്യാസപ്രവൎത്തകന്മാരും ഗവൎമ്മെണ്ടും വേണ്ടതുചെയ്യട്ടെ!

# യന്ത്രവും മനുഷ്യനും

[ആർ. ഈശ്വരപിള്ള ബി. എ.]

"യന്ത്രം മനുഷ്യനെ സംഹരിക്കുന്നു." എന്നു ഒരു ആപ്തവാക്യമുണ്ട്. ഇതിന്റെ അൎത്ഥം ഗ്രഹിക്കണമെങ്കിൽ കുറെയൊക്കെ ആലോചിക്കേണ്ടതായിവരുന്നു. പ്രഥമദൃഷ്ടിയിൽ അതിന്റെ അൎത്ഥം അത്ര സുവ്യക്തമല്ല. പൂൎവ്വകാലത്തു മിക്ക മനുഷ്യവ്യവസായങ്ങളും മനുഷ്യഹസ്തംകൊണ്ടുതന്നെ നിൎവ്വഹിക്കപ്പെട്ടുവന്നിരുന്നു. മനുഷ്യന്റെ ആവശ്യങ്ങളെ ആലോചിച്ചറിഞ്ഞു അവയെ നിൎവ്വഹിക്കാനുള്ള മാൎഗ്ഗങ്ങളെ മനുഷ്യബുദ്ധിയാണ് ആദ്യം നിൎണ്ണയിച്ചതു്. മനുഷ്യന്റെ ആവശ്യങ്ങൾ അന്നു പരിമിതങ്ങളായിരുന്നതുകൊണ്ടു മനുഷ്യപ്രയത്നംകൊണ്ടുതന്നെ അവയെ നിൎവ്വഹിച്ചും വന്നു. എന്നാൽ പരിഷ്കാരത്തിന്റെ ആരംഭത്തോടുകൂടി മനുഷ്യന്റെ ആവശ്യങ്ങൾ മാത്രമല്ല അനാവശ്യങ്ങൾകൂടി അസാമാന്യമായി വൎദ്ധിച്ചു. ഈ ആവശ്യാനാവശ്യങ്ങളെ അഭിമുഖീകരിക്കുന്നതിനു മനുഷ്യപ്രയത്നംകൊണ്ടുമാത്രം സാദ്ധ്യമല്ലാതായിതീൎന്നു. ഈ ഘട്ടത്തിലാണു യന്ത്രത്തിന്റെ ആവിർഭാവം. എന്നാൽ യന്ത്രം അന്നു മിക്കവാറും മനുഷ്യശക്തിയെ സഹായിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമായും മനുഷ്യനു അധീനമായും ഇരുന്നു. ഇപ്പോൾ ആ സ്ഥിതിയൊക്കെ മാറിപ്പോയി. മുൻപു അപ്രധാനമായിരുന്നതിനു ഇന്നു പ്രാധാന്യവും സംഭവിച്ചിരിക്കുന്നു. ഒരിക്കൽ മനുഷ്യനു വശംവദമായിരുന്ന യന്ത്രം ഇന്നു മനുഷ്യനെ സ്വവശത്തിലാക്കി തീൎത്തിരിക്കുന്നു. ഇതു് അനാശാസ്യമായ സ്ഥിതിയാണെന്നു അധികം ചിന്തിക്കാതെതന്നെ ഗ്രഹിക്കാവുന്നതാണു്.

ഇന്നു വ്യവസായവിഷയത്തിൽ മനുഷ്യനുള്ള സ്ഥാനം എത്രയും നിസ്സാരമായ ഒന്നാണെന്നു പറയേണ്ടിയിരിക്കുന്നു. യന്ത്രം മനുഷ്യന്റെ അദ്ധ്വാനത്തെ കുറയ്ക്കുന്നതിനുള്ള ഒരു മാൎഗ്ഗമാണെങ്കിലും അതു് ഇപ്പോൾ സൎവ്വപ്രധാനമായി തീൎന്നിരിക്കുന്നതിനാൽ കേവലം ഒരനുഗ്രഹമായിട്ടു മാത്രം വിചാരിക്കാൻ തരമില്ല. എന്തുകൊണ്ടെന്നാൽ യന്ത്രങ്ങളുടെ അതിയായ പ്രചാരം നിമിത്തം മനുഷ്യനു പലവഴിക്കും ദോഷങ്ങൾ നേരിട്ടിട്ടുണ്ടു് ഒന്നാമതായി മനുഷ്യന്റെ പൌരുഷവും ഉത്തരവാദിത്വബോധവും നഷ്ടമായി തീൎന്നിരിക്കുന്നു. മുമ്പു എല്ലാവ്യവസായങ്ങൾക്കും മനുഷ്യന്റെ ബുദ്ധിശക്തിയുടെ പിൻതാങ്ങുണ്ടായിരുന്നു. മനുഷ്യാവശ്യങ്ങൾ നിൎവ്വഹിക്കുവാനുള്ള സമൎത്ഥത വ്യവസായങ്ങൾക്കു വേണ്ടിടത്തോളമുണ്ടോ എന്നും ഇല്ലെങ്കിൽ അവയെ ഏതുവിധത്തിൽ മാററണമെന്നും തീൎച്ചയാക്കുന്നതു് അവ

യ്യുടെ പിന്നിൽ നില്ക്കുന്ന മനുഷ്യബുദ്ധിയായിരുന്നു. അതു് അപ്പോഴപ്പോൾ
വേണ്ടതായ മാററങ്ങളെ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ യന്ത്ര
മാകട്ടെ ഒരിക്കൽ ആരെങ്കിലും നിശ്ചയിച്ചിട്ടുള്ള മാർഗ്ഗത്തിൽക്കൂടിയല്ലാതെ
പ്രവർത്തിക്കയില്ല. അതുകൊണ്ടു സാധനങ്ങൾ മനുഷ്യാവശ്യങ്ങൾക്കു അ
നുസരണമായല്ല പലപ്പോഴും നിർമ്മിക്കപ്പെടുന്നതു്. സാധനങ്ങൾക്കു അ
നുസരണമായി മനുഷ്യാവശ്യങ്ങളെ മാറേറണ്ടതായിരിക്കുന്നു. കിട്ടുന്ന സാ
ധനങ്ങൾ വാങ്ങിക്കയല്ലാതെ വേണ്ടസാധനങ്ങൾ അല്ലാ ലഭിക്കുന്നതു്. മ
നുഷ്യന്റെ അഭിരുചികൾ മാറിക്കൊണ്ടിരിക്കുന്നതിനാൽ മനുഷ്യോപയു
ക്തങ്ങളായ സാധനങ്ങൾക്കും രൂപത്തിലും സ്വഭാവത്തിലും മാററം വന്നു
കൊണ്ടിരിക്കേണ്ടതാവശ്യമാണ്. സകല പരിഷ്കാരങ്ങൾക്കും ഹേതുഭൂത
ങ്ങളായ മനുഷ്യബുദ്ധിയും മനുഷ്യഹസ്തവും സാധനനിർമ്മാണവിഷയത്തിൽ
യാതൊരുഭാഗവും വഹിക്കുന്നില്ല. ഇപ്പോൾ ഇവയ്ക്കുള്ള ജോലി ഒരു യ
ന്ത്രം നിർമ്മിക്കുകയെന്നുള്ളതു മാത്രമാണ്. പിന്നീടു ഒക്കെയും യന്ത്രം നിർവ്വ
ഹിച്ചുകൊള്ളും. യന്ത്രം മനുഷ്യനെ സംഹരിക്കുന്നവിധങ്ങളിൽ ഇതൊ
ന്നുമാത്രമാണ്. ഇനിയും പലവിധവും ഉണ്ടു്.

യന്ത്രം മനുഷ്യന്റെ നിർമ്മാണബുദ്ധിയേയും സംഹരിക്കുന്നു. ഇന്ന
ത്തെ വേലക്കാരന്റെ കൃത്യനിർവ്വഹണത്തിനു ബുദ്ധിശക്തി ആവശ്യമില്ലാ
താണിരിക്കുന്നതു്. വേലക്കാരനും കേവലം ഒരു യന്ത്രംപോലെ ബുദ്ധി
ചൈതന്യമില്ലാതായിഭവിക്കുന്നു. ബുദ്ധിയുണ്ടായിരുന്നാലും അതിനു വ്യാപാ
രസൌകര്യം നൽകാത്തതുകൊണ്ടു അതിനു സംസ്കാരമോ വളർച്ചയോ സി
ദ്ധിക്കുന്നില്ല. പണ്ടു ഒരു തൊഴിലിൽ വിദഗ്ദ്ധനായിരുന്ന ജോലിക്കാരനു് ഇ
ന്നു് ഏതാനും കായികപ്രവൃത്തികൾ ആവർത്തിക്കേണ്ടതു മാത്രമേയുള്ളു.
തൊഴിൽപരമായ സംസ്കാരം യന്ത്രത്തിന്റെ ആവിർഭാവത്തിനുമുമ്പു പരം
പരയായി തുടൎന്നു വന്നിരുന്നു. തന്മൂലം സാധനനിർമ്മാണം ഒന്നിനൊന്നു
സംസ്കരിക്കപ്പെട്ടുംവന്നിരുന്നു. ഇന്നു യന്ത്രകർത്താവിനു മാത്രമേ ബുദ്ധി
വ്യാപാരം ആവശ്യമുള്ളു. അതുകൊണ്ടു വേലകൾ എല്ലാം മാനുഷമല്ലാ
തെ യാന്ത്രികമായി ഭവിച്ചു. ഇങ്ങനേയും യന്ത്രം മനുഷ്യനെ സംഹരിക്കുന്നു.

ഇതിനും പുറമേ യന്ത്രത്തിന്റെ ആവിർഭാവം മനുഷ്യനെ സ്വ
സ്ഥാനഭ്രഷ്ടനാക്കുന്നു. അതു് തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നു. ആ വഴി
ക്കു സാധനങ്ങളുടെ ആവശ്യവും കുറയുന്നു. തൊഴിലില്ലാത്തവരെ സൃഷ്ടി
ച്ചിട്ടു് സാധനങ്ങളെ വർദ്ധിപ്പിക്കുന്നതിന്റെ പ്രത്യക്ഷഫലം സാധനങ്ങളെ
വാങ്ങിക്കുന്നതിനു ജനങ്ങൾക്കുള്ള പ്രാപ്തിയെ നഷ്ടപ്പെടുത്തുകയോ കുറയ്ക്കു
കയോ ആണു്. ഇതു് ഒരു വിഷമതയേറിയ പ്രശ്നമാണു്. യന്ത്രങ്ങൾ
പ്രതിദിനം വർദ്ധിച്ചുവരുന്നതല്ലാതെ കുറയുന്നില്ല. കുറയുമെന്നു തോന്നുന്ന

മില്ല. യന്ത്രങ്ങൾ കൈയ്യേററം ചെയ്യാതെ വല്ല തൊഴിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവയെ പൂൎവ്വവൽ സംരക്ഷിക്കുന്നതു് ഗുണകരമായിരിക്കും. പരിഷ്കാരം ഇനിയും എത്തിനോക്കാത്ത വല്ല മൂലകളും ഉണ്ടെങ്കിൽ അവിടെ ജനങ്ങൾക്കു കൈത്തൊഴിലുകൾ ചെയ്തു് ഇന്നു ലോകത്തിലെങ്ങും വ്യാപിച്ചിരിക്കുന്നതും പ്രതിവിധി ഇതേവരെ കണ്ടുപിടിച്ചിട്ടില്ലാത്തതുമായ തൊഴിലില്ലായ്മയേയും അതിൻെറ അനുഗാമിയായ ദാരിദ്ര്യത്തേയും പക്ഷേ ഒഴിച്ചു നിറുത്താൻ സാധിച്ചേക്കാം.

പണ്ടു കൈത്തൊഴിലുകൾ മിക്കവയും ഓരോ ജാതിക്കാർ പാരമ്പര്യമായി ചെയ്തുവന്നിരുന്നതുകൊണ്ടു് ഓരോ തലമുറയുടേയും അനുഭവവും പരിചയവും അതിനെ ഉപര്യുപരിവിശിഷ്ടമാക്കുന്നതിനു സഹായിച്ചിരുന്നു. യന്ത്രങ്ങൾക്കു പാരമ്പര്യവും പരിചയജ്ഞാനവുമില്ല. അതുകൊണ്ടു ഈ ഗുണം ഇന്നു ലോകത്തിനു നഷ്ടമായിത്തീൎന്നിട്ടുണ്ടു്. ഇടയ്ക്കിടെ വിദഗ്ദ്ധന്മാർ യന്ത്രങ്ങളെ പരിഷ്കരിക്കുന്നുണ്ടെങ്കിലും വേലക്കാരുടെ പാരമ്പര്യസിദ്ധമായ നിൎമ്മാണചാതുരി വ്യാപാരസൌകര്യമില്ലാതെ നഷ്ടപ്പെട്ടുപോകുന്നു. മനുഷ്യവൎഗ്ഗം വൎദ്ധിച്ചുവരുകയും അവരിൽ വളരെ ആളുകളുടെ ഉൽകൃഷ്ടാംശമായ ബുദ്ധിശക്തി പ്രയോഗസൌകര്യമില്ലാതെ മന്ദീഭവിച്ചു മുരണ്ടുപോകയും ചെയ്യുന്നതും ഒരു വിധം യന്ത്രംമൂലമുള്ള മനുഷ്യസംഹാരം തന്നെയാണു്.

എന്നാൽ ഇനി യന്ത്രങ്ങളെ നിശ്ശേഷം ഇല്ലാതാക്കുന്നതു് സാദ്ധ്യമല്ല. അവ പലരുടേയും ധനം വൎദ്ധിപ്പിക്കുന്നതിനും ചിലരുടെ ആവശ്യം നിൎവ്വഹിക്കുന്നതിനും സാധനനിൎമ്മാണത്തെ ലഘുപ്പെടുത്തുന്നതിനും അവയുടെ വിലകുറയ്ക്കുന്നതിനും ഉപയുക്തങ്ങളായി തീൎന്നിരിക്കുന്നതുകൊണ്ടു് അവയെക്കൂടാതെ കഴികയില്ലെന്നായിരിക്കുന്നു.

എന്നാൽ നമുക്കു വേണമെങ്കിൽ ദോഷത്തിൽനിന്നും ഗുണം സംഗ്രഹിക്കാം. സാധാരണ ദേഹാദ്ധ്വാനംകൊണ്ടു ചെയ്യാവുന്ന ജോലി എളുപ്പം ചെയ്യുന്നതിനു യന്ത്രങ്ങളെ ഉപയോഗപ്പെടുത്തുകയും മനുഷ്യസ്വഭാവത്തിനു ചേൎന്നതും ബുദ്ധിശക്തി നിയമിതമായ ഹസ്തംകൊണ്ടു ചെയ്യാവുന്നതുമായ ജോലികൾ മനുഷ്യനായിട്ടു തിരിച്ചുവയ്ക്കുകയും ചെയ്വാൻ കഴിയും. സചേതനമനുഷ്യനെ അചേതനമായ യന്ത്രത്തിനു അധീനനാക്കാതെ യന്ത്രത്തെ മനുഷ്യനു അധീനമാക്കി വയ്ക്കുകയാണു നാം ചെയ്യേണ്ടതു്. ഇന്നു "മുതലാളികളിൽ" ലയിച്ചിരിക്കുന്ന വ്യവസായം തൊഴിലാളികളിലേക്കു കൈമാററം ചെയ്കയും ധനം ഒരു ദിക്കിൽതന്നെ ഒന്നിച്ചു കൂടികിടക്കാതെ പല ദിക്കിലായി വിതരണം ചെയ്യുകയും ചെയ്താൽ മനുഷ്യനു യന്ത്രാധീനനാകാതെ ജീവിക്കാൻ സാധിക്കും. എല്ലാതൊഴിലാളികൾക്കും സ്വബുദ്ധി

വൈഭവത്തേയും പാരമ്പൎയ്യസിദ്ധമായ ജ്ഞാനത്തേയും ഉചിതംപോലെ പ്രയോഗിക്കാനും ആവശ്യമുള്ളപ്പോൾമാത്രം സഹായാൎത്ഥം യന്ത്രത്തെ ഇടയ്ക്കിടയ്ക്കു് അവലംബിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതു മനുഷ്യനു മനുഷ്യത്വം സംരക്ഷിക്കുന്നതിന് അത്യാവശ്യമായിട്ടുള്ളതാണ്. വിശേഷബുദ്ധിയോടുകൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ ആന്തരസത്വത്തെ വിസ്മരിച്ചു ജഡവും നിശ്ചേഷ്ടവുമായ ഒരു യന്ത്രത്തിനു കീഴടങ്ങുന്നതു ലജ്ജാവഹം മാത്രമല്ല സ്രഷ്ടാവിനോടു പ്രദൎശിപ്പിക്കുന്ന ഒരു കൃതഘ്നതയുംകൂടിയാണെന്നു പറയാനേ നിവൃത്തിയുള്ളൂ.

# പണ്ടത്തെ സൎവ്വകലാശാലകൾ.

## III. നളന്ദ (നാളന്ദ)

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. ഏ. എസ്സ്.)

ഇതിന്റെ സ്ഥാപനകാലത്തെപ്പററി വിദ്വാന്മാർ ഭിന്നാഭിപ്രായക്കാരാണ്. താരാനാഥൻ ഈ വിധം പറയുന്നു. "നാളന്ദ, പരിശുദ്ധശ്രീസാരിപുത്രാവതാരത്താൽ പൂജനീയമാണ്. അവിടുന്നു് എൺപതിനായിരം അൎഹത്തന്മാരുമായി നിൎവ്വാണമടഞ്ഞയിടവുമാണ്." കാലാന്തരത്തിൽ അവിടത്തെ ചൈത്യം മാത്രം ശേഷിച്ചു. ഇവിടെ അശോകൻ അനേകം ദേവപൂജകൾ നടത്തുകയും ഒരു ബുദ്ധക്ഷേത്രം പണിയിക്കയും ചെയ്തു. ഈ വിധം നാളന്ദയിൽ ഒന്നാമത്തെ വിഹാരസ്ഥാപകൻ അശോകനായി ഭവിച്ചു. ഇവിടത്തെ ശിലാശാസനങ്ങളിലൊന്നിൽ ആൎയ്യസാരിപുത്രനെന്നും ആൎയ്യമൌഗ്ദലായനനെന്നും കുറിച്ചിരിക്കുന്നതായി കണ്ണിങ്ങാം അഭിപ്രായപ്പെട്ടിരിക്കുന്നു. ഫാഹിയൻ എന്ന ചീനസഞ്ചാരി അതിനെക്കുറിച്ചു യാതൊന്നും പറഞ്ഞുകാണാത്തതുകൊണ്ടു സൎവ്വകലാശാലയുടെ സ്ഥാപനത്തെപ്പററി ടിബററുചരിത്രകാരന്റെ അഭിപ്രായം സ്വീകരിക്കുക വിഷമമായിരിക്കുന്നു. ഫാഹിയൻ നാളൊ എന്നൊരു ഗ്രാമത്തെ പ്രസ്താവിക്കുന്നുണ്ടു്. ഇതു നാളന്ദയാണെന്നു ചില അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം സൎവ്വസമ്മതമായിത്തീൎന്നിട്ടില്ല.

ജനറൽ കണ്ണിങ്ങാം പറയുന്നു. "യുവാൻചങ്ങ് അതിസൂക്ഷ്മമായി വൎണ്ണിക്കുന്ന നാളന്ദയിലെ രമണീയമന്ദിരങ്ങളെക്കുറിച്ചു് ഫാഹിയൻ വെറും

മൌനം അവലംബിക്കുന്നതിൽനിന്നു ഞാൻ ഊഹിക്കുന്നതു് അവ നാനൂററി പത്താമാണ്ടെയ്ക്കുപ്പുറം നിർമ്മിച്ചിരിക്കണമെന്നാണ്. മുന്നൂറടി പൊക്കമുള്ള ബാലാദിത്യക്ഷേത്രം അന്നുണ്ടായിരുന്നെങ്കിൽ അതു നിശ്ചയമായും ഫാഹിയൻെറ നോട്ടത്തിനു ലാക്കാകാതെ വരികയില്ല." നാളന്ദയിലെ ആറു വിഹാരങ്ങളിൽ നാലും മഗധാധിപനായ ബാലാദിത്യനും അദ്ദേഹത്തിൻെറ അടുത്ത മൂന്നു മുൻഗാമികളും കൂടി പണിയിച്ചതായിരിക്കണം എന്നു യുവാൻ ചങ് പറഞ്ഞിരിക്കുന്നതായി കണ്ണിങ്ങാം പ്രസ്താവിക്കുന്നുണ്ടു്. ബാലാദിത്യൻ പശ്ചിമഭാരതത്തിലെ ഹൂണരാജാവായ മിഹിരകുലൻെറ സമകാലികനാണ്. മിഹിരകുലൻെറ ഭരണാരംഭകാലം ക്രൈസ്തവവർഷം 510 ആകുന്നുവെന്നു വി. ഏ.സ്മിത്തിൻെറ ഇൻഡ്യാചരിത്രത്തിൽ കാണുന്നു. ആ സ്ഥിതിക്കു ബാലാദിത്യനും ഏകദേശം ആ കാലത്തിനിടയ്ക്കു ജീവിച്ചിരുന്നിരിക്കണമല്ലൊ. ബാലാദിത്യൻെറ അടുത്ത മുൻഗാമികളായ തഥാഗതൻ; ബുദ്ധഗുപ്തൻ; ശക്രാദിത്യൻ എന്നിവരിൽ ഓരോരുത്തനും ഓരോ വിഹാരം നാളന്ദയിൽ പണികഴിപ്പിക്കയുണ്ടായി. ഓരോരുത്തനു ശരാശരി ഇരുപത്തഞ്ചുകൊല്ലം വീതം കണക്കാക്കുന്ന പക്ഷം ശക്രാദിത്യൻ 435-ാംവർഷത്തിനിടയ്ക്കു ജീവിച്ചിരുന്നിരിക്കാമെന്നു പറയേണ്ടതായിരുന്നു. അപ്പോൾ ക്ഷേത്രനിർമ്മിതികാലം ക്രിസ്തുവർഷം 435 എന്നു കാണാം. അതിനാൽ ക്ഷേത്രവും വിഹാരങ്ങളും സ്ഥാപിച്ചതു ഫാഹിയാൻെറയും യുവാൻചങ്ങിൻെറയും സന്ദർശനകാലങ്ങളായ 425-നും 625-നും മദ്ധ്യേയുള്ള രണ്ടു നൂററാണ്ടുകൾക്കുള്ളിലായിരിക്കണമെന്ന് ജനറൽകണ്ണിങ്ങാം ഊഹിക്കുന്നു.

ബാലാദിത്യമഹാക്ഷേത്രം ബുദ്ധഗയാക്ഷേത്രംപോലെയാണെന്നു യുവാൻചങ് രേഖപ്പെടുത്തിയിട്ടുണ്ടു്. സമാനമാതൃക സ്ഥാപനകാലസാമ്യതയെ സൂചിപ്പിക്കുന്ന സ്ഥിതിക്കു ബാലാദിത്യക്ഷേത്രം നാളന്ദയിലെ വജ്റസേനക്ഷേത്രം മാഗധത്തിലെ വജ്റരാജൻ പണിയിച്ച നൂററാണ്ടിൽത്തന്നെ സ്ഥാപിച്ചുവെന്നു നിർണ്ണയിക്കാൻ മതിയായ ന്യായമുണ്ടു്. ഭൂഗർഭപരിശോധനയ്ക്കു പാടലീപുത്രത്തിൽ മണ്ണിളക്കിയപ്പോൾ അവിടെ ഒരു ക്ഷേത്രത്തിൻെറ ലക്ഷ്യം വഹിക്കുന്നതായി ചുട്ട കളിമൺകട്ടകൾ കാണപ്പെട്ടുവെന്നു ഡാക്ടർ സ്പൂണർ പ്രസ്താവിക്കുന്നു. ഇതു ബുദ്ധഗയയിലെ ക്ഷേത്രത്തിൻെറ അനുബന്ധമെന്നാണ് അദ്ദേഹം ഊഹിക്കുന്നതു്. ആ മൺകട്ടകളിൽ ഖരോഷ്ഠിയിലെ ചില ലിപികളും ഉണ്ടത്രെ. ഈ ലിപികൾ ഭാരതത്തിൽ അവതരിപ്പിച്ചതു് ക്രിസ്തുവർഷം രണ്ടാം നൂററാണ്ടിലാണത്രെ. ആ സ്ഥിതിക്കു ആ ക്ഷേത്രനിർമ്മിതി കുശനകാലത്തായിരിക്കണം. അതിനാൽ ബാലാദിത്യക്ഷേത്രവും അതേകാലത്തുണ്ടാക്കിയതായിരിക്കണം. പ്രൊഫസർ ഏ. വി. വെങ്കിടേശ്വരൻ അഭിപ്രായപ്പെടുന്നതു ശക്രാദിത്യൻ ചില

രേഖകളിൽ ദേവരാജൻ എന്നു കാണുന്ന ഗുപ്തവംശത്തിലെ വിക്രമാദിത്യനായ ചന്ദ്രഗുപ്തൻദ്വിതീയന്റെ മറെറാരു പേരായിരിക്കാൻ ഇടയുണ്ടെന്നാണ്. അങ്ങനെയാണെങ്കിൽ വിഹാരം പണിയിച്ചതു് ആ രാജാവാണെന്നും അദ്ദേഹത്തിനു ബൌദ്ധസേവകന്മാരുണ്ടായിരുന്നെന്നും ഊഹിക്കണം. ഫലം ബുദ്ധഗയയെ അനുകരിച്ചു സ്ഥാപിച്ച നാളന്ദയെ വർണ്ണിച്ചിരിക്കുന്നതിനോടു യോജിച്ചുവരുന്നു. പുരാണവസ്തു സംരക്ഷണക്കാരുടെ നിയമപ്രകാരം അതു സാരനാഥത്തിന്റെ മാതൃകയായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. ഡാക്ടർ സ്പൂണർ സാരനാഥത്തിലെ ശൂന്യശിഷ്ടങ്ങളിൽനിന്ന് അതു കുശനകാലത്തുണ്ടായതായിരിക്കണമെന്നൂഹിക്കുന്നു. ഒന്നു നശിച്ചതിനുമേൽ വേറൊന്നായി നാലു വിഹാരങ്ങൾ നാലുകാലങ്ങളിൽ പണിയിക്കപ്പെട്ടുവെന്നുള്ളതു തീർച്ചയാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. യുവൻചങ്ങിന്റെ കാലത്തിന് എഴുനൂറുകൊല്ലംമുമ്പു നാളന്ദാവിഹാരം സ്ഥാപിക്കപ്പെട്ടുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരനും അഭിപ്രായപ്പെടുന്നു. നാളന്ദയിലെ പ്രഥമവിഹാരസ്ഥാപകനായ ശക്രാദിത്യന്റെ കാലത്തെ ഇതു പ്രകാശിപ്പിക്കയാണു ചെയ്യുന്നതു്. ഇതു "ബുദ്ധന്റെ നിർവ്വാണകാലത്തിന് അധികം അകന്നല്ലാത്ത" എന്ന അഭിപ്രായത്തെ "അല്പകാലംകഴിഞ്ഞു" എന്ന അർത്ഥത്തിൽത്തന്നെ ഉപയോഗിച്ചിരിക്കുന്നുവെന്നു കാണിക്കുന്നു. ആ സ്ഥിതിക്കു നാളന്ദയിൽ വിഹാരം സ്ഥാപിച്ചതു ക്രിസ്തുവിന് ഏകദേശം എൺപതുകൊല്ലം മുമ്പായിരിക്കണം.

ക്ഷേത്രത്തിന്റെ ശരിയായ സ്ഥാനത്തെ മണ്ണിളക്കി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തറ കണ്ടറിയുന്നതുവരെ ഇതിൽ നമുക്കു സൂക്ഷ്മമായി യാതൊരഭിപ്രായവും പറയാൻ തരമില്ലെന്നു മേൽപ്പറഞ്ഞ കാരണങ്ങളാൽ വ്യക്തമാകുന്നു.

വിഹാരത്തിന്റെ പേരിനെക്കുറിച്ചു യുവൻചങ്ങ് പറയുന്നതു് ഈ വിധമാണ്. "ഈ സംഘാരാമത്തിനു തെക്ക് ഒരു ആമ്രമരത്തോപ്പിനു നടുവിൽ ഒരു കുളമുണ്ടെന്നും അതിൽ നാളന്ദ എന്ന പേരോടുകൂടി ഒരു നാഗപ്രതിമ സ്ഥാപിച്ചിട്ടുണ്ടെന്നും കുളക്കരയിൽ നിർമ്മിച്ച സംഘാരാമത്തിന് ഈ നാഗത്തിന്റെ നാമംതന്നെ അംഗീകരിച്ചതായും ആ ദിക്കിലെ ഐതിഹ്യം വെളിപ്പെടുത്തുന്നു. വസ്തുത അതല്ല; പണ്ടു തഥാഗതൻ ഇവിടെവച്ചു ബോധിസത്വജീവിതം നയിച്ച് ഒരു മഹാ രാജ്യാധിപനായി ഇവിടെത്തന്നെ രാജധാനി സ്ഥാപിച്ചു. ജീവകാരുണ്യാതിരേകത്താൽ ആർദ്രനായി ജീവികൾക്കു സൌഖ്യം വരുത്തുന്നതിൽ ഉത്സുകനായി. ന—അലം—ദ, വിശ്രമം വിട്ടുള്ള ധർമ്മം എന്ന പേരു എങ്ങും പരന്നു. സംഘാരാമത്തിനും ഈ പേരുതന്നെ സ്ഥിരമായി. ഈ ഭാഗം ബീൻ എഴുതിയ പാ

ശ്ചാത്യലോകത്തിൻെറ ബൌദ്ധരേഖകൾ എന്ന ഗ്രന്ഥം രണ്ടാംവാല്യം 165, 66 ഈ വശങ്ങളിൽനിന്നെടുത്തതാണ്. ഇററ്സിംഗ് പറയുന്നതു നാഗനന്ദയിൽനിന്നു "നാളന്ദ" ഉൽഭവിച്ചുവെന്നാകുന്നു. റോയൽ ഏഷ്യാററിക് സൊസയററിവക പത്രഗ്രന്ഥം 13-ാംവാല്യം 57-ാംവശം നോക്കുക. ഇൻഡ്യയിലേയ്ക്കു തീൎത്ഥയാത്രചെയ്ത ഒരു കോറിയാക്കാരൻ ഹ്വൂലൺ പറയുന്നതു്. "നന്ദ" എന്ന നാഗനാമത്തെ ആദരിച്ചു വിഹാരത്തിനു ശ്രീനാളന്ദ എന്നപേരുണ്ടായി എന്നാണ്. (യുവൻചങ്ങിൻെറ ജീവചരിത്രഗ്രന്ഥം അവതാരിക 37-ാംവശമാണു ഇതിനു ലക്ഷ്യം) ബീഹാറിലെ രാജ്ഗിർ എന്ന സ്ഥലത്തുനിന്നു എട്ടുമൈൽ അകലത്തിൽ ഇപ്പോഴത്തെ ബാർഗോൺ ഗ്രാമത്തിലാണ് ഈ സൎവ്വകലാശാല സ്ഥാപിച്ചിരുന്നതു്. ഈ അഭിപ്രായം അബദ്ധമല്ലെന്നു ബൌദ്ധശിലാശാസനങ്ങളിൽ കാണുന്ന ഇതിൻെറ സ്ഥാനവൎണ്ണനത്തോടു ബാർഗോളിനുള്ള യോജിപ്പു വെളിപ്പെടുത്തുന്നു. രാജഗൃഹത്തിൽ നിന്ന് ഒരു യോജന ദൂരത്ത് ഒരു മാവിൻതോപ്പിലാണെന്നുള്ള (ബുദ്ധൻെറകാലത്ത് ഉണ്ടായിരുന്ന) പുതിയ യുവൻചങ്ങിൻെറ വിവരണപ്രകാരം പുതിയ രാജഗൃഹത്തിൽനിന്ന് ഇവിടത്തേയ്ക്ക് അഞ്ചുമൈൽ അകലമുണ്ടെന്നും ഈയവസരത്തിൽ സ്മരിക്കേണ്ടതായ്‌വരുന്നു. ബാർഗോണിലെ ശൂന്യാവശേഷങ്ങളിൽ കാണപ്പെടുന്ന ശാസനങ്ങൾ "നാളന്ദ" എന്ന് ഇതിനു നാമകരണം ചെയ്തിരിക്കുന്നു. "ദാനത്തിൽ അലംഭാവമില്ലാത്തതു്" "വേണ്ടിടത്തോളം കൊടുക്കാത്തതു്" എന്ന അൎത്ഥത്തിലാണത്രേ ഈ പ്രയോഗം. ഇതു് ഏതായാലും കലാശാലാവിദ്യാഭ്യാസത്തിൻെറ മതിക സംബന്ധിച്ചുള്ള ഒരു വ്യാഖ്യാനമാകുന്നു. അതായതു കലാശാലാവിദ്യാഭ്യാസം എന്നതു ബുദ്ധിയിൽ വിജ്ഞാനം ഉന്തിക്കയററി തിരക്കുകൂട്ടാൻ ഇടയാക്കുകയില്ല; വിജ്ഞാനാൎജ്ജനത്തിൽ തൃപ്തിവരാത്ത ഒരാശ ജനിപ്പിക്കയാണ് ചെയ്യുന്നതു്.

ഈ കലാശാലയിൽ ആറു വിഹാരമഹാവിദ്യാലയങ്ങളുണ്ടു്. ആദ്യത്തെ വിഹാരം ശക്രാദിത്യനൃപൻ പണിയിച്ചു. അദ്ദേഹത്തിൻെറ ചരമാനന്തരം പുത്രൻ ബുദ്ധഗുപ്തരാജൻ പിതൃമാൎഗ്ഗത്തെ അനുഗമിച്ച് തെക്കുഭാഗത്തു വേറൊരു വിഹാരം തീൎപ്പിച്ചു. അവിടത്തെ സുതൻ തഥാഗതരാജാവു കിഴക്കുഭാഗത്തു മറെറാന്നുണ്ടാക്കി. തഥാഗതൻെറ നന്ദനനൊ പിൻവാഴ്ചക്കാരനൊ ആയിരുന്ന ബാലാദിത്യൻ വടക്കുകിഴക്കു നാലാമതൊരു വിഹാരം സ്ഥാപിച്ചു. അതിനുവടക്കു അദ്ദേഹത്തിൻെറ പുത്രൻ പിന്നെയൊന്നു തീൎപ്പിച്ചു. അനന്തരകാലത്തു മദ്ധ്യഇൻഡ്യയിലെ ഒരു രാജാവ് ഇതിൻെറ പാൎശ്വത്തിൽതന്നെ ആറാമത്തെ വിഹാരം പണിയിച്ചു. അങ്ങനെ ആറു രാജാക്കന്മാരുടെ അടുത്തടുത്തുണ്ടായ വാഴ്ചകളിൽ ഓരോന്നുവീതം ആറു വിഹാരം ഇവിടെ സ്ഥാപിച്ചു. ഈ വിഹാരങ്ങളെ

യെല്ലാം ചുററി ചുട്ടകല്ലുകൊണ്ടുള്ള ഒരു പുറമതിലും ഇതോടുകൂടി തീർപ്പിച്ചു. ഒരു വാതിൽ മഹാപാഠശാലയ്ക്കഭിമുഖമായിട്ടുണ്ട്. അതോടൊന്നിച്ച് എട്ടു വിശാലശാലകളുമുണ്ട്. ഇതു മദ്ധ്യത്തിലാണ്. അലംകാരപൂർണ്ണങ്ങളായ ഗോപുരങ്ങളും അതിമോഹനങ്ങളായ താഴികക്കുടങ്ങളും പർവ്വതശൃംഗങ്ങൾപോലെ ഇടചേർന്നിണങ്ങിനിന്നു. വേധാലയങ്ങൾ പ്രഭാതപ്രഭയിലും ഉപരിഭാഗത്തെ ഉന്നതശാലകൾ മേഘയവനികയിലും മറഞ്ഞിരുന്നു. വാതായനങ്ങളിൽക്കൂടി നോക്കിയാൽ ഈ മേഘാവരണം കാററിനാൽ ഛിന്നാഭിന്നമായി മുഹൂർത്തംതോറും രൂപം മാറിമാറി വരുന്നതും കാണാം. ആഴം കൂടി പളുങ്കിനൊത്ത വെള്ളംനിറഞ്ഞ തടാകങ്ങളിൽ നീലത്താമരകളും ഇടയ്ക്കിടെ കനകനിറം കലർന്ന മററു ചില പൂക്കളും കാററിലലഞ്ഞു കരയ്ക്കു തിങ്ങിനിൽക്കുന്ന തേന്മാവിൻപടർപ്പുകളിൽനിന്നു കൊഴിഞ്ഞുവീഴുന്ന പൂങ്കൊമളകൾ മഞ്ഞനിറത്തിലുള്ള ഇലകൾ എന്നിവയോടു ചേർന്നു കണ്ണിന് അമൃതുമഴ പൊഴിച്ചിരുന്നു. ഉപരിഭാഗത്തു നാനാവർണ്ണം കലർത്തിയിരിക്കുന്ന പൂമുഖങ്ങളും അലംകരിച്ചു മോടിപിടിപ്പിച്ചിരിക്കുന്ന തൂണുകളും വിചിത്രമായി ഓടുമേഞ്ഞിരിക്കുന്ന മേൽപ്പുരകളുമായി ദിനകാന്തിയിൽ വിളങ്ങുന്ന ആചാര്യമന്ദിരങ്ങൾ ഈ സ്ഥലത്തിന്റെ അഭൗമമായ മഹിമയെ ശതഗുണീകരിച്ചു. നാളന്ദാകലാശാലവകയായി ധർമ്മഗഞ്ജ എന്നിടത്ത് ഒരു ഗ്രന്ഥശേഖരം ഉണ്ടായിരുന്നുവെന്നു ടിബററിലെ പ്രമാണങ്ങൾകൊണ്ടു നാം ഗ്രഹിക്കുന്നു. രത്നസാഗരം, രത്നോദധി, രത്നരഞ്ജകം, ഇങ്ങനെ മൂന്നു മന്ദിരങ്ങൾ ചേർന്നതായിരുന്നു ഗ്രന്ഥാലയസ്ഥാനം. ഇവയെല്ലാം രത്നയുക്തങ്ങളാണല്ലോ. ഇതു ബുദ്ധമതപ്രസിദ്ധങ്ങളായ 'ബുദ്ധൻ' 'ധർമ്മം' 'സംഘം' ഈ രത്നത്രയംതന്നെ. രത്നോദധിക്ക് ഒൻപതു നിലയുണ്ടായിരുന്നുവത്രെ. സമാജഗുഹ്യം മുതലായ തന്ത്രഗ്രന്ഥങ്ങൾ പ്രജ്ഞാപാരമിതസൂത്രങ്ങൾ ഇത്യാദി പവിത്രപ്രമാണങ്ങളെല്ലാം ഇതിനുള്ളിലാണു നിക്ഷേപിച്ചിരുന്നതു്. കലാശാലയ്ക്കു ധർമ്മമായി ലഭിച്ച ധനംകൊണ്ടു വിദ്യാർത്ഥികൾക്ക് ആഹാരം തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിച്ചു സുഖമായി താമസിക്കാൻ സ്ഥാപിച്ചിട്ടുള്ള പല ധർമ്മസത്രങ്ങളും ഇവിടെ ഉണ്ടായിരുന്നു. ഇററ്സിങ്ങിന്റെ അഭിപ്രായപ്രകാരം താമരപ്പൂക്കളുടെ രൂപം കൊത്തിയിട്ടുള്ള കരിങ്കൽശലാകപാകിയ നടവഴിയും ഉണ്ടായിരുന്നുവെന്നു കാണുന്നു. അദ്ദേഹത്തിന്റെ കാലത്തു് അവിടെ എട്ടു വിശാലമുറികളും മുന്നൂറു സാമാന്യമുറികളും ഉണ്ടായിരുന്നു. ഇററ്സിങ്ങ് പറയുന്നതു നാളന്ദവിഹാരങ്ങളോടു ചേർന്ന്, പത്തിൽപരം കുളങ്ങളുണ്ടായിരുന്നു എന്നാണ്. ആചാര്യന്മാർക്കു കുളിക്കാനുള്ള സമയമറിയിക്കാൻ പ്രഭാതംതോറും മണിയടിക്കപതിവായിരുന്നു. അവർ കൂട്ടംകൂട്ടമായി പലവഴിതിരിഞ്ഞു ഹിതംപോലെ ഏതെങ്കിലും കുളത്തിലിറങ്ങിക്കുളിച്ചുപോന്നു. ചന്ദ്രകൂപം എന്നു പ്ര

സിദ്ധമായ ഒരു കിണറ് ഇവിടെയുണ്ടായിരുന്നു. പാണിനീസൂത്രത്തിനു താനെഴുതിയ വ്യാഖ്യാനം ചന്ദ്രകീൎത്തിയുടെ വ്യാഖ്യാനത്തിനു കീഴിലാണെന്നു ശങ്കിച്ചു ചന്ദ്രശേഖരൻ അതിനെ ഈ കിണററിലെറികയും പിന്നീടു മെച്ചമാണെന്നറിഞ്ഞു വീണ്ടെടുക്കയും ചെയ്തുവെന്നും ആ സംഭവം ഈ പേരിനു കാരണമായെന്നുമാണ് ഐതിഹ്യം. ഈ കിണററിലെ വെള്ളം ബുദ്ധിശക്തിയുടെ അഭിവൃദ്ധി ഉദ്ദേശിച്ച് ആളുകൾ പലേടങ്ങളിൽനിന്നു വന്നു കോരിക്കുടിയ്ക്കു പതിവായിരുന്നു. ധാർരാജ്യത്തിലെ സംസ്കൃതവിദ്യാലയത്തിലെ "അക്കാൽക്കുവി" എന്ന കൂപത്തെ ഇതു് അനുസ്മരിപ്പിക്കുന്നു. നാളന്ദ സന്ദർശിച്ച കൊറിയക്കാരൻ ഒരു തീൎത്ഥയാത്രക്കാരൻ ഈ വിധം വൎണ്ണിച്ചിരിക്കുന്നു. "നാളന്ദയിലെ വിഹാരങ്ങൾ ഒരു നഗരസങ്കേതം പോലെ ചതുരശ്രാകൃതിയിൽ സ്ഥിതിചെയ്യുന്നു. പ്രവേശനദ്വാരങ്ങളിൽ അത്യുന്നതങ്ങളായ ഗോപുരങ്ങളുണ്ട്. പന്ത്രണ്ടടിവീതം പൊക്കമുള്ള മൂന്നു നിലകളോടുകൂടിയ ഗോപുരങ്ങളുണ്ട്. മഹാക്ഷേത്രത്തിന്റെ പാശ്ചാത്യ ബഹിർദ്വാരദേശത്തു് ഒരു വലിയ സ്തൂപവും പല ചൈത്യങ്ങളും കാണപ്പെടുന്നു. ശരിയായ സമയം ഗ്രഹിക്കാൻ രാജാജ്ഞയാനുസാരം ഒരു ജലയന്ത്രം സ്ഥാപിച്ചിട്ടുള്ളതായി ഈ ഒരു വിഹാരം മാത്രമെയുള്ളു. രാത്രിയെ മൂന്നു യാമമായിട്ടാണ് ഇവിടെ ഗണിക്കുന്നതു്. ഒന്നാമത്തേയും മൂന്നാമത്തേയും യാമങ്ങളിൽ മതവിഷയങ്ങളായ കൎമ്മങ്ങൾ നടത്തുന്നു. മദ്ധ്യയാമത്തിൽ ആചാൎയ്യന്മാരുടെ ഹിതംപോലെ ഉണൎന്നിരിക്കയോ ഉറങ്ങുകയോ ചെയ്യാം." നാളന്ദയിലെ നാഴികവട്ടക ഉപയോഗിക്കുന്ന വിധവും മഹാബോധി കുശിനഗരം എന്നീ വിഹാരങ്ങളിലെ വട്ടകകളെ അപേക്ഷിച്ച് ഇതിനുള്ള വൈശിഷ്ട്യവും ഇററ്സിങ്ങ് വിശദമായി വിവരിച്ചിരിക്കുന്നു. യുവൻചങ്ങ് പറയുന്നതു ഇങ്ങനെയാണ്. "ഭാരതഖണ്ഡത്തിൽ ലക്ഷോപലക്ഷം സംഘാരാമങ്ങളുണ്ട്. അവയിൽ പ്രസിദ്ധവും ഉൽകൃഷ്ടവുമായിട്ടുള്ളതു് ഇതുതന്നെ." അനേകം രാജാക്കന്മാർ തുടച്ചയായി വിഹാരങ്ങൾ പണിയിക്കാനും ശില്പവൈദഗ്ദ്ധ്യം മുഴുവൻ ലക്ഷീകരിക്കാനും സന്നദ്ധരായി. ഒടുവിൽ കാഴ്ചയ്ക്കു് അലോകസാധാരണമായി അതിദിവ്യമായ ഒരു മന്ദിരസഞ്ചയം തന്നെ ശേഷിച്ചു. ഈയിടെ പുരാണകാൎയ്യാന്വേഷണവകുപ്പുകൾ മണ്ണിളക്കി നടത്തിയ പരിശോധനയിൽ വിഹാരാവശിഷ്ടങ്ങളായി കാണപ്പെട്ട ചുടുകല്ലുകളും അവയുടെ ചേപ്പുകളും ചേൎത്തു കെട്ടിയിരിക്കുന്ന വിധവും മട്ടും ഈ പരിഷ്കൃതകാലത്തെ തൊഴിലാളികൾക്ക് അസൂയാജനകവും അത്ഭുതകരവുമായിത്തന്നെ ഭവിച്ചിരിക്കുന്നു. ആൎക്കിയലാജിക്കൽ സവ്വേ സംബന്ധിച്ച വാൎഷികറിപ്പോർട്ടിൽ ഡാക്ടർ സ്പൂണർ പറയുന്നതു് "കല്ലൊട്ട അത്ഭുതാവഹമത്രെ. ഈ കാലങ്ങളിൽ ഞാൻ പരിഷ്കൃതരാജ്യങ്ങളിൽ കണ്ടിട്ടുള്ള ഏതു പണിത്തരത്തിലും മെച്ചംതന്നെ. ഈ ലക്ഷ്യ

ങ്ങൾകൊണ്ടു് ഇവിടുത്തെ വിഹാരങ്ങൾ ശില്പവിശേഷണങ്ങളാൽ എത്രമാത്രം മഹത്തരങ്ങളും അത്ഭുതാവഹങ്ങളുമായിരുന്നുവെന്നൂഹിക്കാൻ അത്രയേറെ കല്പനാശക്തി ആവശ്യമില്ലതന്നെ. ജാവായിലെ ബോറോബദറിൽ കാണപ്പെടുന്ന വൻപിച്ച പണിത്തരങ്ങളോ അജന്താശിഗ്രി എന്നിവിടങ്ങളിലെ ഗഹ്വരവിഹാരങ്ങളുടെ ഭിത്തികളെ അലംകരിക്കുന്ന ചിത്രലേഖങ്ങളോ നോക്കി ബൌദ്ധകാലത്തിലെ കലകളുടെ അതീതമഹിമയറിയാൻ പ്രാപ്തിയുള്ളവക്കു് ബൌദ്ധലോകത്തിന്റെ അഭിമാനസ്തംഭമായ ഈ മഹാകലാശാലയിൽ എത്ര രമണീയങ്ങളായ മന്ദിരങ്ങളാണുണ്ടായിട്ടുള്ളതെന്നു ഊഹിക്കാൻകഴിയും.

സർവ്വകലാശാലയ്ക്കുവേണ്ടി അമിതമായ ധനസഹായം ലഭിച്ചുവന്നതിനാൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങളെല്ലാം ഒരു ഴലാഭവും കൂടാതെ നിർവ്വഹിച്ചിരുന്നു. ആഹാരം, വസ്ത്രം, ശയനം, ഔഷധദാനം എന്നിവ അവക്കു വേണ്ട കാലങ്ങളിൽ വേണ്ടവിധം ലഭിച്ചിരുന്നു. ഇതാണു് അവർ അഭ്യസിച്ച വിഷയങ്ങളിൽ വിദഗ്ദ്ധത നേടാൻ പ്രരകമായി ഭവിച്ചതു്? യുവൻചങ് നാളന്ദയിൽ പാർത്തകാലങ്ങളിൽ അദ്ദേഹത്തിനു ദിവസംതോറും നൂററിരുപതു ജംബീശഫലം, ഇരുപതു് അടയ്ക്കാ, ഇരുപതു ജാതിക്ക, ഒരൗൺസ് കർപ്പൂരതൈലം, ശാല്യന്നം എന്നിവ ലഭിച്ചിരുന്നുപോൽ. ഒരു മാസത്തിൽ മൂന്നുനാഴി എണ്ണയും ദിവസേന വെണ്ണയും കിട്ടിയിരുന്നുവെന്നും അദ്ദേഹം പറയുന്നുണ്ടു്. നാളന്ദായിലെ സന്യാസാശ്രമത്തിൽ സൽകൃതരാകുന്ന അതിഥികൾക്കെല്ലാം അവരുടെ ആവശ്യങ്ങൾ മുഴുവൻ ഞെരുക്കംകൂടാതെ സാധിച്ചിരുന്നു. കലാശാലയിലെ ദ്വാരപണ്ഡിതന്മാർ സനിഷ്കർഷം പരിശോധിച്ചാണു വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചിരുന്നതു്. യുവാൻചങ്ങിന്റെ സഞ്ചാരത്തിനിടയിൽ അദ്ദേഹം കാഞ്ചീപുരത്തുവച്ചു് മുന്നൂറു് അനാചാര്യന്മാരോടൊന്നിച്ചുവന്ന രണ്ടു സിംഹളസന്യാസിമാരെക്കണ്ടുവെന്നും അവരിൽ ആർക്കുംതന്നെ നാളന്ദയിലെ ശീലഭദ്രനെപ്പോലെ യോഗശാസ്ത്രത്തിലെ ചില പ്രത്യേകഭാഗങ്ങളെ വ്യാഖ്യാനിക്കാൻ കഴിഞ്ഞില്ലെന്നും പ്രസ്താവിക്കുന്നു. ഇററ്സിങ്ങിനും ഇതുപോലെ ഉൽകൃഷ്ടമായ ഒരു അഭിപ്രായമാണു് നാളന്ദയെ സംബന്ധിച്ചുള്ളതു്. അദ്ദേഹം ഈ വിഹാരത്തിൽ പത്തുകൊല്ലം പാർത്തു പലതും പഠിക്കയും അഞ്ചുലക്ഷം വാക്യങ്ങളടങ്ങിയ സംസ്കൃതഗ്രന്ഥങ്ങൾ സംഭരിക്കയും ചെയ്തു. അദ്ദേഹവുമായി സംഭാഷണം ചെയ്തിട്ടുള്ള പല ആചാര്യന്മാരുടേയും പേരുകൾ അദ്ദേഹം പറയുന്നുണ്ടു്. "എനിക്കു് അവരെ നേരിട്ടുകണ്ടു് അറിവു സമ്പാദിക്കാൻ സാധിച്ചതിൽ വളരെ ചാരിതാർത്ഥ്യമുണ്ടു്. ഈ അറിവു മററുവിധത്തിൽ ലഭിക്കാൻ നിശ്ചയമായും കഴിയുന്നതല്ല" എന്നാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. ഈ ജോലികൾക്കുപുറമെ ഇവിടത്തെ ഗുരുക്കന്മാ

രും ശിഷ്യരും കൈയെഴുത്തുഗ്രന്ഥങ്ങൾ പകർത്തുക എന്ന ജോലിയും പതിവായി ചെയ്തുവന്നിരുന്നു. കേംബ്രിഡ്ജിലെ ബോഡിലിയൻ ഗ്രന്ഥാലയത്തിൽ എന്നപോലെ മഹീപാലന്റെ വാഴ്ച തുടങ്ങി അഞ്ചാംകൊല്ലത്തിൽ നാളന്ദയിൽവച്ച് അഷ്ടസഹസ്രികാ പ്രജ്ഞാപരാമിത എന്ന ഗ്രന്ഥം പകർത്താനിടയായിട്ടുണ്ട്. ബംഗാളിലെ ഏഷ്യാറ്റിക്സംഘംവക ഗ്രന്ഥാലയത്തിൽ ഈ ഗ്രന്ഥത്തിന്റെ ഒരു കൈയെഴുത്തുപ്രതിയുണ്ട്. മഹീപാലന്റെ വാഴ്ച ആരംഭിച്ച ആറാംവർഷത്തിൽ കല്യാണമിത്ര ചിന്താമണി നാളന്ദായിൽ വച്ചു പകർത്തിയതാണിത്. മഹാമഹോപാദ്ധ്യായഹരിപ്രസാദശാസ്ത്രിയാണ് നേപ്പാളരാജ്യത്തിൽ നിന്നു കണ്ടെടുത്തത്. ഈ ഗ്രന്ഥത്തിന്റെ വേറൊരു പകർപ്പ് ഗോവിന്ദപാലന്റെ വാഴ്ച തുടങ്ങി നാലാംകൊല്ലത്തിൽ നാളന്ദയിൽവച്ചു പകർത്തിയതു് ഗ്രേററ്ബ്രിട്ടനിലേയും അയർലണ്ടിലേയും റോയൽ ഏഷ്യാററിക് സംഘംവക ലൈബ്രറിയിലുണ്ട്. കേംബ്രിഡ്ജിലെ ബോഡിലിയൻ ലൈബ്രറിയിലും ഈ ഗ്രന്ഥത്തിന്റെ ഒരു പ്രതിയുണ്ട്. അതു രാമപാലന്റെ വാഴ്ചക്കാലത്തെഴുതിയതാണ്.

നാളന്ദയിൽ ദ്വാരപണ്ഡിതന്മാരെ കൂടാതെ മററുദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ മൂന്നു ഉന്നതന്മാരായ ഉദ്യോഗസ്ഥന്മാർകൂടിയുണ്ട്. യൂനിവേഴ്സിററിചാൻസലറാണു അവരിൽ ഒരാൾ. കർമ്മദാനൻ എന്നും സ്ഥവിരൻ എന്നും രണ്ടുപേരാണു കൂട്ടുകാർ. കർമ്മദാനൻ സബ്ഡയറക്ടരും സ്ഥവിരൻ പ്രിൻസിപ്പാളുമാണ്. യുവൻചങ്ങിൽ പിന്നീടു വിഹാരം സന്ദർശിച്ച കൊറിയാക്കാരൻ പറയുന്നതു്:— "ഇവിടത്തെ അദ്ധ്യക്ഷൻ ഏററെ പ്രായം ചെന്നവനാണ്. അടുത്തയാളിനെ കർമ്മദാനൻ എന്നോ വിഹാരസ്വാമിയെന്നോ വിഹാരപാലൻ എന്നോ പറയും." ഇററ്സിങ്ങിന്റെ വിവരണത്തിൽ നിന്നു നാം ഗ്രഹിക്കുന്നതു വിഹാരം സംബന്ധിച്ച സമസ്ത കാര്യങ്ങളുടേയും മേൽനോട്ടം വഹിക്ക, ആചാര്യന്മാരുടെ യോഗ്യതാനുസാരമുള്ള സ്ഥാനങ്ങൾ നിർണ്ണയിക്ക, അസ്തമയം മുതൽ പ്രഭാതംവരെ ശരിയായ സമയം നാഴികവട്ടകപ്രകാരമുള്ളതു് വിളംബരം ചെയ്ക എന്നിവ കർമ്മദാനന്റെ ചുമതലയായിരുന്നുവെന്നാണ്. യുവൻചങ്ങിന്റെ കാലത്തു കലാശാലാദ്ധ്യക്ഷൻ അതായതു ചാൻസലർ ശീലഭദ്രനായിരുന്നു. അദ്ദേഹത്തിനുമുൻപു ധർമ്മപാലൻ ഈ സ്ഥാനം വഹിച്ചു. എട്ടാംനൂററാണ്ടിന്റെ മദ്ധ്യകാലത്തു കമലശീലൻ എന്നു സുപ്രസിദ്ധനായ മഹാതന്ത്രവിശാരദൻ കലാശാലാദ്ധ്യക്ഷനായിരുന്നു. നഗരഹാരത്തിലെ വീരദേവനെ നാളന്ദയിലെ ആചാര്യാദ്ധ്യക്ഷനായി ദേവപാലരാജൻ നിയോഗിച്ച വിവരം ഘോശ്രവാൻ ശാസനങ്ങളിൽനിന്നു നാം ഗ്രഹിക്കുന്നു. യുവൻചങ്ങിന്റെ കാലത്തു പതിനായിരം പേർ ഇവിടെ താമസക്കാരായുണ്ടായിരുന്നുവത്രെ. എന്നാൽ ഇററ്സിങ്ങിന്റെ സന്ദർശനാവസരത്തിൽ ആ സംഖ്യയിലും കവിഞ്ഞിരുന്നു. അതായതു മൂവായിരത്തിനുമേൽ കൂടിയിരുന്നു. യുവൻചങ് അവിടെ സ്ഥിരതാമസക്കാരായി കണ്ട പതിനായിരം പേരിൽ ആയിരത്തിഅഞ്ഞൂററിപ്പത്തു് ആചാര്യന്മാരായിരുന്നുപോൽ. അവർ നൂറിലധികം വിഷയങ്ങളെപ്പററി ദിവസംതോറും വാദപ്രതിവാദം നടത്തിയിരുന്നു.

അസാധാരണസാമത്ഥ്യം, അഗാധവിജ്ഞാനം, മഹനീയസദ്ഗുണം മുതലായവയാൽ കീർത്തി നേടിയ ആചാര്യന്മാർ നാളന്ദയിൽ വേണ്ടുവോളമുണ്ടായിരുന്നു. നാഗാർജ്ജുനന്റെ അദ്ധ്യാപകനും ആദ്ധ്യാത്മികോപദേഷ്ടാവും ആയ രാഹുൽ ഇവിടത്തെ ഗുരുസമൂഹത്തിന്റെ മേന്മയെ ശതഗുണീഭവിപ്പിച്ചു. മദ്ധ്യമികതത്വജ്ഞാനാവതാരകനായ നാഗാർജ്ജുനൻ ഈ വിഹാരത്തിന്റെ സ്ഥാപകന്മാരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ ഒരു ശിഷ്യനും കലാശാലയിലെ പണ്ഡിതവർഗ്ഗത്തിൽ ഒരുവനുമായിരുന്നു ആര്യദേവൻ. അദ്ദേഹം മൂന്നു സംസ്കൃതഗ്രന്ഥങ്ങളുടെ കർത്താവാണ്. ഒന്ന് നാളന്ദയിൽ വച്ചെഴുതി. അദ്ദേഹം മഹാകോസലം, ബൃഹല്ലം, പ്രയാഗം, ചോളം, വൈശാലി ഈ രാജ്യങ്ങളിൽ സഞ്ചരിച്ചു തീർത്ഥകന്മാരെയെല്ലാം വാദത്തിൽ മടക്കുകയും ബുദ്ധമതധർമ്മങ്ങളെക്കുറിച്ചു പ്രസംഗങ്ങൾ നടത്തുകയും ചെയ്തു വളരെ യശസ്സുനേടി. ആര്യാസംഗൻ എന്ന മഹാനും കലാശാലയിലെ ഒരു പണ്ഡിതനായി നാളന്ദയിൽ ഏതാനും വർഷം താമസിച്ചിട്ടുണ്ട്. അദ്ദേഹം പന്ത്രണ്ടു ഗ്രന്ഥങ്ങളുടെ കർത്താവാണ്. അവയിൽ പലതും ചീന, ടിബററു ഈ ഭാഷകളിൽ ഇപ്പോഴുമുണ്ട്. അദ്ദേഹത്തിന്റെ അനുജൻ വസുബന്ധുവും ജ്യേഷ്ഠനെപ്പോലെ മഹായാനത്തിലേ യോഗാചാരാനുഗാമിയും പല ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. തക്ശാസ്ത്രം ഇവയിൽ ഒന്നാകുന്നു. ചീനഭാഷയിൽ റോൺകി, റോൺഷികി, റോൺഷിൻ എന്നീ മൂന്നുപേരുകളാൽ കീർത്തിതങ്ങളായിരിക്കുന്ന ഗ്രന്ഥത്രയം ഇദ്ദേഹത്തിന്റെ സൃഷ്ടിയാണുപോൽ. കാഞ്ചീപുരത്തുകാരനായ ധർമ്മപാലൻ ഇവിടെ പഠിച്ചുശേഷം അദ്ധ്യക്ഷനായി. അദ്ദേഹം ന്യായശാസ്ത്രം, വ്യാകരണശാസ്ത്രം എന്നിവയിൽ വിദഗ്ദ്ധനായിരുന്നു. സംസ്കൃതഭാഷയിൽ ഏതാനും ബൌദ്ധഗ്രന്ഥങ്ങളുമെഴുതി. ശീലഭദ്രൻ നാളന്ദയിലെ ധർമ്മപാലന്റെ ശിഷ്യനായിരുന്നു. അദ്ദേഹവും കലാശാലാദ്ധ്യക്ഷനായി. അദ്ദേഹം വിദ്യാർത്ഥിയായിരുന്നപ്പോൾ തന്റെ ഗുരുവിനോടു മത്സരിക്കാൻ തെക്കെ ഇൻഡ്യയിൽനിന്നു വന്ന ഗർവ്വിഷ്ഠനായ ഒരു ബ്രാഹ്മണനെ വാദത്തിൽ മടക്കി. അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെപ്പററി യുവൻചങ്ങും ഇററ്സിങ്ങും വളരെ മെച്ചമായി വർണ്ണിച്ചിരിക്കുന്നു. യുവൻചങ്ങ് സംസ്കൃതം പഠിച്ചതുപോലും ഇദ്ദേഹത്തിന്റെ ശിഷ്യനായിട്ടാണ്. അദ്ദേഹം അനേകം ഗ്രന്ഥങ്ങളെഴുതീട്ടുണ്ട്. ഏറിയക്രവും നമുക്കു കിട്ടിയിട്ടില്ല. ശ്രീമതി, നാളന്ദയിലെ ഒരു വിദ്യാർത്ഥിയാണ്. അവിടുന്നു താരാഭട്ടാരികക്ഷേത്രത്തിൽ വച്ച് ഒരു സംസ്കൃതഗ്രന്ഥം ടിബററുഭാഷയിലേക്കു തർജ്ജമ ചെയ്തു. സംസ്കൃതവ്യാകരണത്തിൽ കലാപരീതിയിൽ അദ്ദേഹം അതിവിദഗ്ദ്ധനായിരുന്നു. ഒൻപതു ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ ഏഴു ടിബററുഭാഷയിലേക്കു വിവർത്തനം ചെയ്തു. ആ ഭാഷയിൽ പത്തു ഗ്രന്ഥങ്ങൾ പിഴ

തീൎത്തു പരിഷ്കരിച്ചു. വരേന്ദ്രത്തിലെ ചന്ദ്രഗോമിൻ ശ്രീമതിയുടെ ശിഷ്യനും അറുപതു ഗ്രന്ഥങ്ങളുടെ കൎത്താവുമാണ്. അഞ്ചെണ്ണം ബൗദ്ധതന്ത്രവിഷയകമാകുന്നു. ശാന്തരക്ഷിതൻ നാളന്ദയിലെ ഒരു വിദേശാദ്ധ്യാപകനായിരുന്നു. ഇദ്ദേഹം ടിബററുരാജാവിൻെറ അഭിപ്രായമനുസരിച്ച് അവിടെ പോയി പതിമൂന്നു വൎഷം താമസിച്ചു. ഉദന്തം ആ വിഹാരത്തിൻെറ മാതൃകയിൽ ആദ്യത്തെ വിഹാരം അവിടെ പണിയിക്കാൻ രാജാവിനു വേണ്ട സഹായം ചെയ്തു. രണ്ടു ന്യായശാസ്ത്രഗ്രന്ഥങ്ങളെഴുതി. ഉദ്യാനദേശീയനായ പത്മസംഭവൻ ശാന്തരക്ഷിതൻെറ ശിഷ്യനും തന്ത്രശാസ്ത്രവിദഗ്ദ്ധനുമാണ്. ഇദ്ദേഹം ഗുരുവിനെ സഹായിക്കാൻ ടിബററിൽ പോയി സാമ്യവിഹാരസ്ഥാപനവിഷയത്തിൽ അദ്ദേഹത്തിനു വേണ്ട ഒത്താശകൾ നൽകി. വിനീതദേവൻ നാളന്ദയിലെ വേറൊരാചാൎയ്യനാണ്. പ്രസിദ്ധമായ സാമയഭേദോപരചനാചക്രം തുടങ്ങിയ പത്തു ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിൽ രചിച്ചു. കമലശീലൻ കുറേക്കാലം നാളന്ദയിൽ തന്ത്രശാസ്ത്രപണ്ഡിതനായിരുന്നു. അദ്ദേഹത്തെ ടിബററിലേക്കു അവിടത്തെ രാജാവു ക്ഷണിച്ചു. പത്മസംഭവൻ, ശാന്തരക്ഷിതൻ ഇവരുടെ മതവിഷയകങ്ങളായ തത്വങ്ങളെ ഇദ്ദേഹം അവിടെ പ്രകാശനം ചെയ്കയും മഹായാനഹോഷാങ്ങ് എന്ന ചീനസന്യാസിയെ തോല്പിച്ചോടിക്കയും ചെയ്തു. അഞ്ചു ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതി. അവയിൽ രണ്ടു ന്യായശാസ്ത്രത്തെ വിഷയീകരിച്ചാണ്. തന്ത്രവിദഗ്ദ്ധൻ ബുദ്ധകീൎത്തിയും നാളന്ദയിൽ ചേൎന്നയാളാകുന്നു. വിക്രമശിലയിലെ അഭയാകരഗുപ്തൻ അവിടെ ചെന്നപ്പോൾ ഗ്രന്ഥനിൎമ്മിതിയ്ക്കു അദ്ദേഹത്തെ ഇദ്ദേഹം സഹായിച്ചു. കുമാരശ്രീ, കൎണ്ണശ്രീ, സൂൎയ്യധ്വജൻ, സുമതിസേനൻ എന്നിവരും ഈ കലാശാലയിൽ പെട്ടവരാണ്. ആചാൎയ്യദേവവിദസിംഹൻെറ കീഴിൽ ബ്രാഹ്മണരുടേയും ബൌദ്ധന്മാരുടേയും മതഗ്രന്ഥങ്ങൾ പഠിക്കാൻ ടിബററുരാജാവിൻെറ ഒരു സന്ദേശവാഹകൻ ആജ്ഞപ്തനായി. പ്രഭാകരമിത്രൻ എന്ന ആചാൎയ്യൻ ബുദ്ധമതത്തിലെ വിശുദ്ധഗ്രന്ഥപ്രചരണത്തിനായി ചീനദേശത്തേക്കു പോകേണ്ടിവന്നു. ജിനമിത്രൻ നാളന്ദയിൽനിന്നു ചൈനയിൽ പോയി താമസിച്ചു ചില സംസ്കൃതഗ്രന്ഥങ്ങൾ അവിടത്തെ ഭാഷയിലേക്കു തൎജ്ജമ ചെയ്യേണ്ടിവന്നു. യുവൻചങ്ങ് പിന്നേയും പല ആചാൎയ്യന്മാരേപ്പററി പ്രസ്താവിച്ചിരിക്കുന്നു. ചന്ദ്രപാലൻ, ഗുണമതി, പ്രഭാമിത്രൻ, ജ്ഞാനചന്ദ്രൻ, ശീഘ്രബുദ്ധി മുതലായ മഹാപണ്ഡിതന്മാരാണ് അവരിൽ ചിലർ. ഈ വിശ്രുതമഹാന്മാർ സൎവ്വവന്ദ്യരായിരുന്നു. യശഃപൂൎണ്ണരായ മുൻഗാമികളിലും അവർ കവിഞ്ഞു വിളങ്ങി. പല ഗ്രന്ഥങ്ങളും അവർ രചിച്ചു. അവ ഇന്നും സജീവങ്ങളായിരിക്കുന്നു. ഇവരുടെ കീൎത്തി ഭാരതത്തിനും പുറമേയുമുള്ള വിദ്യാൎത്ഥികളെ നാളന്ദയിലേക്കാകൎഷിച്ചു. യുവൻചങ്ങ് പറയുന്നു. "ഈ

കാരണത്താൽ വാദത്തിൽ അചിരേണ കീർത്തി സമ്പാദിക്കാൻ ആഗ്രഹിക്കുന്ന വിദ്വാന്മാർ പല പ്രദേശങ്ങളിൽനിന്നു് ഇവിടെ സംഘംസംഘമായി വന്നു സന്ദേഹങ്ങൾ തീർത്തശേഷം അവരുടെ വിജ്ഞാനധോരണിയെ വിദേശങ്ങളിൽ പരത്തി അഭിലാഷം സാധിക്കുന്നു. മംഗോളിയാ, കൊറിയ മുതലായ രാജ്യങ്ങളിൽ ഉള്ളവർപോലും ഈ കൂട്ടത്തിലുണ്ടായിരുന്നുവെന്നു കേൾക്കുമ്പോൾ ആരാണു വിസ്മയിക്കാത്തതു്. തക്കാകുസുമമെഴുതിയ ഇററ്സിങ്ങ് എന്ന ഗ്രന്ഥം വശം 26 കാൺക. യൂറോപ്പുഖണ്ഡം മദ്ധ്യയുഗത്തിലെ നീണ്ട നിശയുടെ കൂരിരുട്ടു നിറഞ്ഞ യാമത്തിൽ മറഞ്ഞും സാരസൻമാരുടേയും, അറബികളുടേയും വിജ്ഞാനസൌധത്തിനു് അസ്ഥിവാരം പോലും ഇടാതേയും കിടന്ന ഏഴാംനൂററാണ്ടിൽ നാളന്ദ സർവ്വദേശീയവിദ്യാഭ്യാസകേന്ദ്രമായി വിളങ്ങിയിരുന്നു. യുവൻചങ്ങ് പറയുംപോലെ ചിലർ നാളന്ദയിൽ നിന്നു ബിരുദനേടിയവരെന്നു വ്യാജമായി ഘോഷിച്ചുംകൊണ്ടു പുറനാട്ടുകളിൽ സഞ്ചരിച്ചു ബഹുമാനം അനുഭവിച്ചുവരത്തക്കവണ്ണം ഈ സർവ്വകലാശാലയുടെ മേന്മ അത്ര മഹത്തായിരുന്നു. യുവൻചങ്ങ്, ഇററ്സിങ്ങ് ഈ രണ്ടു ചീനസഞ്ചാരികളും വിദ്യാവിഷയത്തിൽ ആത്മമാതൃസ്ഥാനം വഹിക്കുന്ന നാളന്ദയെ കൃത്രിമവർണ്ണത്താൽ ചിത്രിതമാക്കിയിരിക്കുന്നതായി സംശയിച്ചുപോകാം. ന്യായസ്ഥരും സത്യവാന്മാരും ആയ സന്യാസികളും ജീവിതം വിദ്യാഭ്യാസവിഷയത്തിലുള്ള പരിശ്രമത്തിനു ലക്ഷ്യമായ ശാശ്വതരേഖയാക്കിത്തീർത്ത ശ്രദ്ധാലുക്കളും ഉത്സാഹശീലരുമായ വിദ്യാർത്ഥികളും ആയ അവർ തങ്ങളുടെ അനുഭവത്തിന്റെ ശരിയായ ഒരു വിവരണമല്ലാതെ മറെറാന്നും പറഞ്ഞിരിക്കാനിടയില്ല. നാളന്ദയെപ്പററി വിശേഷിച്ചും അവരുടെ അഭിപ്രായത്തിനു പ്രത്യേകം വിലകല്പിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അവർ രണ്ടാളും ഏറെക്കാലം അവിടെ പാർത്തു് അവിടത്തെ സ്ഥിതിഗതികൾ നേരിട്ടറിഞ്ഞിട്ടുണ്ടു്.

ഇനിയും അന്യരാജ്യക്കാർ പലരും ഇവിടെ വന്നിട്ടുണ്ടു്. ടിബററിൽനിന്നു് ഇൻഡ്യയിലേയ്ക്കയച്ച തോഞ്ചി എന്നയാൾ ലിപിദത്തനിൽ നിന്നു നാഗരം ഗ്രന്ഥാക്ഷരം എന്നിവ വശമാക്കിയ ശേഷം നാളന്ദയിലെത്തി ദേവവിദസിംഹാചാര്യന്റെ കീഴിൽ ബ്രാഹ്മണരുടേയും, ബൌദ്ധന്മാരുടേയും പരിശുദ്ധസാഹിത്യങ്ങളഭ്യസിക്കയുണ്ടായി. ഏഴാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ യുവൻംപ്യു എന്നൊരു ചീനസന്യാസി മൂന്നു കൊല്ലം നാളന്ദയിൽ താമസിച്ചു. ടോഹി എന്നൊരു ചീനക്കാരൻ മഹായാനഗ്രന്ഥങ്ങളഭ്യസിച്ചു സൂത്രങ്ങളും ശാസ്ത്രങ്ങളും നാനൂറു അദ്ധ്യായത്തോളം നാളന്ദയിൽ വച്ചു പകർത്തുകയും ഉണ്ടായി. കോറിയായിലെ ആര്യവർമ്മൻ എന്നൊരു ബുദ്ധാനുഗാമി ഇവിടെ പാർത്തു പല സൂത്രങ്ങളും പകർത്തി. ഏൂനിഹെ എന്ന മറെറാരു കൊറിയാക്കാരൻ ഇവിടത്തെ വിശുദ്ധഗ്രന്ഥങ്ങൾ

പഠിച്ചു. തുഷാരദേശീയനായ ബുദ്ധധർമ്മൻ എന്നൊരാളെ ഇറവ്സിങ്ങ് നാളന്ദയിൽ വച്ചു കണ്ടതായെഴുതിയിരിക്കുന്നു. ക്രിസ്തുവർഷം 649തിനിടയ്ക്കു ടൈൗസിങ്ങ് എന്നൊരു ചീനക്കാരൻ നളന്ദ സന്ദർശിച്ചതായി കാണുന്നു. ടാങ്ങ് എന്നയാളും ഇവിടെ വന്നിട്ടുണ്ട്. ഹ്യൂലൺ എന്നൊരു കൊറിയാക്കാരനും നാളന്ദയെപ്പററി എഴുതിയിരിക്കുന്നു. ടൈഫലിൻ ഇവിടെ വച്ച് ഒന്നോ രണ്ടോ കൊല്ലം കോശം അഭ്യസിച്ചുവത്രെ. യുവൻടാ പത്തു വർഷം നാളന്ദയിൽ താമസിച്ചു. യുഹിങ്ങ് യോഗം, കോശം മുതലായി പലതും പഠിക്കുകയുംഒടുവിൽ ഇവിടെ വച്ചു തന്നെ അന്തരിക്കയും ഉണ്ടായി. നാളന്ദയിലെ ആചാര്യാദ്ധ്യക്ഷനായി വീരദേവനെ നിയമിച്ച വിവരം കൊത്തിയിരിക്കുന്ന ദേവപാലൻെറ ഗോത്രവാൻ ശാസനത്തിൽ നിന്നു നാളന്ദയുടെ മഹിമ ഒൻപതാം ശതാബ്ദത്തിൻെറ ഉത്തരാൎദ്ധത്തോടുകൂടി അസ്തമിച്ചുപോയെന്നു ഡാക്ടർ കീൽഹാർൻ പുരാതനരേഖകളെ അവലംബിച്ചു പ്രസ്താവിക്കുന്നു. എന്നാൽ അനന്തരകാലങ്ങളിലും ഈ സ്ഥലം ഐശ്വര്യസരണിയെ വിട്ടൊഴിഞ്ഞില്ലെന്നു മററു ലക്ഷ്യങ്ങളാൽ നമുക്കൂഹിക്കാൻ കഴിയും. മഹീപാലൻെറ വാഴ്ച തുടങ്ങിയ അഞ്ചാം വർഷത്തിൽ നാളന്ദയിൽ വച്ചു പകൎത്തിയ ഒരു ഗ്രന്ഥം ഇപ്പോഴം കേംബ്രിഡ്ജിലെ ഗ്രന്ഥാലയത്തിലുണ്ട്. ഇതു പകൎത്തിയതു 980-നും 1026-നും മദ്ധ്യേയാണ്. അടുത്ത കൊല്ലത്തിൽ പകൎത്തിയ വേറൊരു പ്രതി റായേൽ ഏഷ്യാററിക് സംഘം വക ഗ്രന്ഥാലയത്തിലും കാണുന്നു. ന്യായപാലൻെറ ഭരണകാലത്തു അതായതു 1042-ൽ ഇവിടത്തെ അദ്ധ്യക്ഷനായ ദീപാംകരശ്രീജ്ഞാനൻ ടിബററിൽ പോയി. രാമപാലൻെറ വാഴ്ചയുടെ നാലാംകൊല്ലത്തിൽ (1084) ഗൃഹണകുണ്ഡു എന്നൊരാൾ നാളന്ദയിൽ വച്ചൊരു ഗ്രന്ഥം പകൎത്തി.

ഗോവിന്ദപാലൻെറ വാഴ്ചയുടെ നാലാംകൊല്ലത്തിൽ (1164) വേറൊരു ഗ്രന്ഥം ഇവിടെ വച്ചു പകൎത്തി. ഈ ലക്ഷ്യങ്ങളും ന്യായപാലൻെറ വാഴ്ചക്കാലത്തെ വിഹാരാദ്ധ്യക്ഷൻ രാജാപേക്ഷയനുസരിച്ചു ടിബററിൽ പോയ കഥയും കൊണ്ടു നാളന്ദ പതിനൊന്നാംശതാബ്ദമദ്ധ്യത്തിലും വിജ്ഞാനകേന്ദ്രമായിരുന്നെന്നുള്ള ഖ്യാതി വിട്ടൊഴിഞ്ഞിരുന്നില്ലെന്നു നിൎണ്ണയിക്കേണ്ടിയിരിക്കുന്നു. വിക്രമശില ശാസ്ത്രവനിലയിൽ ഉയരുകയും അവിടത്തെ അദ്ധ്യക്ഷൻ അതീശൻ ടിബററിലേയ്ക്കു പ്രയാണം ചെയ്കയും ചെയ്കപ്പോഴം അദ്ദേഹത്തിൻെറ ടിബററിലേ ദ്വിഭാഷി നാളന്ദയിൽ പാഠകനായിരുന്നു. പിന്നെയും അതീശനെ ആനയിക്കാൻ വിക്രമശിലയിലേയ്ക്കു പോയ ടിബററുരാജസന്ദേശവാഹകൻ സന്യാസിയാത്രാമദ്ധ്യേ നാളന്ദയിൽ താമസിച്ചു. ന്യായപാലൻെറ കാലാനന്തരം നാളന്ദയുടെ അധഃപതനം ആരംഭിച്ചു. വിക്രമശിലയിലെ പണ്ഡിതന്മാർ നാളന്ദയുടെ സ്ഥിതി സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരുന്നുവെന്നു താരാനാഥൻ പറയുന്നു. ഈ രണ്ടു സ്ഥലങ്ങളിലേയും പാരപണ്ഡിതസ്ഥാനം കൈയേററിരുന്ന ഒരാചാര്യനെ

ക്കുറിച്ചുകൂടി താരാനാഥൻ പ്രസ്താവിക്കുന്നുണ്ട്. നാളന്ദയുടെ ക്ഷയത്തിനു രണ്ടുകാരണങ്ങൾ പറയാനുണ്ട്. 1. കെട്ടിടങ്ങൾ അഴിച്ചു പണിയിക്കയൊ കൂടക്കൂടെ അററകുററം തീൎക്കയൊ ചെയ്യാതെ ജീൎണ്ണം ഭവിച്ചു ശൂന്യമായി. 2. മത്സരിച്ചുയൎന്ന വിക്രമശിലയ്ക്കു മാത്രമായി രാജാക്കന്മാരുടെ രക്ഷാധികാരം മുഴുവൻ ലഭിക്കയും ആ കാരണത്താൽ അതു ഉത്തരഇൻഡ്യയിലെ പ്രധാനവിദ്യാകേന്ദ്രമായി ഭവിക്കയും ചെയ്തു. തുരുഷ്കരായ ആക്രാമകന്മാർ ഈ മഹൽസ്ഥാപനത്തെ അടിച്ചമൎത്തി. എന്നിട്ടും പാതിജീവൻ കിടന്നു. എന്തെന്നാൽ മുദിതഭദ്രൻ എന്നൊരു സന്യാസി അവിടത്തെ ക്ഷേത്രങ്ങളേയും ചൈത്യങ്ങളേയും അററകുററം തീൎപ്പിച്ചുവെന്നു പറയപ്പെട്ടിരിക്കുന്നു. ഏറെക്കാലം കഴിയും മുമ്പു മഗധരാജസചിവനായ കകുദസിദ്ധൻ ഇവിടെ ഒരു ക്ഷേത്രംപണിയിക്കയുണ്ടായി. ഒരു പ്രാൎത്ഥനാമദ്ധ്യേ രണ്ടു ഭിക്ഷുക്കൾ അവിടെചെന്നു. പുതിയതായി ബുദ്ധമതം സ്വീകരിച്ച ചില ധിക്കാരികൾ അവരെ ധിക്കരിച്ച് അവരുടെ മേൽ മലിനജലം വൎഷിച്ചു. അവർ കോപിച്ചു പന്ത്രണ്ടു കൊല്ലം ആദിത്യനെ സേവിച്ചു. അനന്തരം ഒരു അഗ്നിഹോത്രം നടത്തി. ഹോമകുണ്ഡത്തിൽ നിന്നു എരിതീയും ചാമ്പലും എടുത്ത് നാളന്ദയിലെ ക്ഷേത്രത്തിന്മേൽ നിക്ഷേപിച്ചു. ഇതു പടൎന്നു പിടിച്ചു ഗ്രന്ഥാലയം ഉൾപ്പെടെ എല്ലാം ദഹിച്ചു. നാളന്ദ തീപിടിച്ചു നശിച്ച വിവരം ബാലാദിത്യശാസനം കൊണ്ടു വെളിവാകുന്നു. ഈ ശാസനം 1864-ൽ നാളന്ദയിലെ ശൂന്യശിഷ്ടങ്ങളിൽ നിന്ന് ക്യാപ്ററൻ മാൎഷൽ കണ്ടെടുത്തു. ഇതു കല്ക്കട്ടയിലെ മ്യൂസ്യത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തീപിടിച്ചതിൽ പിന്നീടു അവിടെ ഒരു ക്ഷേത്രം പണിയിച്ച വൃത്താന്തം അതിൽ സൂചിപ്പിക്കുന്നു.

# പുസ്തകാഭിപ്രായം

## രാവണപക്ഷം

ഗ്രന്ഥകൎത്താ കണ്ണൻ ജനാൎദ്ദനൻ

കമലാലയം ബുക്കഡിപ്പോ, തിരുവനന്തപുരം.

പുസ്തകത്തിൻെറ പേരു തന്നെ ഇതിലെ വിഷയമെന്താണെന്നു സ്പഷ്ടമാക്കുന്നുണ്ട്. രാമായണപാരായണം ചെയ്തുവരുന്ന ഹിന്ദുക്കൾ രാമൻെറയും രാവണൻെറയും സ്വഭാവങ്ങളെപ്പററി ഒന്നു ധരിച്ചിട്ടുണ്ട്. ആ ധാരണ തെററാണെന്നു കാണിക്കണമെന്നാണു ഗ്രന്ഥകാരൻെറ മനഃപൂൎവ്

മായ ഉദ്ദേശ്യം. "സ്വന്തമായി ഒരു കഥയുണ്ടാക്കി അതിനെക്കൊണ്ടു് സ്വന്തമായ ഒരു കാവ്യം ചമയ്ക്കുയാണു് വാല്മീകി ചെയ്തിട്ടുള്ളതു്" എന്നു് അദ്ദേഹം മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു് ആദികവിയുടെ സൃഷ്ടികളെ യഥാസ്ഥിതിയിൽ തന്നെ വീക്ഷിച്ചു നിഷ്പക്ഷമായി ഭാവനിരൂപണം ചെയ്കയല്ലാതെ പാത്രങ്ങളെ കൂടുതൽ ആകർഷകമൊ വികൃതമൊ ആക്കിത്തീൎക്കുന്നതിനു വേണ്ടി പുതിയ ചില സംഗതികൾ കൂട്ടി ചേൎക്കാൻ ആൎക്കും അവകാശമുണ്ടെന്നു തോന്നുന്നില്ല. ഈ സംഗതി ഗ്രന്ഥകാരൻ വിസ്മരിച്ചിരിക്കുന്നതായിട്ടാണു പുസ്തകം വായിച്ചപ്പോൾ ഞങ്ങൾക്കു തോന്നിയതു്. രാവണനെ സകല ഗുണസമ്പൂൎണ്ണനായും രാമനെ അതി നീചനായും കാണിപ്പാൻ അദ്ദേഹം കഴിയുന്നതും ശ്രമിച്ചിട്ടുണ്ടു്. പക്ഷേ ആ ശ്രമം അത്ര സഫലമായി എന്നു ഞങ്ങൾക്കു തോന്നുന്നില്ല. പ്രസ്തുതപുസ്തകം വായിക്കുന്നവൎക്കു രാവണൻ ശുദ്ധ മണ്ടനും വിശ്വാമിത്രപ്രഭൃതികൾ അതിസമൎത്ഥന്മാരും ദിവ്യദൃഷ്ടിയുള്ളവരുമാണെന്നേ തോന്നുകയുള്ളൂ. ശൈവന്മാരും വൈഷ്ണവന്മാരും തമ്മിലുള്ള മത്സരമാണു് രാമായണകഥയിൽ വിവരിച്ചിട്ടുള്ളതത്രെ. വൈഷ്ണവന്മാരായ വിശ്വാമിത്രപ്രഭൃതികൾക്കു നാടെങ്ങും വൈഷ്ണവമതം പരത്തണം. ശൈവചക്രവൎത്തിയായ രാവണനെ നിഗ്രഹിച്ചാൽ ഇക്കാൎയ്യം സാധിക്കാം. അതിന്നു വേണ്ട ഒരുക്കങ്ങളെല്ലാം അവർ ഗൂഢമായി നടത്തി. ഇനി രാവണനോടു യുദ്ധത്തിനു പുറപ്പെടുവാൻ ഒരു കാരണം കിട്ടണമെന്നു മാത്രമേയുള്ളൂ. അതിന്നു മുമ്പറഞ്ഞ വൈഷ്ണവശ്രേഷ്ഠന്മാർ ഒരു മാൎഗ്ഗമുണ്ടാക്കിയ കഥ ആലോചിച്ചാൽ അവർ അമാനുഷന്മാരൊ അതിമാനുഷന്മാരൊ ആണെന്നു ഏവനും കരുതുന്നതാണു്. ഭരതശത്രുഘ്നന്മാരെ അവർ കേകയത്തിലേക്കയച്ചു. രാജസദസ്സിലെ ജ്യോതിശ്ശാസ്ത്രജ്ഞനെ വശീകരിച്ചു ദശരഥനു മരണകാലം സമീപിച്ചിരിക്കുന്നു എന്നു പറയിച്ചു് അദ്ദേഹത്തെ ഭയപ്പെടുത്തി. അദ്ദേഹം ജ്യേഷ്ഠപുത്രനായ രാമനു് അടുത്തനാൾ തന്നെ യൌവരാജ്യം നൽകുവാൻ നിശ്ചയിച്ചു. ഇത്ര പെട്ടെന്നു് ഈ കാൎയ്യം നടത്തുന്നതു ദശരഥനു കൌസല്യയോടു അധികം പ്രിയമുള്ളതുകൊണ്ടാണെന്നു് അവർ കൈകേയിയെ ധരിപ്പിച്ചു. കൈകേയിയാകട്ടെ രാമനെ വനത്തിലേക്കു് അയയ്ക്കത്തക്കവണ്ണം ദശരഥനെ പ്രതിജ്ഞാബദ്ധനാക്കി. ഉടനെ രാമൻ സീതയോടുകൂടി വനത്തിലേക്കു പോകുകയും ചെയ്തു. രാമൻ വനത്തിൽ ചെന്നാൽ രാവണസോദരിയായ ശൂൎപ്പണഖ അദ്ദേഹത്തെ കാമിക്കുമെന്നും അവളെ അദ്ദേഹം അംഗഭംഗപ്പെടുത്തി വിടുമെന്നും അതിനു പ്രതിക്രിയയായി രാവണൻ സീതയെ അപഹരിക്കുമെന്നും അപ്പോൾ രാമൻ യുദ്ധത്തിനു പുറപ്പെടുമെന്നും വിശ്വാമിത്രപ്രഭൃതികൾ കാലേ കൂട്ടികണ്ടിരിക്കണം. ഇതു സംഭാവ്യമാണോ? സംഭാവ്യമാണെങ്കിൽ വിശ്വാമിത്രാദികളെ അമാനുഷന്മാരായി ഗണിക്കേണ്ടതല്ലെ. തന്റെ മാതുലജനനിയായ താടകയെതന്നേയും,

ഖരദൂഷണാദികളേയും നിഗ്രഹിക്കുകയും മാരീചസുബാഹുക്കളെ യുദ്ധത്തിൽ തോല്പിച്ചോടിക്കുകയും ചെയ്തിട്ടും രാവണൻ അടങ്ങിയിരുന്നുവത്രെ. തന്റെ സോദരിയെ നാസികാച്ഛേദം ചെയ്തുകണ്ടപ്പോൾ മാത്രമാണ് അദ്ദേഹം 'സൌമ്യമായ പ്രതിക്രിയ'ക്കിറങ്ങിയത്. അതിരിക്കട്ടെ. ശത്രുക്കൾക്കു ദുർഗ്ഗമമായ ലങ്കാനഗരിയിൽ പ്രവേശിച്ചു സ്വജനങ്ങളിൽ പലരേയും നശിപ്പിച്ച ഹനുമാനെ പുത്രൻ ബന്ധിച്ചു മുമ്പിൽ കൊണ്ടു വന്നപ്പോഴും രാവണനു ക്ഷമിക്കയാണുണ്ടായത്. ആ വാനരന്റെ ധിക്കാരവാക്കുകൾ കേട്ടിട്ടും രാവണനു ക്ഷോഭിക്കയുണ്ടായില്ലെന്നു മാത്രമല്ല വിഭീഷണന്റെ ഉപദേശപ്രകാരം വിട്ടയക്കുകയും ചെയ്തു. ഇവിടെ രാവണന്റെ ക്ഷമയെയൊ പൌരുഷമില്ലായ്മയെയൊ അധികം പ്രകാശിക്കുന്നതെന്നു വായനക്കാർ തീർച്ചയാക്കട്ടെ. ക്ഷമയാണെങ്കിൽ ഇത്രയും ക്ഷമയും, ലോകാപവാദഭയവും അധർമ്മത്തിൽ വൈമുഖ്യവുമുള്ള അദ്ദേഹം സ്വസഹോദരനായ വൈശ്രവണനോടുതന്നെയും ബാലിയോടും കാർത്തവീര്യാർജ്ജുനനോടും അകാരണമായി യുദ്ധത്തിനുപുറപ്പെട്ടപ്പോഴും സീതയെ വധിക്കാൻ ഒരുമ്പെട്ടപ്പോഴും അദ്ദേഹത്തിന്റെ ഗുണങ്ങളെല്ലാം അസ്തമിച്ചതെങ്ങനെ? തന്റെ സോദരിയെ അംഗഭംഗപ്പെടുത്തുകയും താടകയെ നിഗ്രഹിക്കയും ചെയ്ത രാമനോട് നേരിട്ടു യുദ്ധത്തിനു പുറപ്പെടുന്നതൊ ഉപായത്തിൽ സീതയെ അപഹരിച്ചു കൊണ്ടുപോകുന്നതൊ പുരുഷോചിതമായിട്ടുള്ളതു്? ഏതു് അധർമ്മവും അസത്യവും രാമന് നിഷിദ്ധമല്ലെന്നു പറയുന്ന ഗ്രന്ഥകാരൻ തന്നെ സർവ്വഗുണാന്വിതനും ധർമ്മാത്മാവും സ്ഥിരപ്രതിജ്ഞനുമാണ് രാമൻ എന്നു് വേറെ ഒരു അവസരത്തിൽ പറഞ്ഞിട്ടുണ്ട്. രാവണന്റെ സത്യത്തെ അസത്യം കൊണ്ടു മറയ്ക്കുവാൻ വാല്മീകി ശ്രമിച്ചിട്ടുണ്ടെന്നു അദ്ദേഹം പറയുന്നു. രാമനും രാവണനും വാല്മീകിയുടെ സൃഷ്ടികളായിരിക്കെ ഇതെങ്ങിനെയാണു സാദ്ധ്യമാകുന്നതെന്നു മനസ്സിലാവുന്നില്ല. ആകപ്പാടെ ഈ പുസ്തകകർത്താവു ഫീസ്സുവാങ്ങിയ ഒരു വക്കീലിനെപ്പോലെ രാവണപക്ഷംപിടിച്ചു ചില വാദങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നുമാത്രമേ ഇതു വായിക്കുന്നവർക്കു തോന്നുകയുള്ളു. ആ വാദങ്ങളെല്ലാം യുക്തിയുക്തങ്ങളാണെന്നു ഗ്രന്ഥകാരന്നുതന്നെ ബോദ്ധ്യമായിട്ടുണ്ടോ എന്നു സംശയവുമാണ്. ഏതായാലും ഈ പ്രസിദ്ധീകരണം വാല്മീകിരാമായണം മനസ്സിരുത്തിവായിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുമെങ്കിൽ അതൊരു വലിയ കാര്യമാണല്ലൊ.

## 1. കവിതാമഞ്ജരി
## 2. ബോധനമാലിക

[ഗ്രന്ഥകർത്താ:— ശ്രീമാൻ പുലിയന്നൂർ എസ്സ്. രാമയ്യർ, പാല.]

ഇപ്പോൾ സാധാരണ എഴുത്തുകാർ, വല്ല മാസികകളിലൊ പത്രങ്ങളിലൊ എഴുതുന്ന ലേഖനങ്ങൾ—കൊള്ളാമെങ്കിലും ഇല്ലെങ്കിലും—സമാഹരിച്ചു് "സാഹിത്യവല്ലരി"യെന്നൊ, "കുസുമമഞ്ജരി"യെന്നൊ വല്ലപേ

രും കൊട്ടത്തു ഗ്രന്ഥകൎത്താക്കന്മാരാകാനുള്ള ശ്രമം ചെയ്യുകാണുന്നുണ്ട്. ഇവരുടെ കവനതല്ലജങ്ങൾകൊണ്ടു് ആൎക്കെങ്കിലും ഉപയോഗമുണ്ടോ എന്തോ?

പുലിയന്നൂർ മി. രാമയ്യർ എഴുതീട്ടുള്ള ചെറുകൃതികൾ ചേൎത്തച്ച ടിച്ച മേൽപ്രകാരമുള്ള ഒരു കൃതിയാണു "കവിതാമഞ്ജരി." ഇതിൽ മംഗളംതൊട്ടു ഹിമവാൻവരെ പതിനഞ്ചുവിഷയങ്ങൾ അടങ്ങിയിട്ടുണ്ടു്. ബോധനമാലികയിൽ ഈശ്വരൻതൊട്ടു്, ഓമനയോടു് എന്നുവരെ ഇരുപ ത്തുവിഷയങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിൽ രണ്ടിലും ബാലന്മാർ ധരി ച്ചിരിക്കേണ്ട പല നീതിവാക്യങ്ങളും കാണാം. കവിതാവാസന ഇവയിൽ അങ്ങും ഇങ്ങും കാണുന്നുണ്ടു്. എന്നാൽ ഈ പുസ്തകങ്ങളുടെപോക്കു പാഠ്യ പുസ്തകവ്യവസായത്തിലേക്കാണെന്നു തോന്നുന്നു.

സദ്യശശ്ചന്ദ്രികാ സാരസ്യസഞ്ചയ
വിദ്യുല്ലതികാ സുലളിതാംഗൻ
രാജതരാജ സുനീതിവിശാരദ
രാജഭക്തന്മാരിലഗ്രഗണ്യൻ
ഗാനകളകളകോകിലകാകളീ
കോമളകൈരളീ താരഹാരം
കേരളലാളിത ശേമുഷീബാന്ധവ
കേരളസാഹിത്യചക്രവൎത്തി

എന്നിങ്ങനെ ഉള്ളൂരിനെപ്പററി മഞ്ജരിയിലും

പ്രകൃതിതൻ തൃക്കടാക്ഷാമൃതധാരാവൎഷത്തിനാൽ
വികൃതികളണയാതെ വിരാജിപ്പിച്ചു.

എന്നിങ്ങനെ മലയാളരാജ്യത്തെപ്പററി നതോന്നതയിലും വൎണ്ണിച്ചിരിക്കു ന്നതു സഹൃദയന്മാർ കൊണ്ടാടാതിരിക്കയില്ല. എന്നാൽ ധാരാളം അനു ചിതപ്രയോഗങ്ങളും ഇതിൽ ഇല്ലാതില്ല.

"ഖണ്ഡിതനീചമനസ്സുകളെ" എന്നു ബാലന്മാരെ സംബോധനചെ യ്തിരിക്കയാണു്.

"വഞ്ചീശവംശമഹാരാജൻ നിൎമ്മിച്ച
നെഞ്ചലിയിക്കുമഗ്ഗൎഭപാത്ര"മാക്കിയിരിക്കുന്നു

ഉദയപൎവ്വതം കവിസങ്കല്പസൃഷ്ടിയായിരിക്കെ,

"ഉദയാചലമൊന്നോടെ
യുടയാതെയിരിപ്പതും

നിറയുന്നൊരു മര്യാദാ
നിഴലിൽതന്നെയാണഹൊ"

എന്നീവരികളിലെ ആശയം ബാലന്മാൎക്കും ഗ്രാഹ്യമായിതീരുന്നതെങ്ങിനെ?

ഐകമത്യംപെരുത്തുള്ളോ,
രൈക്യത്തിന്നു നിദാനമാം
ഐശ്വൎയ്യശാലി വൃന്ദത്തി
ന്നൊരാവതി മഹാനദി"

അൎത്ഥംസ്പഷ്ടമല്ല.

വേദവേദ്യൻ ജഗത്തിന്നു
വേരായി വിളങ്ങീടുവോൻ
വേഷമെന്തെന്നു വിജ്ഞൎക്കും
വേദ്യനല്ലാതിരിപ്പവൻ"

ഇതിലെ "വേഷമെന്തെന്നു" ഭംഗിയായില്ല.

"സത്യമെന്നുള്ളിലോൎക്കണം
സത്യമായത്തുരക്കണം"

രണ്ടാമത്തെ വരിയിൽ വരയിട്ടഭാഗം സുഖമല്ല.

"ഈററുനോവൊന്നിനീയമ്മ-
യ്ക്കീജന്മം നന്ദികാട്ടുമൊ?"

മാതൃസ്നേഹം നന്ദിയാണൊ?

"അന്നവസ്ത്രാദി നൽകുന്നൊ-
രച്ഛനിൽ പ്രീതിയാൎന്നുടൻ
അമ്മഹാൻ വന്നുചേരുമ്പോ
ളങ്ങുചെന്നു വണങ്ങണം"

അന്നവസ്ത്രങ്ങൾ നൽകിയില്ലെങ്കിൽ പിതാവിനെ വന്ദിക്കേണ്ടയൊ?

"രാജാവില്ലാതിരുന്നീടിൽ
രാജ്യവാസികളാകവേ
രാമരാവണയുദ്ധംതാൻ
രാവും പകലുമാൎന്നിടും"

ഇക്കാലത്തു് ഈ അഭിപ്രായം എത്രത്തോളം സാധുവാണെന്നു സംശയമുണ്ട്. ഇങ്ങനെ ഒട്ടേറെ അഭംഗികൾ ഇവയിൽ കാണുന്നു. ഏതായാലും മി. രാമയ്യർ പ്രോത്സാഹനാൎഹനായ ഒരു പരിശ്രമിയാണെന്നുള്ളതിന്നു സംശയമില്ല.

# തിരുവിതാംകൂറിലെ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ

മി: സ്റ്റേതാം വിദ്യാഭ്യാസമേലദ്ധ്യക്ഷസ്ഥാനം വിട്ടൊഴിഞ്ഞുപോയപ്പോൾ തൽസ്ഥാനത്തേക്കു മി. സി. വി. ചന്ദ്രശേഖരൻ നിയമിതനായിരിക്കയാണല്ലൊ. ഇദ്ദേഹം മി: സ്റ്റേതാമിനുമുമ്പു തന്നെ കുറെക്കാലം ഇവിടെ ആക്ടിംഗ് ഡയറക്ടർഉദ്യോഗം വഹിച്ചിരുന്നു. എന്നാൽ വിദ്യാഭ്യാസഡയറക്ടരായി മൈസൂരിൽനിന്നും ഒരു പ്രഫ്സർ ആയ മി: വാഡിയായെ വരുത്തുന്നുവെന്ന് ഒരു ബലമായ ശ്രുതി ഇവിടെ പരത്തിയിരുന്നു. ഇവിടത്തെ വിദ്യാഭ്യാസഡയറക്ടർസ്ഥാനത്തിന് ഇവിടത്തെ സ്ഥിതിഗതികളെപ്പററിയും നാട്ടുകാരെപ്പററിയും പരിചയമുള്ളയാളെ—നിവൃത്തിയുള്ളിടത്തോളം ഒരു നാട്ടുകാരനെ--ത്തന്നെ—നിയമിയ്ക്കണമെന്നു ഞങ്ങൾ ഇതിനുമുമ്പു പലകുറി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഏകദേശം ഈ തരത്തിലുള്ള ഒരഭിപ്രായം ഇവിടത്തെ നിയമസഭയും പൊതുജനജിഹ്വകളും രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇവിടത്തെ സ്ഥിതിഗതികളെപ്പററി യാതൊരു വിവരവുമില്ലാത്ത വിദേശികളേയും "വെള്ളാന"കളേയും ഇവിടത്തെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതുകൊണ്ടു ധാരാളം പരാജയം സംഭവിക്കാറുണ്ടെന്നുള്ളതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും.

ഇപ്പോൾ ഡയറക്ടർ ആയിരിക്കുന്ന മി: ചന്ദ്രശേഖരൻ 1914-ൽ മഹാരാജാസ്കാളേജിലെ ഒരു പ്രഫ്സറായി ഇവിടത്തെ ഉദ്യോഗത്തിൽ പ്രവേശിച്ചയാളാണ്. 1928-ൽ അദ്ദേഹം ആർട്ട്സ്കാളേജിൻേറയും ട്രെയിനിംഗ്കാളേജിൻേറയും പ്രിൻസിപ്പാലായി ഉയർത്തപ്പെട്ടു. പിന്നീടു കുറെക്കാലം അദ്ദേഹം സൈൻസ്കാളേജിൻെറ പ്രിൻസിപ്പാലായും ജോലി നോക്കിയിട്ടുണ്ട്. ഇതിനിടയിൽ മി: സ്റ്റേതാമിൻെറ ഡയറക്ടർ ഉദ്യോഗകാലത്ത് അദ്ദേഹം സ്വല്പകാലം ഡെപ്യൂട്ടിഡയറക്ടർ ഉദ്യോഗവും വഹിച്ചിരുന്നു. ഈ വിവിധനിലകളിലെല്ലാം മി: ചന്ദ്രശേഖരൻ സവിശേഷം ശോഭിച്ചിട്ടുണ്ട്. സമർത്ഥനും, വിദ്യാഭ്യാസകാര്യങ്ങളിൽ നിപുണനും ചിരപരിചയംകൊണ്ടു നാട്ടുകാരെപ്പററിയും ഇവിടത്തെ കാര്യങ്ങളെപ്പററിയും സാമാന്യം വിവരമുള്ളയാളുമായ മി: ചന്ദ്രശേഖരനെത്തന്നെ ഇവിടത്തെ ഡയറക്ടർസ്ഥാനത്തു സ്ഥിരപ്പെടുത്തുന്നതു തൽക്കാലം നന്നായിരിക്കുമെന്നു തോന്നുന്നു.